# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 24, തിങ്കൾ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## [ആകെ ചോദ്യങ്ങൾ--336]

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| മുഖ്യമന്ത്രി | : 5420 മുതൽ 5542 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 5543 മുതൽ 5645 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 5646 മുതൽ 5680 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 5681 മുതൽ 5755 വരെ |

### കോടതി വ്യവഹാരങ്ങൾ അതിവേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി

5420 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുന്ന കോടതി വ്യവഹാരങ്ങൾ അതിവേഗത്തിൽ തീർപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ട് വികസന പ്രവർത്തനങ്ങൾ കാലങ്ങളായി തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

5421 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പി.എസ്.സി വഴി നടത്തിയ നിയമനങ്ങൾ എത്രയെന്ന് വർഷം തിരിച്ച് അറിയിക്കാമോ;

(ബി) 2011 മുതൽ 2016 വരെ പി.എസ്.സി വഴി നടത്തിയ നിയമനങ്ങൾ എത്രയെന്ന് വിശദമാക്കാമോ?

## <u>സംസ്ഥാനത്തിന് ലഭിച്ച അംഗീകാരങ്ങൾ</u>

5422 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് 2016 മുതൽ 2021 വരെ ദേശീയ-അന്തർദേശീയ തലത്തിൽ വിവിധ മേഖലകളിൽ എന്തെല്ലാം പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തുടർച്ചയായി അംഗീകാരങ്ങൾ ലഭിച്ചത് ഏതെല്ലാം മേഖലകളിൽ ഏതെല്ലാം വർഷങ്ങളിലാണെന്ന് വ്യക്തമാക്കുമോ?

## <u>സ്വകാര്യ ബാങ്കുകളുടെ ഹൗസിംഗ് ലോണുകൾ</u>

5423 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബാങ്കുകൾ ഉയർന്ന പലിശയ്ക്ക് ഹൗസിംഗ് ലോണുകൾ സാധാരണക്കാർക്ക് നൽകുകയും, തിരിച്ചടവ് മുടങ്ങുമ്പോൾ കോടതി ഉത്തരവുമായി എത്തി വീട് ജപ്തി ചെയ്യുന്നത് പതിവാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്വകാര്യ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് നിലവിൽ സംസ്ഥാനത്ത് എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ കുടിയിറക്കപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>മന്ത്രിസഭാ തീരുമാനങ്ങൾ</u>

5424 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ എത്ര മന്ത്രിസഭാ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട് എന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര തീരുമാനങ്ങളാണ് ധനവകുപ്പിന്റെ അഭിപ്രായം മറികടന്ന് എടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് ഏതെങ്കിലും വകുപ്പുകളിൽ ശമ്പളം ഉയർത്തി നൽകുന്നതുമായി ബന്ധപ്പെട്ട് ധനവകുപ്പിന്റെ അഭിപ്രായം മറികടന്നു എടുത്ത മന്ത്രിസഭാ തീരുമാനങ്ങളുടെ പകർപ്പുകളും ധനവകുപ്പിന്റെ പ്രസ്തുത അഭിപ്രായവും ലഭ്യമാക്കാമോ?

## <u>മന്ത്രിമാർക്ക് യാത്ര ചെയ്യുന്നതിനുവേണ്ടി പുതിയ കാറുകൾ</u>

5425 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മന്ത്രിമാർക്ക് യാത്ര ചെയ്യുന്നതിനുവേണ്ടി പുതിയ കാറുകൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മന്ത്രിമാർക്ക് വേണ്ടിയാണ് വാഹനങ്ങൾ വാങ്ങിച്ചതെന്നും ഓരോ വാഹനത്തിനും ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ മന്ത്രിമാർക്ക് വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മന്ത്രിമാർക്ക്, എത്ര തവണ വാഹനങ്ങൾ മാറ്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇങ്ങനെ വാഹനങ്ങൾ മാറ്റി നൽകാൻ ഉണ്ടായ സാഹചര്യം എന്താണെന്ന് അറിയിക്കുമോ?

## മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകളുടെ നിയമനം

5426 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഒക്ടോബർ 1 ന് ശേഷം വിവിധ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫുകളിലേക്ക് നിയമിക്കപ്പെട്ടിട്ടുള്ള മുഴുവൻ ജീവനക്കാരുടേയും പേര്, തസ്തിക, വിലാസം, ശമ്പള സ്കെയിൽ എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) മന്ത്രിമാരുടെ ഓഫീസുകളിൽ പേഴ്സണൽ സാറ്റാഫുകൾക്ക് പുറമെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലും മറ്റ് സേവന ക്രമീകരണങ്ങളിലൂടെയും പ്രവർത്തിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ പേര്, ഓഫീസ് എന്നിവ അടക്കമുള്ള വിശദാംശം നൽകുമോ?

## പൊതുഭരണ വകുപ്പിലെ അധിക തസ്തികകൾ

5427 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റ് മുതൽ സ്പെഷ്യൽ സെക്രട്ടറി വരെ ഓരോ വിഭാഗത്തിലും അധിക തസ്തികകൾ ഉള്ളതായി ഈ സർക്കാരിന്റെ കാലത്ത് എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തസ്തികകൾ എത്ര വീതം അധികമുള്ളതായാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പുതുതായി സൃഷ്ടിച്ച തസ്തികകൾ

5428 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര തസ്തികകൾ ആണ് പുതുതായി സൃഷ്ടിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെ വകുപ്പുകളിൽ ആണെന്നും വിശദമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം

5429 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഓൺലൈൻ സ്ഥലംമാറ്റം ഇനിയും നടപ്പിലാക്കാത്ത എത്ര ഡിപ്പാർട്ട്മെന്റുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) ഓൺലൈൻ സ്ഥലംമാറ്റം ഇനിയും നടപ്പിലാക്കാത്ത വകുപ്പുകളിൽ ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>പബ്ലിക് സർവീസ് കമ്മീഷൻ ചെയർമാന്റെ ശമ്പളവും അലവൻസുകളും</u>**

5430 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പബ്ലിക് സർവീസ് കമ്മീഷൻ നാളിതുവരെ ശമ്പളവും മറ്റലവൻസുകളും യാത്രാബത്തകളും ഉൾപ്പെടെ അനുവദിച്ചിട്ടുള്ള മുഴുവൻ സാമ്പത്തിക ആനുകൂല്യങ്ങളുടെയും മാസം തോറുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ചെയർമാന് ഔദ്യോഗിക വസതി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ഔദ്യോഗിക കാലയളവിൽ നാളിതുവരെ എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ; ഔദ്യോഗിക വസതി അനുവദിച്ചിട്ടില്ലെങ്കിൽ അദ്ദേഹത്തിന് എച്ച്.ആർ.എ. ഇനത്തിൽ നാളിതുവരെ അനുവദിച്ച തുകയുടെ മാസം തോറുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) അദ്ദേഹത്തിന് അനുവദിച്ച നൽകിയിട്ടുള്ള മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന്റെ ഓഫീസിൽ ചായ സൽക്കാരം നടത്തിയ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച വ്യക്തമാക്കുമോ;

(ഡി) അദ്ദേഹത്തിന് അനുവദിച്ചിട്ടുള്ള ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>സെക്രട്ടേറിയറ്റിലെ അധിക തസ്തികകൾ</u>**

5431 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിലവിൽ അനുവദിക്കപ്പെട്ടതിനേക്കാൾ അധികം തസ്തികയിൽ ഉദ്യോഗസ്ഥരുണ്ടെന്ന എ.ജി.യുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിയമം, പൊതുഭരണം, ധനകാര്യം എന്നീ വകുപ്പുകളിൽ ഇത്തരത്തിൽ എത്ര അധിക തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡർ മുതൽ സ്പെഷ്യൽ സെക്രട്ടറി വരെയുള്ള വിവിധ തസ്തികകളിൽ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണെന്നും നിലവിൽ എത്ര പേർ അധികമായി ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകളിൽ അന്യത്ര സേവന വ്യവസ്ഥയിൽ പോകുന്ന ഉദ്യോഗസ്ഥർക്ക് പകരം ജൂനിയറായ അടുത്ത ഉദ്യോഗസ്ഥന് പ്രമോഷൻ നൽകാറുണ്ടോ; അന്യത്ര സേവന വ്യവസ്ഥയിൽ പോയ ഉദ്യോഗസ്ഥൻ തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ പ്രൊമോഷൻ ലഭിച്ച ജൂനിയർ ഉദ്യോഗസ്ഥനെ റിവേർട്ട് ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ റിവേർട്ട് ആവാതിരിക്കാനായി എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥ പുനർ വിന്യാസം സംബന്ധിച്ച് പഠനം നടത്തിയ സെന്തിൽ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; കമ്മീഷന്റെ റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; കമ്മീഷന്റെ ചെലവുകൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചുള്ള കണക്കുകൾ സഹിതം ലഭ്യമാക്കാമോ?

## വിവിധ വകുപ്പുകളിൽ സ്ഥിരപ്പെടുത്തിയ താല്ക്കാലിക ജീവനക്കാരുടെ വിശദാംശങ്ങൾ

5432 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ വകുപ്പുകളിലായി ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാരിൽ എത്ര പേരെയാണ് സ്ഥിരപ്പെടുത്തിയത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കാമോ;

(സി) ഓരോ വകുപ്പിലും എത്ര പേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്താൻ നടപടി

5433 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജ് ഓഫീസിൽ 33 വർഷമായി കാഷ്വൽ സ്വീപ്പർ ആയി ജോലി ചെയ്തു വരുന്ന ദേവകി, കൊടിയേടത്ത് വീട്, കാടാമ്പുഴ എന്നയാളെ പ്രസ്തുത തസ്തികയിൽ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

## അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസുകൾ തീർപ്പാക്കുന്നതിന് അനുകൂലമായ നടപടി

5434 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഒ.എ. 1295/2023, ഒ.എ. 1435/2024 നമ്പർ കേസുകൾ നില നിൽക്കുന്നതിനാൽ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ ടൈപ്പിസ്റ്റ് മാർക്ക് ലഭിക്കേണ്ട സ്ഥാനക്കയറ്റവും, ടെക്നിക്കൽ കേഡർ തസ്തികയിലേക്ക് അർഹതപ്പെട്ട മാറ്റവും നടക്കുന്നില്ല എന്നതിനാൽ പ്രസ്തുത കേസുകൾ സമയബന്ധിതമായി വേഗത്തിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഫയലുകളുടെ നീക്കം ത്വരിത ഗതിയിൽ ആക്കാൻ നടപടി

5435 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**

**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ ഫയലുകളുടെ നീക്കം ത്വരിത ഗതിയിൽ ആക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ബി) സർക്കാരിന് ലഭിക്കുന്ന ഒരു അപേക്ഷയിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം എടുക്കുന്നതിന് ഓഫീസ് മാനുവലുകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(സി) ഫയലുകൾ തീർപ്പു കൽപ്പിക്കാതെ ബോധപൂർവ്വം കൈവശം വച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>റീ എംപ്ലോയ്മെന്റ്</u>

5436 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മുതൽ നാളിതുവരെ സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ച ശേഷവും വിവിധ സർക്കാർ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മിഷനുകൾ എന്നിവിടങ്ങളിൽ കരാർ, റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം ലഭിച്ചിട്ടുള്ളവരുടെ വിവരവും അവർക്ക് നൽകിയിട്ടുള്ള വേതനം, മറ്റു അലവൻസുകൾ എന്നിവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലഘട്ടത്തിൽ സർവ്വീസിൽ നിന്നും വിരമിച്ച ഐ.എ.എസ്., ഐ.പി.എസ്. കേഡറിലുള്ള എത്ര ഉദ്യോഗസ്ഥർക്ക് റീ-എംപ്ലോയ്മെന്റ് വ്യവസ്ഥയിൽ നിയമനം നൽകിയിട്ടുണ്ട്; അവരെ നിയമിച്ചിരിക്കുന്ന തസ്തിക, ഓഫീസ്, ശമ്പളം, മറ്റു ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) മേൽ സൂചിപ്പിച്ച വകയിൽ പ്രതിവർഷം എത്ര രൂപയാണ് ഖജനാവിൽ നിന്നും ചെലവാകുന്നതെന്ന് വ്യക്തമാക്കാമോ?

## <u>പി.എസ്.സി. റാങ്ക് പട്ടികയിലെ എൻ.സി.എ. ഒഴിവുകൾ</u>

5437 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. റാങ്ക് പട്ടികകളിൽ പട്ടികവർഗ്ഗ വിഭാഗക്കാരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉടലെടുത്തതും ഇതര സമുദായങ്ങൾക്ക് ഊഴം നൽകി കൊടുത്തിട്ടുള്ളതും എന്നാൽ നാളിതുവരെ പട്ടികവർഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് തിരികെ നൽകാൻ കഴിയാത്തതുമായ എൻ.സി.എ. ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ അവ എത്രയെണ്ണം ഉണ്ടെന്നും ഏതൊക്കെ തസ്തികകളിലാണെന്നും വിശദമാക്കുമോ?

## <u>സേവനാവകാശ നിയമം</u>

5438 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമത്തിന്റെ പരിപാലനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സേവനാവകാശ നിയമം ഇനി ഏതെല്ലാം സർക്കാർ വകുപ്പുകളിലാണ് നടപ്പിലാക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത നിയമം നടപ്പിലാക്കിയതുവഴി പൊതുജനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയെന്ന് വ്യക്തമാക്കാമോ?

## കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പി.ആർ.ഒ.

5439 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പി.ആർ.ഒ. തസ്തികയിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥരുടെ യോഗ്യതകൾ എന്തൊക്കെയാണ് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരുടെ ചുമതലകൾ എന്തൊക്കെയാണ്; ചുമതലകൾ നിറവേറ്റുന്നതിന് അനുസൃതമായ യോഗ്യതകൾ ആണോ ഈ തസ്തികയിൽ നിശ്ചയിച്ചിട്ടുള്ളത്; അല്ലെങ്കിൽ ഇവർക്ക് പ്രസ്തുത ചുമതലകൾ നിറവേറ്റുന്നതിന് എന്തെങ്കിലും പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പി.ആർ.ഒ. തസ്തികയിൽ നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും തസ്തികയും കാലയളവും വിദ്യാഭ്യാസ യോഗ്യതയും വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്ക് ഈ തസ്തികയിൽ ജോലി ചെയ്യുന്നതിനായി നൽകിയിട്ടുള്ള പരിശീലനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ വകുപ്പുതലത്തിൽ എന്തെങ്കിലും ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞവരിൽ ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ ഉദ്യോഗാർത്ഥികളുടെയോ റാങ്ക് ഹോൾഡേഴ്സ് അസോസിയേഷനുകളുടെയോ പൊതുജനങ്ങളുടെയോ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം പരാതികളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ചെലവായ തുക

5440 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് ചെലവായ തുക തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ ജില്ലയിലും ചെലവായ തുക എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സംഭാവന എന്നിവ ഉൾപ്പടെ ആകെ എത്ര തുക ലഭിച്ചിട്ടുണ്ട്; ഇനം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ നിയോജകമണ്ഡലത്തിലെയും ചെലവ് പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ; ആകെ

ചെലവ് ഏതെല്ലാം ഇനങ്ങളിലാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

## മുള്ളി പാത തുറക്കുവാൻ നടപടി

5441 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ നിന്നും മുള്ളിവഴി തമിഴ് നാട്ടിലെ ഊട്ടിയിലേക്ക് പോകുന്ന അന്തർ സംസ്ഥാന പാത തമിഴ് നാട് അടച്ചത് മൂലം വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ള യാത്രക്കാർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാതയിലെ യാത്ര തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പെട്രോനെറ്റ് എൽ.എൻ.ജി.യുടെ സ്ഥലം

5442 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോനെറ്റ് എൽ.എൻ.ജി സ്ഥിതിചെയ്യുന്ന സ്ഥലം എന്ന പരിഗണന നൽകി വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ സർവ്വേ നടത്തി സി.എൻ.ജി പമ്പുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്നും സി.എൻ.ജി. പമ്പുകൾ പ്രസ്തുത സ്ഥലത്ത് എന്ന് സ്ഥാപിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

## ഡൽഹിയിൽ കേരളത്തിന്റെ പ്രത്യേക പ്രതിനിധി

5443 **ശ്രീ. എൻ. ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിൽ കേരളത്തിന്റെ പ്രത്യേക പ്രതിനിധിയായി കെ.വി. തോമസിനെ നിയമിച്ചത് എന്നാണെന്നും ഇദ്ദേഹത്തിന് നിർണ്ണയിച്ച് നൽകിയിട്ടുള്ള ജോലി എന്താണെന്നും വ്യക്തമാക്കുമോ;

(ബി) പ്രത്യേക പ്രതിനിധിയുടെ ഇടപെടലിലൂടെ സംസ്ഥാനത്തിന് ലഭിച്ച നേട്ടങ്ങൾ വിശദമാക്കുമോ;

(സി) പ്രത്യേക പ്രതിനിധിയ്ക്ക് നൽകുന്ന ശമ്പളം, യാത്രാബത്ത, അലവൻസുകൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; ഇതിനായി നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ;

(ഡി) ഡൽഹിയിൽ കേരളത്തിലെ നിരവധി എം.പി. മാരും ഐ.എ.എസ്. പദവിയിലുള്ള റസിഡന്റ് കമ്മീഷണറും ഉണ്ടായിരിക്കെ ഇത്തരത്തിൽ ഒരു പ്രത്യേക പ്രതിനിധിയെ നിയമിച്ച് സംസ്ഥാന ഖജനാവിന് നഷ്ടം വരുന്നത് ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## തമിഴ് ഭാഷാ ന്യൂനപക്ഷങ്ങളുടെ പുരോഗതി

5444 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലഘട്ടം മുതൽ നാളിതുവരെ തമിഴ് ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ പുരോഗതിക്കും അവകാശ സംരക്ഷണത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ട സർക്കാർ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റ നിയമനങ്ങൾ തമിഴ് ഭാഷ ന്യൂനപക്ഷ പ്രദേശങ്ങളിൽ തന്നെ ആയിരിക്കണം എന്ന് വ്യവസ്ഥ ചെയ്യുന്ന ഉത്തരവുകൾ എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ടൈപ്പിസ്റ്റുമാരുടെ വിഷയവുമായി ബന്ധപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലെ കേസുകൾ</u>

5445 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികസ്ഥിതി വിവരക്കണക്ക് വകുപ്പ് ടൈപ്പിസ്റ്റുമാരുടെ വിഷയവുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ സർക്കാർ എതിർകക്ഷിയായി ഉൾപ്പെട്ടിട്ടുള്ള ഒ.എ. 1295/2023, ഒ.എ. 1435/2024 എന്നീ നമ്പർ കേസുകളിൽ ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികളും കേസുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## <u>ആലപ്പുഴ ജില്ലയിൽ റീബിൽഡ് കേരള മുഖേനയുള്ള പദ്ധതികൾ</u>

5446 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം റീബിൽഡ് കേരള പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പദ്ധതികൾ അനുവദിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൻ കീഴിൽ 2025-26 വർഷത്തിൽ പുതിയ പ്രവൃത്തികൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ആലപ്പുഴ ജില്ലയിൽ റീബിൽഡ് കേരളയിൽ (ആർ.കെ.ഐ) അനുവദിച്ച പള്ളിപ്പാട്-ആഞ്ഞിലിമൂട്-സുധീഷ് ഭവനം റോഡ് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനും പ്രവൃത്തി ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>വാലിഡേഷൻ ഓഫ് അഗ്രിക്കൾച്ചർ ഡാറ്റാ ബാങ്ക് പദ്ധതി</u>

5447 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ഇ.സി. നടപ്പിലാക്കുന്ന വാലിഡേഷൻ ഓഫ് അഗ്രിക്കൾച്ചർ ഡാറ്റാ ബാങ്ക് പദ്ധതിയിൽ ആകെ എത്ര കൃഷിഭവനുകളുടെ ഡാറ്റാ ബാങ്കുകളാണ് വാലിഡേറ്റ് ചെയ്യാനുള്ളത്;

(ബി) നാളിതുവരെ എത്ര കൃഷിഭവനുകളുടെ ഡാറ്റാ ബാങ്ക് വാലിഡേഷൻ പ്രവൃത്തി പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയാണ് കെ.എസ്.ആർ.ഇ.സി.-ക്ക് ലഭ്യമായത്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഇ) നാളിതുവരെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 അനുസരിച്ച് എത്ര അപേക്ഷകൾ കെ.എസ്.ആർ.ഇ.സി.-ൽ തീർപ്പാക്കാതെ ഉണ്ടെന്നും ഇവ എന്നത്തേക്ക് തീർപ്പാക്കാനാകുമെന്നും വ്യക്തമാക്കാമോ?

## <u>കുട്ടനാട് പാക്കേജ്</u>

5448 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാടിന്റെ ശോചനീയാവസ്ഥ മനസ്സിലാക്കി രണ്ടാം കുട്ടനാട് പാക്കേജ് കാര്യക്ഷമമായി നടപ്പാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ പ്രത്യേക മോണിറ്ററിങ് സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## <u>കേരള റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ</u>

5449 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ -ന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിൽ സാറ്റലൈറ്റ് സർവ്വേ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നിലവിൽ എത്ര അപേക്ഷകളുണ്ട്; അവയുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; പ്രസ്തുത അപേക്ഷകൾ സമയബന്ധിതമായി പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ അപേക്ഷകളുടെ ഫയൽ സ്റ്റാറ്റസ് അപേക്ഷകർക്ക് ഓൺലൈനായി ലഭിക്കുവാൻ നിലവിൽ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ജില്ലാടിസ്ഥാനത്തിൽ വിവരങ്ങൾ ലഭിക്കുന്നതിന് സെക്ഷൻ തിരിച്ച് ടെലിഫോൺ നമ്പറുകൾ ഉണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ നവകേരള സദസ്സ് പ്രവൃത്തികൾ</u>

5450 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരളസദസ്സുമായി ബന്ധപ്പെട്ട് മണ്ഡലങ്ങളിൽ പുതിയ പ്രവൃത്തികൾ/ പദ്ധതികൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;;

(ബി) എങ്കിൽ എത്ര രൂപയുടെ എത്ര പദ്ധതികളാണ് ഒരു മണ്ഡലത്തിൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതികൾ/പ്രവൃത്തികൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും മുഴുവൻ മണ്ഡലങ്ങളിലെയും പ്രവൃത്തികളെ കുറിച്ച് ധാരണ ആയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇതിനുള്ള ഭരണാനുമതി എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ;;

(ഇ) നവകേരള സദസ്സുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകുന്നതിന് വേണ്ടി കാസർഗോഡ് ജില്ലയിൽ നിന്ന് തിരഞ്ഞെടുത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## <u>ചേലക്കര മണ്ഡലത്തിലെ നവകേരള സദസ്സ് പ്രവൃത്തികൾ</u>

5451 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജക മണ്ഡലത്തിൽ നവ കേരള സദസ്സിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; ഇവയുടെ വിശദാംശം നൽകാമോ;

(ബി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നൽകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി</u>

5452 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിക്കുവേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

## <u>മലിനീകരണ നിയന്ത്രണ ബോർഡിലെ ജീവനക്കാരുടെ സ്ഥിതിയും പുതിയ തസ്തികകളുടെ സൃഷ്ടിയും</u>

5453 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ നിലവിൽ എത്ര പോസ്റ്റ് ഗ്രാജ്വേറ്റ് സയന്റിഫിക് അപ്രന്റീസുമാർ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ ഓഫീസ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബോർഡിൽ സയന്റിഫിക് വിഭാഗത്തിലും ടെക്നിക്കൽ വിഭാഗത്തിലും അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലും എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; തസ്തിക തിരിച്ച് വിശദാംശം നൽകുമോ;

(സി) 2014-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ ഐ.എം.ജി. നടത്തിയ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകളും

അസിസ്റ്റന്റ് എൻജിനീയർ തസ്തികകളും അധികമായി സൃഷ്ടിക്കണമെന്ന് ശിപാർശ ചെയ്തതിനെ തുടർന്ന് നാളിതുവരെ എത്ര തസ്തികകൾ വീതം പുതിയതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ; ഓരോ തവണയും തസ്തിക സൃഷ്ടിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## ഫ്ലാറ്റ് സമുച്ചയത്തിലെ മാലിന്യം ഓടയിൽ ഒഴുക്കുന്നതിനെതിരെ നടപടി

5454 **ശ്രീ. മാണി. സി. കാപ്പൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ചെറുവയ്ക്കൽ വില്ലേജിൽ ശ്രീകാര്യം ലയോള കോളേജിന് സമീപമുള്ള ഫ്ലാറ്റ് സമുച്ചയത്തിൽ നിന്നും കോർപ്പറേഷന്റെ ഓടയിലേയ്ക്ക് മലിനജലം ഒഴുക്കുന്നതുമായി ബന്ധപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ 11.03.2024-ൽ 276-ാം നമ്പറായി ശ്രീ. ഗോപകുമാർ. സി.പി., അപ്പാർട്ട്മെന്റ് നമ്പർ-4 ഡി, ഷാന്തൂർ നളന്ദ, ശ്രീകാര്യം ലയോള കോളേജിന് സമീപം, തിരുവനന്തപുരം സമർപ്പിച്ച പരാതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് 06.10.2024-ൽ മാതൃഭൂമി ദിനപത്രത്തിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## പി.എസ്.സി. നിയമനത്തിലെ സംവരണം

5455 **ശ്രീ. പി. ടി. എ. റഹീം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നിയമനത്തിന് തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ ഓരോ സംവരണ സമുദായത്തിനും നൽകുന്ന ടേൺ ഏത് രീതിയിലാണ് ക്രമീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷി വിഭാഗത്തിന് നിലവിൽ എത്ര ശതമാനം സംവരണമാണുള്ളത്; ഇത് എന്ന് മുതലാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതൊക്കെ വിഭാഗത്തിന് എത്ര ശതമാനം വീതമാണ് സംവരണമായി നൽകുന്നത്; വ്യക്തമാക്കുമോ;

(ഡി) മുന്നോക്ക വിഭാഗത്തിന് നൽകുന്ന സംവരണം എത്ര ശതമാനമാണ്; വ്യക്തമാക്കുമോ;

(ഇ) ഭിന്നശേഷി സംവരണം, മുന്നോക്ക സംവരണം എന്നിവ മൂലം നേരത്തെ നിലവിലുള്ള ഏതെങ്കിലും വിഭാഗത്തിന് ലഭ്യമാകേണ്ട നിയമനങ്ങളിൽ കുറവ് വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പാലക്കാട് ജില്ലയിലെ പി.എസ്.സി. നിയമനം

5456 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പി.എസ്.സി. മുഖേന എത്രപേർക്ക് നിയമനം നൽകിയെന്ന് വകുപ്പ്, തസ്തിക എന്നിവ തിരിച്ച്

അറിയിക്കാമോ?

**ക്ലാർക്ക്/എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ ബൈ ട്രാൻസ്ഫർ പ്രമോഷന്റെ നിരീക്ഷണകാലം**

5457 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉള്ള (സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെയുള്ള) ജീവനക്കാർക്ക് ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് ആയി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നുമുള്ള 03-01-2014-ലെ സ.ഉ.(പി) നം.1/2014/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ പ്രമോഷനുകൾ അനുവദിക്കുമ്പോൾ പുതിയ തസ്തികയിലെ അവരുടെ നിരീക്ഷണകാലം ഒരു വർഷമാണോ രണ്ട് വർഷമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ പ്രകാരം ബൈ ട്രാൻസ്ഫർ പ്രമോഷനുകൾ ലഭിച്ച ജീവനക്കാരുടെ കാര്യത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നുമുള്ള 27-12-2018-ലെ സ.ഉ.(അച്ചടി) നമ്പർ 17/2018/ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിലെ ഖണ്ഡിക 4 (v) പ്രകാരം നിരീക്ഷണകാലം ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ മേൽപ്പറഞ്ഞ വിഭാഗം ജീവനക്കാരുടെ നിരീക്ഷണകാലം എപ്രകാരമാണെന്ന് വിശദീകരിക്കാമോ;

(സി) ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉള്ള (സബോർഡിനേറ്റ് സർവീസിലെ താഴ്ന്ന ശമ്പള സ്കെയിലിൽ ഉള്ള ജീവനക്കാർ ഉൾപ്പെടെയുള്ള) ജീവനക്കാർക്ക് ക്ലാർക്ക്/എൽ.ഡി. ടൈപ്പിസ്റ്റ് ആയി ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിൽ നിന്നുമുള്ള 03-01-2014-ലെ സ.ഉ. (പി) നം.1/2014/ ഉ.ഭ.പ.വ എന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാതൃവകുപ്പിൽ തന്നെ സ്ഥാനക്കയറ്റം നൽകുമ്പോൾ ആയത് പ്രമോഷൻ ആണോ ബൈ ട്രാൻസ്ഫർ പ്രമോഷൻ ആണോ എന്ന് വ്യക്തമാക്കാമോ?

**വനിതാ എക്സൈസ് ഓഫീസർ തസ്തികയിലെ നിയമനം**

5458 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് ഓഫീസർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്; വ്യക്തമാക്കുമോ;

(ബി) ആകെ എത്ര പേരുടെ ലിസ്റ്റ് ആണ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ളത്;

(സി) ഇതിൽ എത്രപേർക്കാണ് നാളിതുവരെ നിയമനം നൽകിയിട്ടുള്ളത്; ഈ ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും കണ്ണൂർ, പത്തനംതിട്ട ജില്ലകളിലേക്കുള്ള ഒരു നിയമനം പോലും നടന്നിട്ടില്ല എന്നത് പരിശോധിക്കുകയുണ്ടായോ; പ്രസ്തുത ജില്ലകളിൽ ഏറ്റവും ഒടുവിൽ നിയമനം നടന്നത് എന്നാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത ജില്ലകളിൽ നിയമനം നടക്കാതിരിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(എഫ്) നിലവിലെ ലിസ്റ്റിൽ നിന്നും പരമാവധി ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## പാലക്കാട് ജില്ലയിൽ പി.എസ്.സി. നൽകിയ നിയമന ശിപാർശകൾ

5459 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പാലക്കാട് ജില്ലയിൽ വിവിധ വകുപ്പുകളിലായി പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ റാങ്ക് ലിസ്റ്റ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളിലാണ് ഇനിയും നിയമന ശിപാർശകൾ നൽകാൻ ബാക്കിയുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## മലപ്പുറം ജില്ലയിലെ എൽ.ജി.എസ്. നിയമനം

5460 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ നിലവിലുള്ള എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികൾക്കാണ് നിയമന ശിപാർശ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതിന് മുമ്പ് (2025 ജൂലൈ 17) വിവിധ വകുപ്പുകളിൽ നിന്ന് എത്ര റിട്ടയർമെന്റ്, പ്രമോഷൻ വേക്കൻസികളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ജീവനക്കാരുടെ പുനർവിന്യാസം

5461 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 20 വർഷക്കാലയളവിൽ (2005-ന് ശേഷം) സംസ്ഥാനത്ത് ഏതെങ്കിലും വകുപ്പിലെ ജീവനക്കാരെ മറ്റൊരു വകുപ്പിലേക്ക് അബ്സോർബ് ചെയ്യുകയോ പുനർവിന്യാസം നടത്തുകയോ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; പ്രസ്തുത വിഷയം സംബന്ധിച്ച് കോടതി കേസുകൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒരു വകുപ്പിലെ ജീവനക്കാരെ മറ്റൊരു വകുപ്പിലേക്ക് അബ്സോർബ് ചെയ്യുകയോ പുനർവിന്യാസം നടത്തുകയോ ചെയ്യുന്ന സംഗതികളിൽ ജീവനക്കാരുടെ സീനിയോറിറ്റി സംരക്ഷിക്കുന്നതിനുള്ള ചട്ടങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) ഒരു വകുപ്പിലെ ജീവനക്കാരെ മറ്റൊരു വകുപ്പിലേക്ക് അബ്സോർബ് ചെയ്യുകയോ പുനർവിന്യാസം നടത്തുകയോ ചെയ്യുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളും നിലവിലുള്ള ചട്ടങ്ങളും വ്യക്തമാക്കാമോ;

(ഡി) ഇപ്രകാരം ജീവനക്കാരെ അബ്സോർബ് ചെയ്യുകയോ പുനർവിന്യാസം നടത്തുകയോ ചെയ്യുമ്പോൾ വകുപ്പിന്റെ ബന്ധപ്പെട്ട ഭരണ വകുപ്പിലേക്ക്

പരിഗണിക്കുന്നതിന് വ്യവസ്ഥ ഉണ്ടോ; ഇത് സംബന്ധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ ആലോചിക്കുന്നുണ്ടോ?

## <u>ക്ലർക്ക് ടൈപ്പിസ്റ്റ് തസ്തികയിലെ എൻട്രി കേഡർ നിയമനം</u>

5462 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലർക്ക് തസ്തികയിൽ എൻട്രി കേഡറിൽ ജോലിയിൽ പ്രവേശിക്കുന്ന ഒരാൾ ആറു മാസത്തിനകം കാറ്റഗറി മാറ്റത്തിനുള്ള അപേക്ഷ നൽകേണ്ടതുണ്ടോ;

(ബി) അപേക്ഷ പ്രകാരം അഞ്ചു വർഷത്തിനകം പ്രസ്തുത വ്യക്തിയെ ക്ലർക്ക് തസ്തികയിലേക്കോ ടൈപ്പിസ്റ്റ് തസ്തികയിലേക്കോ മാറ്റേണ്ടതല്ലേ; വിശദമാക്കുമോ;

(സി) നിലവിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നവർ അഞ്ചു വർഷം തികഞ്ഞിട്ടും ഇതേ തസ്തികയിൽ തുടരുന്നത് കാരണം എൻട്രി കേഡറിൽ പുതിയ നിയമനങ്ങൾ നടക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് ഒഴിവുകൾ നികത്താൻ നിർദേശം നൽകുമോ;

(ഇ) ഖാദർ കമ്മിറ്റി ക്ലർക്ക് - ടൈപ്പിസ്റ്റ് പുനർനാമകരണം ശിപാർശ ചെയ്തിട്ടുള്ളതും എന്നാൽ നാളിതുവരെ ഖാദർ കമ്മിറ്റി ശിപാർശ നിലവിൽ വരാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള പുനർനാമകരണം ചെയ്ത ഈ ഒഴിവുകൾ നിലവിലെ ലിസ്റ്റിൽ നിന്നും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>വിവിധ വകുപ്പുകളിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലെ വിജ്ഞാപനം</u>

5463 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോയെന്നും അല്ലെങ്കിൽ അവയെ ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്നും പരിശോധിക്കുന്നതിനായി വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പും പ്രവൃത്തി പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ബി) തൃശ്ശൂർ ജില്ല ഉൾപ്പടെയുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പുതിയ പി.എസ്.സി. വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം നേരിടുന്നതിന് കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയിലേയ്ക്ക് എത്രയും വേഗം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഐ.പി.എസ്. കൺഫെർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ</u>

5464 **ശ്രീ. പി. ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസിൽ ഏതൊക്കെ വിഭാഗം ഉദ്യോഗസ്ഥർക്കാണ് ഐ.പി.എസ്. കൺഫെർ ചെയ്തു നൽകുന്നത്; സാങ്കേതിക വിഭാഗം പോലീസ് ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. കൺഫെർ ചെയ്ത് നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഐ.പി.എസ്. കൺഫെർ ചെയ്യുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ;

(സി) ടെലികമ്മ്യൂണിക്കേഷൻ, മോട്ടോർ ട്രാൻസ്പോർട്ട് എന്നീ വിഭാഗങ്ങളിൽ സർവീസിൽ പ്രവേശിച്ച ഏതെങ്കിലും ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. കൺഫെർ ചെയ്തു നൽകിയിട്ടുണ്ടോ; എങ്കിൽ ആർക്കെല്ലാമാണ് നൽകിയതെന്ന് അറിയിക്കാമോ;

(ഡി) പോലീസ് മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗം ഉദ്യോഗസ്ഥർക്ക് ഐ.പി.എസ്. കൺഫെർ ചെയ്യാൻ പാടില്ലയെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളിലെ പെൻഷൻ പ്രായം

5465 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും സർക്കാരിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും കമ്പനികളിലും പെൻഷൻ പ്രായം ഉയർത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; ഓരോന്നിലും എത്ര വയസ്സായിട്ടാണ് ഉയർത്തിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം വിശദമാക്കാമോ; പെൻഷൻ പ്രായം ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങൾ/കമ്പനികൾ തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും കമ്പനികളിലും പെൻഷൻ പ്രായം ഉയർത്തുന്നതിനുള്ള ശിപാർശകൾ നിലവിൽ സർക്കാരിന്റെ പരിഗണനയിലാണെന്ന് അറിയിക്കാമോ?

## മണലൂർ മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

5466 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ഇതുവരെ എത്ര സൗജന്യ കെ-ഫോൺ കണക്ഷനുകളാണ് നൽകിയിട്ടുള്ളതെന്ന് തദ്ദേശ സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) മണലൂർ മണ്ഡലത്തിൽ സൗജന്യ കെ-ഫോൺ കണക്ഷനുകൾക്കുവേണ്ടി ഇതുവരെ എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി;

(സി) മണ്ഡലത്തിൽ സൗജന്യ കെ-ഫോൺ കണക്ഷന് അപേക്ഷിച്ച അർഹരായ എല്ലാവർക്കും ആയത് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) മണ്ഡലത്തിൽ എത്ര സർക്കാർ സ്ഥാപനങ്ങൾക്ക് ഇതുവരെ കെ-ഫോൺ കണക്ഷനുകൾ നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) മണ്ഡലത്തിൽ ഇതുവരെ എത്ര കൊമേർഷ്യൽ കെ-ഫോൺ കണക്ഷനുകൾ നൽകുകയുണ്ടായെന്ന് വിശദമാക്കാമോ?

**ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിയുമായുള്ള എഗ്രിമെന്റ്**

5467 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരും ടീകോം ഇൻവെസ്റ്റ്മെന്റ്സും 13.05.2007-ന് ഒപ്പുവച്ച ഫ്രെയിം വർക്ക് എഗ്രിമെന്റിലെ ഏതൊക്കെ നിബന്ധനകളിലാണ് സർക്കാർ ടീക്കോമിന് നഷ്ടപരിഹാരം നൽകേണ്ടതായ സാഹചര്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉടമ്പടിയിലെ ഏതൊക്കെ നിബന്ധനകൾ പാലിക്കുന്നതിലാണ് സർക്കാരിന് വീഴ്ച സംഭവിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉടമ്പടിയിലെ ഏതൊക്കെ വ്യവസ്ഥകൾ പാലിക്കപ്പെടാതിരുന്നതിനാലാണ് കൊച്ചി സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പഠിക്കാനുള്ള കമ്മിറ്റിയുടെ 07.08.2024-ന് നടന്ന യോഗത്തിൽ ടീക്കോമിന് നോട്ടീസ് അയയ്ക്കാൻ തീരുമാനമായതെന്ന് വിശദമാക്കുമോ;

(ഡി) ഫ്രെയിം വർക്ക് കരാറിലെ 7.2.2 വ്യവസ്ഥ പ്രകാരം, ഒരു ഇൻഡിപെൻഡന്റ് ഇവാല്യുവേറ്ററെ നിയമിച്ച് ടീകോമിന് നൽകേണ്ടതായി കണക്കാക്കിയ നഷ്ടപരിഹാര തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതി**

5468 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കെ-ഫോൺ പദ്ധതിയുടെ പുരോഗതി അറിക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ അപേക്ഷിച്ച എല്ലാവർക്കും കെ-ഫോൺ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ**

5469 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ മെട്രോ സിറ്റികളെ അപേക്ഷിച്ച് ഐ.ടി. മേഖലയിൽ കേരളത്തിന് കൂടുതൽ സാധ്യതകളുണ്ടെന്നത് പരിശോധിച്ചിട്ടുണ്ടോ; ഐ.ടി. മേഖലയിൽ തൊഴിൽ തേടുന്നവർ കേരളം തെരഞ്ഞെടുക്കാൻ കൂടുതൽ താത്പര്യം കാണിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ടെക്നോപാർക്കിന്റെ ഭാഗമായി എമർജിംഗ് ടെക്നോളജി ഹബ്ബ് തിരുവനന്തപുരത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഭക്ഷ്യ-കാർഷിക മേഖല, ബഹിരാകാശ

സാങ്കേതിക വിദ്യ, പാരമ്പര്യേതര ഊർജ്ജം തുടങ്ങിയ മേഖലകൾക്ക് ഹബ്ബിൽ പ്രാധാന്യം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആരോഗ്യ, കാർഷിക സർവകലാശാലകൾക്ക് കീഴിൽ സ്റ്റാർട്ട്അപ്പ് മിഷന്റെ ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നൊവേഷൻ ആന്റ് എന്റർപ്രണർഷിപ്പ് വികസന കേന്ദ്രങ്ങൾ (ഐ.ഇ.ഡി.സി.) പ്രവർത്തിക്കുന്നുണ്ടോ; ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് ലോഞ്ച് എംപവർ ആക്സിലറേറ്റ് പ്രൊസ്പർ സംവിധാനങ്ങൾ പ്രയോഗത്തിൽ വരുത്താൻ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ?

## <u>അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് ഏകീകരിക്കാൻ നടപടി</u>

5470 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രസ്തുത കേന്ദ്രങ്ങൾ മുഖേന ജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയെന്നും വിശദമാക്കുമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിലെ ഫീസ് നിരക്ക് ഏകീകരിക്കാനും കുറ്റമറ്റ രീതിയിൽ ഇവ പ്രവർത്തിപ്പിക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>പൂഞ്ഞാർ മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി</u>

5471 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുൻസിപ്പാലിറ്റിയിലും തിടനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, എരുമേലി, പാറത്തോട്, മുണ്ടക്കയം, കോരുത്തോട്, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളിലും കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ അപേക്ഷിച്ച എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടോ; വിശദാംശം തദ്ദേശ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

## <u>ഇൻഫർമേഷൻ കേരള മിഷന് വേണ്ടി ആമസോൺ ക്ലൗഡ് സേവനങ്ങൾ</u>

5472 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷന് വേണ്ടി സി-ഡിറ്റ് ആമസോൺ ക്ലൗഡ് സേവനങ്ങൾ എടുത്തു നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് നൽകുന്നതെന്നും ഇതിനു

ഐ.കെ.എം. സി-ഡിറ്റിന് ഇത് വരെ എത്ര തുക നൽകിയെന്നും സി-ഡിറ്റ് എത്ര തുക ആമസോണിന് നൽകിയെന്നും മാസം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സേവനങ്ങൾക്ക് ഐ.കെ.എം., സി-ഡിറ്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത കരാർ രേഖ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സേവനങ്ങൾക്ക് സി-ഡിറ്റും ആമസോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ പ്രസ്തുത കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) സർക്കാരിന്റെ ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത ക്ലൗഡ് സർവ്വീസ് മുഖേന ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ; വ്യക്തിഗത ഡേറ്റ സുരക്ഷക്കും സ്വകാര്യതാ സംരക്ഷണത്തിനും എന്തു മുൻകരുതലുകൾ എടുത്തിട്ടുണ്ട് എന്നു വിശദമാക്കുമോ;

(ഇ) വിവിധ ക്ലൗഡ് സേവനദാതാക്കളിൽനിന്നും സി-ഡിറ്റ് ആമസോൺ തിരഞ്ഞെടുത്തത് സ്റ്റോർ പർച്ചേസ് റൂൾസ് പ്രകാരമാണോയെന്ന് രേഖകൾ സഹിതം വിശദമാക്കുമോ?

## സി-ഡിറ്റിൽ അഭ്യന്തര വിജിലൻസ് സെൽ

5473 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ അഭ്യന്തര വിജിലൻസ് സെൽ രൂപീകരിക്കാനും ഇന്റേണൽ വിജിലൻസ് ഓഫിസറിന്റെ ചുമതല ഏതെങ്കിലും സീനിയർ ഉദ്യോഗസ്ഥന് നൽകാനും സർക്കാർ നിർദ്ദേശം നല്കിയിരുന്നോ; എന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശാനുസരണം സി-ഡിറ്റിൽ ഏതെങ്കിലും ഉദ്യോഗസ്ഥന് ഇന്റേണൽ വിജിലൻസ് ഓഫീസറുടെ ചുമതല നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സി-ഡിറ്റ് ജീവനക്കാർക്ക് ലഭ്യമാക്കിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് ലഭ്യമാക്കിയതെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ;

(ഡി) ഇന്റേണൽ വിജിലൻസ് ഓഫിസറുടെ പ്രവർത്തനം എപ്രകാരമാകണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ

5474 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവര സാങ്കേതികവിദ്യ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നും സംബന്ധിച്ച് വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ

എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിലുള്ള ആപ്ലിക്കേഷനുകൾ

5475 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ പഠനത്തിനായി സർക്കാർ തലത്തിൽ ആപ്ലിക്കേഷനുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ആപ്ലിക്കേഷനുകളാണ് ഇപ്രകാരം തയ്യാറാക്കിയിട്ടുള്ളത്; ഓരോ ആപ്ലിക്കേഷനും തയ്യാറാക്കിയത് ഏത് ഏജൻസിയാണ്; ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്ര ; സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നുണ്ട്; വിശദമാക്കുമോ;

(ബി) സർക്കാർ തലത്തിൽ തയ്യാറാക്കിയ ആപ്ലിക്കേഷനുകൾ അല്ലാതെ മറ്റു ആപ്ലിക്കേഷൻ സർക്കാർ ഫണ്ട് ഉപയോഗിച്ച പദ്ധതികൾക്കായി സ്കൂളുകളിൽ ഉപയോഗിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ആപ്ലിക്കേഷനുകളുടെ ഗുണനിലവാരം, സേവനവ്യവസ്ഥ എന്നിവ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ തലത്തിൽ തയ്യാറാക്കിയ ആപ്ലിക്കേഷനുകൾ അല്ലാതെ മറ്റു ആപ്ലിക്കേഷൻ സ്കൂളുകളിൽ ഉപയോഗിക്കുന്നുണ്ടെങ്കിൽ അക്കാര്യത്തിലും അവയുടെ ഗുണനിലവാരം, സേവനവ്യവസ്ഥ എന്നിവ പരിശോധിക്കുന്ന കാര്യത്തിലും വീഴ്ച വരുത്തിയതിന് നാളിതുവരെ ഏതെങ്കിലും സ്കൂളുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഐ.ടി. മേഖലയിലെ തൊഴിലവസരങ്ങൾ

5476 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഐ.ടി. മേഖലയിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള എത്ര അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പുതിയ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ വികസിപ്പിക്കുന്നതും മുഖേന ഐ.ടി. മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് പദ്ധതിയിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## പാലക്കാട് ജില്ലയിലെ കെ-ഫോൺ കണക്ഷനുകൾ

5477 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സ്വന്തം ബ്രോഡ്ബാൻഡ് കണക്ഷനായ കെ-ഫോണിൽ എത്ര വാണിജ്യ കണക്ഷനുകളാണ് ഇതുവരെ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ ആകെ എത്ര കെ-ഫോൺ കണക്ഷനുകളാണ് ഇതുവരെ നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

## സി-ഡിറ്റിൽ ഇ-ഓഫീസ് സംവിധാനം

5478 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ ഇ-ഓഫീസ് സംവിധാനം എന്ന് മുതലാണ് നിലവിൽ വന്നത്;

(ബി) പ്രസ്തുത ഇ-ഓഫീസ് സേവനത്തിനു സി-ഡിറ്റ് എൻ.ഐ.സി-യ്ക്ക് വാർഷിക പരിപാലന തുക നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഇ-ഓഫീസ് സംവിധാനം നിലനിൽക്കെ അതുപയോഗിക്കാതെ 2022 ജനുവരി മുതൽ പേപ്പർ ഫയലുകളിൽ കുറിപ്പുകൾ തയ്യാറാക്കി തീരുമാനങ്ങൾ ആക്കിയിട്ടുള്ള എത്ര ഫയലുകൾ ഉണ്ടെന്നു വിശദമാക്കുമോ; അങ്ങനെയുള്ള ഫയലുകളുടെ കണക്ക് ബന്ധപ്പെട്ട വിഷയം ഉൾപ്പടെ സി-ഡിറ്റിലെ വിവിധ വകുപ്പുകൾ വേർതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ക്രമക്കേടുകൾ നടത്താനും തുടർന്ന് അതുമായി ബന്ധപ്പെട്ട രേഖകൾ നശിപ്പിക്കാനും സൗകര്യമൊരുക്കുന്ന പേപ്പർ നോട്ട് ഫയൽ സമ്പ്രദായം പൂർണ്ണമായും നിർത്തലാക്കാൻ സി-ഡിറ്റിനു നിർദ്ദേശം കൊടുക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ നൽകിയ ദുരിതാശ്വാസ ധനസഹായം

5479 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും കഴിഞ്ഞ ഒൻപത് വർഷക്കാലം കാസർഗോഡ് ജില്ലയിൽ നൽകിയ ധനസഹായം എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ലഭിച്ച മുഴുവൻ അപേക്ഷകളിന്മേലും അനുകൂല നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) നിരസിക്കപ്പെട്ട അപേക്ഷകൾ എത്രയാണെന്നും ഏതൊക്കെയാണെന്നും നിരസിക്കാനുള്ള കാരണങ്ങൾ എന്താണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) സഹായം അനുവദിക്കുവാൻ ബാക്കിയുള്ള അപേക്ഷകൾ എത്രയാണെന്നും എത്ര കാലമായി ഈ അപേക്ഷകൾ പെൻഡിംഗിൽ ആണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## വേനലിനെ നേരിടാനുള്ള മുന്നൊരുക്കങ്ങൾ

5480 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ വേനൽ സംബന്ധിച്ച് എന്തെല്ലാം മുന്നറിയിപ്പുകൾ സംസ്ഥാനത്തിന് ഇതിനോടകം ലഭിച്ചിട്ടുണ്ട്; വിശദീകരിക്കുമോ?

## വർക്കല മണ്ഡലത്തിലെ റീ ബിൽഡ് കേരള പദ്ധതി

5481 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**<u>ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിന് നടപടി</u>**

5482 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയിലെ ജലം ന്യൂ കട്ട് റെഗുലേറ്റർ, മണ്ണട്ടാംപാറ തടയണ ഇവയുടെ ശോചനീയാവസ്ഥ കാരണം ഉപയോഗശൂന്യമായി അറബിക്കടലിലേക്ക് ഒഴുകിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലം ഉപയോഗയോഗ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ന്യൂ കട്ട് റെഗുലേറ്റർ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>നാദാപുരം മണ്ഡലത്തിലെ കരിങ്ങാലിമുക്ക്-റെഗുലേറ്റർ കം ബ്രിഡ്ജ്</u>**

5483 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ കരിങ്ങാലിമുക്ക്-റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**<u>ന്യൂ കട്ട്, മണ്ണട്ടാംപാറ റെഗുലേറ്ററുകൾ പുതുക്കിപ്പണിയാൻ നടപടി</u>**

5484 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിപ്പുഴയിലെ ശുദ്ധജലം ഉപയോഗശൂന്യമാകുന്നത് തടയാൻ ന്യൂ കട്ട് റെഗുലേറ്റർ, മണ്ണട്ടാംപാറ റെഗുലേറ്റർ എന്നിവ പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റെഗുലേറ്ററുകൾ പുതുക്കിപ്പണിയുന്നതിനോ അറ്റകുറ്റപ്പണികൾ നടത്തുന്നതിനോ നിയമതടസ്സങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) നിയമതടസ്സങ്ങൾ ഉണ്ടെങ്കിൽ ഇവ മറികടക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>ന്യൂ കട്ട് ജലസേചന പദ്ധതി</u>**

5485 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ കീരനല്ലൂർ ന്യൂ കട്ട് പുഴയിൽ പാലത്തിങ്ങൽ മുതൽ ന്യൂ കട്ട് വരെ പുഴയ്ക്ക് ആഴം കൂട്ടി സൈഡ് കെട്ടി ജലം സംരക്ഷിക്കുന്നതിനായുള്ള ന്യൂ കട്ട് ജലസേചന പദ്ധതിയുടെ പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും പദ്ധതി നടപ്പിലാക്കുന്നതിനായി ഇനി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുള്ളതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുകയാണെങ്കിൽ മലപ്പുറം ജില്ലയിലെ ഏതെല്ലാം പ്രദേശങ്ങൾക്ക് ഉപകാരപ്പെടുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## പ്രവാസി ഭദ്രത വായ്പാ പദ്ധതി

5486 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് നിന്ന് തിരികെ വരുന്ന പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നോർക്ക-റൂട്ട്സിന്റെ പ്രവാസി ഭദ്രതാ വായ്പാ പദ്ധതി പ്രകാരം എത്ര സംരംഭങ്ങൾ സംസ്ഥാനത്ത് തുടങ്ങാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഗൾഫ് രാജ്യങ്ങളിൽ കേരള എൻട്രൻസ് പരീക്ഷാ കേന്ദ്രങ്ങൾ

5487 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിങ്, ഫാർമസി പ്രവേശന പരീക്ഷകൾക്ക് ഏതെല്ലാം വിദേശ രാജ്യങ്ങളിലാണ് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയതലത്തിൽ നടക്കുന്ന നീറ്റ്, ജെ.ഇ.ഇ., സി.യു.ഇ.ടി. എന്നീ പരീക്ഷകൾക്ക് ഗൾഫ് രാജ്യങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ച മാതൃകയിൽ പ്രവാസികൾ ഏറെ അധിവസിക്കുന്ന എല്ലാ ഗൾഫ് രാജ്യങ്ങളിലും കേരള എൻട്രൻസ് പരീക്ഷകൾക്ക് പരീക്ഷ കേന്ദ്രങ്ങൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പ്രവാസി പുനരധിവാസ പദ്ധതികൾ

5488 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനുമായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രവാസി കേരളീയർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നോർക്ക വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പ്രവാസികൾക്കുള്ള ആനുകൂല്യങ്ങൾ കുടിശിക തീർത്ത് വിതരണം ചെയ്യാൻ നടപടി

5489 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികൾക്ക് ഈ സർക്കാർ നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സഹായങ്ങളിൽ ഓരോ ഇനത്തിലും നിലവിലുള്ള കുടിശിക എത്രയാണെന്ന് വ്യക്തമാക്കുമോ; കുടിശിക തീർത്ത് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## നോർക്ക -വിദേശ ആരോഗ്യ മേഖലയിലെ ജോലി സാധ്യത

5490 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ആരോഗ്യ മേഖലയിലെ ജോലി സാധ്യതയ്ക്കായി നോർക്കയുടെ ആഭിമുഖ്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## പ്രവാസി ക്ഷേമ ബോർഡ് അംഗത്വ അപേക്ഷകൾ

5491 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്രവാസി ക്ഷേമ ബോർഡിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് റീജണൽ ഓഫീസുകളിൽ പുതുതായി അംഗത്വത്തിന് അപേക്ഷ സമർപ്പിച്ചതിൽ തീർപ്പാക്കിയിട്ടില്ലാത്ത എത്ര അപേക്ഷകളുണ്ട്; അപേക്ഷ തീർപ്പാക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റീജണൽ ഓഫീസുകളിൽ പെൻഷനുവേണ്ടിയുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് അറിയിക്കുമോ?

## പ്രവാസി കേരളീയ ക്ഷേമബോർഡ് പെൻഷൻ

5492 **ശ്രീ. ഇ കെ വിജയൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ക്ഷേമനിധി അപേക്ഷയിൽ ജനന തീയതി തെറ്റായി രേഖപ്പെടുത്തി എന്ന വിഷയം പരിശോധിക്കുന്നതിനായി നാണു ചെറിയാണ്ടിയിൽ എന്നയാൾ സമർപ്പിച്ച അപേക്ഷയിന്മേൽ (അംഗത്വ നമ്പർ : 1101001748 തീയതി 19/07/2020) നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അപേക്ഷകനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷകന് നൽകിയ അറിയിപ്പ് ലഭ്യമാക്കാമോ;

(സി) നാണു ചെറിയാണ്ടിയിൽ സമർപ്പിച്ച പ്രവാസി ക്ഷേമനിധി അപേക്ഷയുടെയും ജനന തീയതി തെളിയിക്കുന്ന രേഖയുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പെൻഷൻ ലഭ്യമാക്കാനായി അപേക്ഷ സമർപ്പിക്കേണ്ട പരമാവധി കാലാവധി രണ്ട് വർഷമെന്നത് പുനരാലോചിക്കുമോയെന്ന് അറിയിക്കുമോ;

(ഇ) പെൻഷൻ ലഭ്യമാക്കാനായി അപേക്ഷകൾ സമർപ്പിച്ചത് വൈകിയെന്ന കാരണത്താൽ കഴിഞ്ഞ നാല് സാമ്പത്തിക വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്ന് അവരുടെ പേരുവിവരം സഹിതം ലഭ്യമാക്കുമോ?

## <u>റാഗിംഗ് നിരോധന നിയമ പരിഷ്കരണം</u>

5493 **ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ലെ കേരള റാഗിംഗ് നിരോധന നിയമം കാലാനുസൃതമായി പരിഷ്കരിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) റാഗിംഗ് നിരോധന നിയമത്തിൽ എന്തൊക്കെ പരിമിതികളാണ് കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളത്; റാഗിംഗ് നിയമം പരിഷ്കരിക്കുന്നതിനായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) റാഗിംഗ് നിരോധന നിയമത്തിന് ചട്ടം രൂപീകരിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ലഹരി ഉപഭോഗം മൂലമുള്ള കുറ്റകൃത്യങ്ങൾ</u>

5494 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം കൊലപാതകകൃത്യത്തിൽ ഏർപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം കൊല്ലപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങളിൽ ഏർപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം കുറ്റകൃത്യങ്ങൾ ചെയ്തവരിൽ വധശിക്ഷ, ജീവപര്യന്തം എന്നിവയ്ക്ക് വിധേയമായവരുടെ എണ്ണം പ്രത്യേകം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം കുറ്റകൃത്യങ്ങൾ ചെയ്തവരിൽ മറ്റു ശിക്ഷാ നടപടികൾക്ക് വിധേയമായവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ജി) 2021 മുതൽ നാളിതുവരെ സംസ്ഥാനത്ത് മദ്യം, മയക്കുമരുന്ന്, മറ്റ് ലഹരിവസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം കുറ്റകൃത്യങ്ങൾ ചെയ്തവരിൽ ശിക്ഷാ നടപടികൾക്ക് വിധേയമായവർ വീണ്ടും അക്രമപ്രവർത്തനങ്ങളിലും മറ്റു കുറ്റകൃത്യങ്ങളിലും ഏർപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## ആഭ്യന്തര വകുപ്പിലെ ക്രമക്കേടുകൾ

5495 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആഭ്യന്തര വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നും സംബന്ധിച്ച് വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## മുൻ കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിനെതിരെയുള്ള വ്യാജ കൈക്കൂലി ആരോപണം

5496 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബു പെട്രോൾ പമ്പിനുള്ള എൻ.ഒ.സി. വൈകിപ്പിച്ചെന്നും കൈക്കൂലി ചോദിച്ചുവാങ്ങിയെന്നും ആരോപിച്ച് പ്രശാന്തൻ എന്ന വ്യക്തി മുഖ്യമന്ത്രിക്ക് പരാതി നൽകിയെന്ന വ്യാജ ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വ്യക്തി ആരോപണത്തെ സാധൂകരിക്കാനായി തയ്യാറാക്കിയ രേഖയിലെ ഒപ്പുകൾ വ്യാജമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## ലഹരി വ്യാപനം തടയുന്നതിനുള്ള നടപടികൾ

5497 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവതലമുറയിലേക്കും സ്കൂൾ-കോളേജ് കുട്ടികളിലേക്കും വിവിധ തരത്തിലുള്ള ലഹരികൾ വ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ-കോളേജ് ക്യാംപസുകളിൽ ലഹരി ബോധവൽക്കരണം നടത്തുന്നതോടൊപ്പം കുട്ടികളിലും യുവതലമുറയിലും ലഹരി ഉപയോഗിക്കുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ചികിൽസകളും കൗൺസിലിങ്ങും നല്കി ഇതിൽ നിന്നും മോചിപ്പിക്കുന്നതിന് പോലീസ് വകുപ്പ് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ;

(സി) സ്കൂൾ-കോളേജ് തലങ്ങളിൽ കുട്ടികളിൽ ലഹരി ഉപയോഗം കണ്ടാലും അദ്ധ്യാപകർ അത് ബന്ധപ്പെട്ടവരോട് പറയാൻ മടിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി ഉപയോഗിക്കുന്നവരെ കൃത്യമായി കണ്ടെത്തുന്നതിന് ആരോഗ്യ-വിദ്യാഭ്യാസ-എക്സൈസ് വകുപ്പുകളുമായി ചേർന്ന് ഇവർക്ക് ഡ്രഗ് ടെസ്റ്റ് നടത്തുന്നതിനും കൗൺസിലിങ്ങും ചികിൽസയും നൽകുന്നതിനും പോലീസ് വകുപ്പ് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് സ്കൂൾ പരിസരങ്ങളിലെ കടകളും മറ്റും കേന്ദ്രീകരിച്ചാണ് ലഹരി കച്ചവടം കൂടുതലായും നടക്കുന്നത് എന്നതിനാൽ രാത്രി പത്ത് മണിക്ക് ശേഷം സംശയകരമായി പ്രവർത്തിക്കുന്ന ഇത്തരം കടകളിൽ കൃത്യമായി പരിശോധനകൾ നടത്തുന്നതിനും ലഹരി മാഫിയയുടെ കണ്ണികളെ കണ്ടെത്തി നിയമപരമായി ശിക്ഷിക്കുന്നതിനും പോലീസ് വകുപ്പ് നടപടി സ്വീകരിക്കുമോ;

(ഇ) ഇപ്പോൾ നടത്തുന്ന ലഹരി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇളവുകൾ പൂർണ്ണമായും ഒഴിവാക്കി നിയമം കൂടുതൽ കർക്കശമാക്കി ലഹരി കച്ചവടക്കാർക്ക് പരമാവധി ശിക്ഷ നൽകുന്നതിനും പോലീസ് വകുപ്പ് എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(എഫ്) രാത്രികാലങ്ങളിലാണ് ലഹരിക്കച്ചവടം കൂടുതൽ നടക്കുന്നത് എന്നതിനാൽ വീടുവിട്ട് രാത്രി കാലങ്ങളിൽ ചുറ്റിത്തിരിയുന്ന കുട്ടികളെ കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പുമായി ചേർന്നുള്ള രാത്രികാല പട്രോളിങ് ശക്തമാക്കുമോ?

## പോലീസ് സേനയുടെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക

5498 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയുടെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷത്തെ ബജറ്റുകളിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും ചെലവിന്റെ ശതമാനവും ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കേസുകളിൽ ശിക്ഷിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

5499 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാന പോലീസിലെ എത്ര ഉദ്യോഗസ്ഥർ അഴിമതി കേസിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര ഉദ്യോഗസ്ഥർ ക്രിമിനൽ കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; എത്ര ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തല നടപടികൾ സ്വീകരിച്ച് ജോലിയിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്; വിശദാംശം വർഷം, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കുമോ?

## പോലീസ് സേനയ്ക്ക് ഇന്ധന ചെലവിനത്തിൽ അനുവദിച്ച തുക

5500 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പോലീസ് സേനയുടെ ഇന്ധന ചെലവ് ഇനത്തിൽ വകുപ്പ് ആവശ്യപ്പെട്ട തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

## ഇന്ത്യാ റിസർവ് ബറ്റാലിയനിൽ നിന്നുള്ള കെ.സി.പി. ട്രാൻസ്ഫർ

5501 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യാ റിസർവ് ബറ്റാലിയനിലെ കമാൻഡോ സേനാംഗങ്ങളെ ട്രെയിനിങ് കാലാവധി ഉൾപ്പെടെ പതിനൊന്നര വർഷം കഴിഞ്ഞ് കെ.സി.പി. ട്രാൻസ്ഫറിന് പരിഗണിക്കുമോ; ഇല്ലെങ്കിൽ കെ.സി.പി. ട്രാൻസ്ഫറിന് എത്ര വർഷം കഴിയണമെന്ന് വ്യക്തമാക്കുമോ;

(ബി) ഐ.ആർ.ബി.യിലെ സേനാംഗങ്ങൾക്കുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കി സമർപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ;

(സി) അഡ്വൈസ് പ്രകാരം സീനിയർ ആയ ഐ.ആർ.ബി. സേനാംഗങ്ങളെ നിലനിർത്തി ജൂനിയർ ആയവർക്ക് കെ.സി.പി.യിലേക്ക് ട്രാൻഫർ നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

## അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ

5502 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്ധവിശ്വാസത്തിന്റെ മറവിൽ ചികിത്സ നടത്തുന്ന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന ചൂഷണങ്ങൾ തടയുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇത്തരം കേന്ദ്രങ്ങൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## മണോളിക്കാവ് ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷം

5503 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ തലശ്ശേരി നഗരസഭയിൽ ഇല്ലത്ത് താഴെ മണോളിക്കാവ് ക്ഷേത്ര ഉത്സവത്തിനിടെയുണ്ടായ സംഘർഷത്തിന്റെ ഭാഗമായി പൊലീസിന്റെ

കൃത്യനിർവ്വഹണം തടസപ്പെടുത്തുകയും ഇവരെ ഭീഷണിപ്പെടുത്തുകയും ചെയ്ത ഭരണപക്ഷ പാർട്ടി പ്രവർത്തകർക്കെതിരെ പോലീസ് കേസ് എടുത്തിരുന്നോ;

(ബി) പ്രസ്തുത സംഭവത്തിൽ കേസെടുത്ത പൊലീസ് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തങ്ങളുടെ കൃത്യനിർവ്വഹണം ഭംഗിയായി നിർവഹിച്ച പൊലീസുകാരെ സ്ഥലം മാറ്റുന്നത് സമൂഹത്തിന് തെറ്റായ സന്ദേശം നൽകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>മുൻ കണ്ണൂർ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിലെ ഗൂഢാലോചന</u>**

5504 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിന് പിന്നിലെ ഗൂഢാലോചന സർക്കാർ അന്വേഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിലെ ഗൂഢാലോചന അന്വേഷിക്കാൻ തയ്യാറാകുമോ?

**<u>പൂച്ചാക്കൽ സ്റ്റേഷനിലെ പാതിവില തട്ടിപ്പ് പരാതികൾ</u>**

5505 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതിവില തട്ടിപ്പുമായി ബന്ധപ്പെട്ട് പൂച്ചാക്കൽ സ്റ്റേഷനിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പൂച്ചാക്കൽ സ്റ്റേഷൻ പരിധിയിൽ എത്ര പേരാണ് തട്ടിപ്പിനിരയായതെന്നും പ്രസ്തുത തട്ടിപ്പിന് ഇരയായവരുടെ പരാതികളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(സി) പാതിവില തട്ടിപ്പുമായി ബന്ധപ്പെട്ട് പൂച്ചാക്കൽ സ്റ്റേഷനിൽ നാളിതുവരെ ലഭിച്ച പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>ബാലുശ്ശേരി പോലീസ് ക്വാർട്ടേഴ്സ് നവീകരണം</u>**

5506 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി പോലീസ് ക്വാട്ടേഴ്സ് നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; നിലവിൽ പ്രസ്തുത ക്വാട്ടേഴ്സ് ഉപയോഗിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**<u>കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിലെ ഗൂഢാലോചന</u>**

5507 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബുവിന്റെ മരണത്തിൽ പി.പി. ദിവ്യയും പ്രശാന്തനും ചേർന്നുള്ള ഗൂഢാലോചന അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത പരാതിയിൽ പോലീസ് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ റിപ്പോർട്ടിൽ കണ്ണൂർ മുൻ എ.ഡി.എം. നവീൻ ബാബു പെട്രോൾ പമ്പിന്റെ എൻ.ഒ.സി. നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടില്ലെന്നും അഴിമതി നടന്നുവെന്നതിന് തെളിവില്ലെന്നും കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത സംഭവത്തിലെ ഗൂഢാലോചന അന്വേഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## ഡിജിറ്റൽ പരാതി പരിഹാര സംവിധാനം

5508 **ശ്രീ ഡി കെ മുരളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. എം.വിജിൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് പൊതുജനങ്ങൾക്കായി നൽകി വരുന്ന സേവനങ്ങൾ കൂടുതൽ മികവുറ്റതാക്കാനും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ അറിയിക്കുന്നതിനും ഡിജിറ്റൽ പരാതി പരിഹാര സംവിധാനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പോലീസ് നൽകുന്ന സേവനങ്ങൾ തൃപ്തികരമാണോയെന്ന് പരിശോധിക്കുന്നതിനും അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനും എന്തെല്ലാം സാങ്കേതിക സൗകര്യങ്ങളാണ് സജ്ജീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത സംവിധാനത്തിലൂടെ ഏതെല്ലാം വിഷയത്തിന്മേലുള്ള പരാതികൾ നൽകാൻ സാധിക്കുമെന്ന് അറിയിക്കുമോ;

(ഡി) ജനങ്ങൾക്ക് കേരളാ പോലീസിന്റെ മൊബൈൽ ആപ്പ് മുഖേന എന്തെല്ലാം പരാതികൾ സമർപ്പിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ഇ) പോലീസിന്റെ മൊബൈൽ ആപ്പ് മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

## കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പദ്ധതി

5509 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016-ന ശേഷം നടന്ന കുറ്റകൃത്യങ്ങളുടെ എണ്ണം വർഷം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) 2016-ന ശേഷം സ്ത്രീകൾക്കെതിരെ നടന്ന അതിക്രമങ്ങൾ, കുട്ടികൾക്കെതിരെ നടന്ന അതിക്രമങ്ങൾ, സൈബർ കുറ്റകൃത്യങ്ങൾ, ലഹരികടത്തുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയുടെ കണക്ക് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണം വർദ്ധിച്ച വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറയ്ക്കുന്നതിനുമായി പ്രത്യേകം പദ്ധതി നടപ്പിലാക്കുമോ?

**<u>മയക്കുമരുന്ന് ഉപയോഗം, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ</u>**

5510 **ശ്രീ. യു. എ. ലത്തീഫ്**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഉപയോഗം, മദ്യപാനം എന്നിവ മൂലമുണ്ടാകുന്ന കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ച വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞ കേസ്സുകൾ പ്രത്യേകമായി കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) മദ്യ-മയക്കുമരുന്ന് സംഘങ്ങളിൽ നിന്നും പോലീസുകാർക്കെതിരെ അക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇവർക്ക് മതിയായ സുരക്ഷാ ഉപകരണങ്ങൾ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പ്രായപൂർത്തിയാകാത്തവരെ തട്ടിക്കൊണ്ടു പോകുന്ന സംഭവങ്ങൾ</u>**

5511 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുക്കൾ ഉൾപ്പെടെയുള്ള പ്രായപൂർത്തിയാകാത്തവരെ തട്ടിക്കൊണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ഇത്തരത്തിൽ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകളിൽ പ്രതികളെ പിടികൂടി നിയമത്തിനു മുന്നിൽ എത്തിച്ചു; ഇനിയും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്താനുണ്ട്; വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസുകളിൽ ഉൾപ്പെടുന്ന കുറ്റവാളികൾക്ക് ജീവപര്യന്തം ഉൾപ്പെടെയുള്ള കർശന ശിക്ഷ ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ?

**<u>കൊലപാതകങ്ങൾ</u>**

5512 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൊലപാതകങ്ങളിൽ ഗുണ്ടാ സംഘങ്ങൾ തമ്മിലുള്ള സംഘർഷം മൂലമുണ്ടായവ എത്ര; വ്യക്തമാക്കാമോ;

(സി) പ്രസ്തുത കൊലപാതകങ്ങളിൽ ലഹരി ഉപയോഗം കാരണം നടന്നവ എത്ര; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ കൊലപാതക കേസ്സുകളിൽ പ്രതികളായവരിൽ എത്ര പേരെ ശിക്ഷിച്ചിട്ടുണ്ട്; എത്ര പ്രതികളെ ഇനിയും കണ്ടെത്താനുണ്ട്; വിശദമാക്കാമോ;

(ഇ) ഈ കൊലപാതകങ്ങളിൽ ശിക്ഷ വിധിച്ച ഏതെങ്കിലും പ്രതികൾക്ക് ശിക്ഷാ ഇളവ്, പരോൾ എന്നിവ നൽകിയിട്ടുണ്ടോ; ഇനം തിരിച്ച് വിശദമാക്കാമോ?

**മദ്ധ്യപ്രദേശ് പോലീസ് അറസ്റ്റ് ചെയ്ത വടകര സ്വദേശികൾ**

5513 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ഏതാനും യുവാക്കളെ കേരളത്തിന് പുറത്ത് സാമ്പത്തിക തട്ടിപ്പ് കെണിയിൽപ്പെട്ട് മദ്ധ്യപ്രദേശ് പോലീസ് അറസ്റ്റ് ചെയ്തതിനെ തുടർന്നുള്ള അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**അപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ നടപടി**

5514 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര പോലീസ് സ്റ്റേഷനിലെ 0410/2024 നമ്പർ എഫ്.ഐ.ആർ. പ്രകാരമുള്ള വാഹനാപകടത്തിന് കാരണമായ വാഹനം കണ്ടെത്തുന്നതിനുള്ള അന്വേഷണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അപകടം നടന്ന് ഒൻപത് മാസങ്ങൾ പിന്നിട്ടിട്ടും അപകടത്തിന് കാരണമായ വാഹനം കണ്ടെത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) അപകടത്തിനിരയായ വ്യക്തി മരിച്ച സാഹചര്യത്തിൽ എത്രയും വേഗം വാഹനം കണ്ടെത്തി മരിച്ചയാളുടെ കുടുംബത്തിന് ഇൻഷുറൻസ് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**മുരളീധരൻ എം.എസ്.-ന്റെ അപകടമരണം സംബന്ധിച്ച അന്വേഷണം**

5515 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മായാദേവി കെ.എസ്., മാത്തിക്കുടി വീട്, അയിരൂർപാടം, കോതമംഗലം എന്ന വ്യക്തി തന്റെ ഭർത്താവ് മുരളീധരൻ എം.എസ്. 2024 ഡിസംബർ 9-ാം തീയതി മംഗലത്തുകോണത്തുവച്ചുണ്ടായ വാഹന അപകടത്തിൽ മരണപ്പെട്ടതുമായി

ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയിരിക്കുന്ന അപേക്ഷയിൻമേലും ബാലരാമപുരം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന കേസിലും നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ മരണപ്പെട്ടയാൾ ഓടിച്ചിരുന്ന സ്കൂട്ടറിൽ വന്നിടിച്ച ഓട്ടോറിക്ഷ നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അന്വേഷണം വേഗത്തിലാക്കി കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ</u>

5516 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്തെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ കൈകാര്യം ചെയ്ത കേസുകളുടെ എണ്ണം ഇനം തിരിച്ച് പോലീസ് സ്റ്റേഷൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളിലെ ഉദ്യോഗസ്ഥരുടെ വിശദാംശം തസ്തിക തിരിച്ച് വ്യക്തമാക്കുമോ; സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>പൊതുവിദ്യാലയങ്ങളിലെ സൈബർ കുറ്റകൃത്യങ്ങൾ</u>

5517 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്നും സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് കമ്മീഷണർ ഓഫീസുകളിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്നും പ്രസ്തുത പരാതികളിൻമേൽ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ബി) പൊതു വിദ്യാലയങ്ങളിൽ സൈബർ കുറ്റകൃത്യം, സൈബർ ആക്രമണം എന്നിവ ഒഴിവാക്കുന്നതിന് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുവാൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന വിശദവിവരം ലഭ്യമാക്കാമോ?

## <u>തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് 1346/23-ാം നമ്പർ കേസ്</u>

5518 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വഞ്ചിയൂർ പോലീസ് സ്റ്റേഷനിലെ തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് അന്വേഷിച്ച് വരുന്ന 1346/23-ാം നമ്പർ കേസിലെ ഒന്നാം പ്രതിയെ കേരളാ ഹൈക്കോടതിയും സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷനും നിരസിച്ച ശേഷവും മജിസ്ട്രേറ്റ് കോടതിയിൽ വാദി പരാതി നൽകുന്നത് വരെ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത കേസിലെ ഒന്നാം പ്രതിയുടെ ഭാര്യ അഞ്ജലി ബാബുവിന് ഹൈക്കോടതി മുൻകൂർ ജാമ്യം നിരസിച്ച ശേഷവും പ്രസ്തുത വ്യക്തിയെ അറസ്റ്റ് ചെയ്യുകയോ റിപ്പോർട്ട് കോടതിയിൽ ഹാജരാക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മീഷണർ നാളിതുവരെയായിട്ട് സ്വർണ്ണം റിക്കവറി ചെയ്തിട്ടില്ലെന്നത് ആഭ്യന്തര വകുപ്പ് പരിശോധിക്കുമോ; റിക്കവറി ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

## <u>നടുവണ്ണൂരിൽ പോലീസ് സ്റ്റേഷൻ</u>

5519 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂരിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത്; വിശദമാക്കാമോ?

## <u>നെയ്യാറ്റിൻകര മണ്ഡലത്തിലെ നെല്ലിമൂട്ടിൽ പോലീസ് ഔട്ട് പോസ്റ്റ്</u>

5520 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട്ടിൽ പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## <u>കാലടി നടുവട്ടം മണവാളൻ വീട്ടിൽ ജെസ്സിയുടെ ആത്മഹത്യയിൽ അന്വേഷണം</u>

5521 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിൽ നാടുകാണി വില്ലേജിൽ കണ്ണാടൻ വീട്ടിൽ ആനീസ്, തന്റെ സഹോദരിയായ കാലടി വില്ലേജിൽ നടുവട്ടം കരയിൽ മണവാളൻ വീട്ടിൽ ജെസ്സിയുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണം വേഗത്തിലാക്കി നിജസ്ഥിതി പുറത്തുകൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>ആത്മഹത്യകൾ</u>

5522 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് നടന്ന ആത്മഹത്യകളുടെ എണ്ണം എത്രയെന്ന് വർഷം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

## **പോലീസ് ആശുപത്രികളിലെ നിയമനം**

5523 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ അന്യത്ര സേവന വ്യവസ്ഥ വഴി മാത്രം നിയമനം നടന്നിരുന്ന സംസ്ഥാനത്തെ പോലീസ് ആശുപത്രികളിൽ 2019-ൽ ട്രാൻസ്ഫർ ആൻഡ് പോസ്റ്റിങ്ങ് വഴി (ഇ.എ2-1000/2018/ഡി.എച്ച്.എസ്. തീയതി.15/06/2019) മെഡിക്കൽ ഓഫീസർമാരെ നിയമിച്ചതിൽ സാമ്പത്തികമായോ മറ്റേതെങ്കിലും വിധത്തിലോ ഉള്ള അഴിമതി നടന്നിട്ടുണ്ടോ എന്ന് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; ഇല്ലെങ്കിൽ വകുപ്പ് തല അന്വേഷണം നടത്താൻ തയ്യാറാകുമോയെന്ന് വിശദമാക്കുമോ;

(ബി) കൊല്ലം പോലീസ് ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ രോഗികളോട് അപമര്യാദയായി പെരുമാറി ചികിത്സ നിഷേധിക്കുക വഴി സർവീസിൽ ഗുരുതരമായ ചട്ട ലംഘനം നടത്തി എന്ന പരാതി വകുപ്പിന് കിട്ടിയിട്ടുണ്ടോ; അതിന്മേൽ വേണ്ട അന്വേഷണം നടത്തി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ; ഇല്ലെങ്കിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ;

(സി) മേൽ പറയുന്ന ഗുരുതര ആരോപണങ്ങൾ നേരിടുന്ന ജീവനക്കാരെ പ്രസ്തുത ആശുപത്രികളിൽ തുടർന്ന് നിയമിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## **പോലീസ് സേനയിലെ നിയമനങ്ങൾ**

5524 **ഡോ. മാത്യു കുഴൽനാടൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് സേനയിലെ വിവിധ വിഭാഗങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിനായി ഏതൊക്കെ റാങ്ക് ലിസ്റ്റുകൾ ആണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ഈ റാങ്ക് ലിസ്റ്റുകൾ ഏതൊക്കെ തീയതികളിലാണ് നിലവിൽവന്നതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത ഓരോ റാങ്ക് പട്ടികയിലും മെയിൻ ലിസ്റ്റിലും സപ്ലിമെന്ററി ലിസ്റ്റിലുമായി ആകെ എത്ര ഉദ്യോഗാർത്ഥികളെ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഈ റാങ്ക് പട്ടികകളിൽ നിന്നും നിലവിൽ ആകെ എത്രപേർക്ക് വീതം നിയമനം നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(സി) സമാന തസ്തികകളിലേക്കുള്ള നിയമനങ്ങൾക്കായി തയ്യാറാക്കിയ മുൻ റാങ്ക് പട്ടികകളുമായി താരതമ്യം ചെയ്താൽ നിലവിലെ റാങ്ക് പട്ടികകളിൽ നിന്നും നടത്തിയിട്ടുള്ള നിയമനം തുലോം കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചതെന്ന് വിശദമാക്കാമോ;

(ഡി) പോലീസ് സേനയിലെ അംഗബലം കൂട്ടുമെന്ന ബഹു. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ; കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പോലീസ് സേനയിലെ അംഗബലം കൂട്ടിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) സേനയിലെ വിവിധ വിഭാഗങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനായി തയ്യാറാക്കിയിട്ടുള്ള നിലവിലുള്ള റാങ്ക് പട്ടികകളിൽ നിന്നുള്ള ആകെ നിയമനം കുറവായതിനാൽ പ്രസ്തുത റാങ്ക് പട്ടികകളുടെ കാലാവധി കഴിയുന്ന മുറയ്ക്ക് ആയത് നീട്ടി കൊടുക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

## റാഗിംഗ് പരാതികളിൽ സ്വീകരിച്ച നടപടികൾ

5525 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഓരോ വർഷവും റാഗിംഗുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ റാഗിംഗ് കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചവയുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) റാഗിംഗ് കേസുകളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചു വരുന്നതുമായ കേസുകളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് നൽകാമോ;

(ഡി) മേൽപ്പറഞ്ഞ കാലയളവിൽ പോലീസിന് ലഭിച്ച പരാതികളിൽ നടപടികൾ സ്വീകരിക്കാതെ ഒഴിവാക്കിയ റാഗിംഗ് പരാതികളുടെ എണ്ണം എത്രയെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

## നഞ്ചിയമ്മയുടെ കുടുംബഭൂമി കേസ്

5526 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗായിക നഞ്ചിയമ്മയുടെ കുടുംബഭൂമി സംബന്ധിച്ച കേസിൽ അഗളിക്കോടതിയുടെ ഉത്തരവ് എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ വിശദാംശം നൽകുമോ;

(ബി) അട്ടപ്പാടിയിലെ ആദിവാസികൾ മുഖ്യമന്ത്രിയെ നേരിട്ട് കണ്ട്, വ്യാജരേഖ നിർമ്മിച്ച് ഭൂമി കയ്യേറുന്നതായി നൽകിയ പരാതിയിൽ എന്തെല്ലാം വിഷയങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്; പ്രസ്തുത പരാതിയിന്മേൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ എന്തെല്ലാം ശിപാർശകളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ ഉന്നതതല അന്വേഷണം നടത്തണമെന്ന ശിപാർശയിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

## കോടതി ഫീസ്, ഓൺലൈൻ ആയി അടയ്ക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ

5527 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി ഫീസ്, എൽ.ബി.എഫ്. എന്നിവ ഓൺലൈൻ ആയി അടയ്ക്കുന്നതിൽ അഡ്വക്കേറ്റുമാരും ക്ലർക്കുമാരും പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം പരിശോധിക്കുമോ;

(ബി) വലിയ തുക ഓൺലൈൻ ആയി അടയ്ക്കേണ്ടി വരുമ്പോൾ ബാങ്കുകളുടെ അക്കൗണ്ട് ട്രാൻസാക്ഷനിലെ നിയന്ത്രണങ്ങൾ മൂലം അക്കൗണ്ടിൽ ആവശ്യമായ പണമുണ്ടായിട്ടും യഥാസമയം പണം ട്രാൻസ്ഫർ ചെയ്യുന്നതിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ സ്റ്റാമ്പ് പേപ്പർ ഓൺലൈൻ ആയി ലഭിക്കുമെന്നുള്ളതിനാലും എത്ര വലിയ തുകയുടെ സ്റ്റാമ്പ് പേപ്പറും ഒറ്റ പേപ്പറായി പ്രിന്റ് ചെയ്യെടുക്കാമെന്നുള്ളതും കണക്കിലെടുത്ത് വലിയ തുക കോടതി ഫീസും എൽ.ബി. എഫും അടക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ ഇ-സ്റ്റാമ്പ് പേപ്പർ കൂടി ഇക്കാര്യത്തിനായി ഉപയോഗിക്കുന്ന തരത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തി നിർദേശങ്ങൾ നൽകുമോയെന്ന് വിശദമാക്കുമോ?

## ജീവനക്കാരുടെ സീനിയോറിറ്റി

5528 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം വകുപ്പുതല പരീക്ഷകൾ യഥാസമയം നടക്കാത്തതിനാൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പിന്റെ 21.10.2023-ലെ സ.ഉ.(കൈ) നമ്പർ 20/2023/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം ജീവനക്കാർക്ക് സീനിയോറിറ്റി നൽകുന്നതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ജീവനക്കാരിൽ നിന്നും വകുപ്പിന് ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) അതിൽ എത്ര പേർക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ടെന്നും ഇപ്രകാരം ലഭ്യമായ അപേക്ഷകളിന്മേൽ തീർപ്പുകൽപ്പിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

## കോടതികളിലെ ലാസ്റ്റ് ഗ്രേഡ് നിയമനങ്ങൾ

5529 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമീൻ, പ്രോസസ് സെർവർ തുടങ്ങിയ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകാത്തതുമൂലം വിവിധ കോടതികളിലെ ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമനങ്ങൾ നടത്താൻ കഴിയാത്ത സ്ഥിതിവിശേഷം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) വിവിധ കോടതികളിലായി ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കണക്കുകൾ ലഭ്യമാക്കാമോ;

(സി) 2026 മാർച്ച് 31 ന് മുൻപ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ആന്റിസിപ്പേറ്ററി ഒഴിവുകൾ ഉൾപ്പെടെയുള്ളവ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## ചേലക്കര ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ

5530 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ഇല്ല എന്നുള്ളത് കണക്കിലെടുത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആരംഭിക്കുന്നെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

## പാലാ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷൻ

5531 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഫയർ ആൻഡ് റസ്ക്യൂ സ്റ്റേഷനിൽ പ്രവർത്തനക്ഷമമല്ലാത്ത വാഹനങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വാഹനങ്ങൾ ലേലം ചെയ്തുമാറ്റി പുതിയവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) കടുത്ത വരൾച്ച ഉണ്ടാകാനിടയുള്ള സാഹചര്യത്തിൽ എഫ്.ആർ.വി., ആംബുലൻസ് ഉൾപ്പെടെയുള്ള വാഹനങ്ങൾ പ്രവർത്തനസജ്ജമല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വാഹനങ്ങൾ ഇൻഷ്വറൻസ് കവറേജ് സഹിതം പ്രവർത്തനസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) പാലാ ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷനിൽ എത്ര ഡ്രൈവർ തസ്തികയാണ് നിലവിലുള്ളതെന്നും പ്രസ്തുത തസ്തികയിൽ എത്രപേർ സേവനം അനുഷ്ഠിക്കുന്നുണ്ടെന്നും ഒഴിവുള്ളവ നികത്താൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ?

## വാഹനങ്ങൾ ഇല്ലാത്ത ജയിലുകളിൽ വാഹനങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

5532 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഉപയോഗപ്രദമായ നാലുചക്ര വാഹനങ്ങൾ ഇല്ലാത്ത സ്പെഷ്യൽ സബ്ജയിൽ/ സബ്ജയിലുകൾ ഏതെല്ലാം; വ്യക്തമാക്കുമോ;

(ബി) വാഹനം ഇല്ലാത്ത ജയിലുകളിൽ വാഹനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## തടവുകാരുടെ ജയിൽമാറ്റം

5533 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലാ ജയിലിലെ വനിതാ തടവുകാരെ വിയ്യൂർ വനിതാ ജയിലിലേക്ക് മാറ്റി പാലക്കാട് ജില്ലാ ജയിലിൽ പുരുഷ തടവുകാരെ പാർപ്പിക്കാൻ ജയിൽ വകുപ്പിൽ നിന്നും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏറ്റവും വലിയ ജില്ലയായ പാലക്കാടിലെ അട്ടപ്പാടി പോലുള്ള സ്ഥലങ്ങളിൽ നിന്നും ബന്ധുക്കൾക്ക് തടവുകാരെ കാണുന്നതിനും ജാമ്യം ലഭിച്ചാൽ ജാമ്യ ഉത്തരവ് അന്നേദിവസം ജയിലിൽ എത്തിക്കുന്നതിനും വിയ്യൂർ വളരെ ദൂരത്തിലാണ് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി

നിർത്തിവയ്ക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

## വൈപ്പിൻ മണ്ഡലത്തിലെ ജയിൽ നിർമ്മാണ നടപടികൾ

5534 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ കളക്ടറുടെ 19/7/2024-ലെ DLEKM/2433/2023-L7 നടപടിക്രമ പ്രകാരം പുതിയ ജയിൽ നിർമ്മിക്കുന്നതിനായി കേരള പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസ് വകുപ്പിന് അനുവദിച്ച് നൽകിയ വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജ്, ബ്ലോക്ക് 10-ൽ റീസർവ്വേ 300/1-ൽ പ്പെട്ട 19.03 ആർ വിസ്തീർണ്ണമുള്ള സ്ഥലത്ത് ജയിൽ നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

## അച്ചടി വകുപ്പിലെ ബൈ ട്രാൻസ്ഫർ നിയമനം

5535 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടിവകുപ്പിൽ ടെക്നിക്കൽ വിഭാഗത്തിൽ നിലവിൽ എത്ര തസ്തികകളാണുള്ളത്; ഇവയിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നത്; പ്രസ്തുത ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ എട്ടു വർഷങ്ങളിലായി അച്ചടി വകുപ്പിലെ ടെക്നിക്കൽ വിഭാഗത്തിൽ എത്ര തസ്തികയിലാണ് നിയമനം നടത്തിയത്; ഇതിൽ നേരിട്ടുള്ള നിയമനം, ബൈ ട്രാൻസ്ഫർ നിയമനം എത്രയെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സ്പെഷ്യൽ റൂൾസ് പ്രകാരമോ, എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരമോ ഏതെങ്കിലും വകുപ്പിൽ 10 ശതമാനത്തിൽ അധികം ബൈ ട്രാൻസ്ഫർ നിയമനത്തിന് നിലവിൽ വ്യവസ്ഥയുണ്ടെങ്കിൽ ആയത് 10 ശതമാനം ആയി അതത് വകുപ്പുകൾ സ്പെഷ്യൽ റൂളിൽ അടിയന്തരമായി ഭേദഗതി വരുത്തണമെന്നുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ ഉത്തരവ് നിലനിൽക്കെ, ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അച്ചടി വകുപ്പിൽ ലാസ്കർ, കൗണ്ടർ, പാക്കർ എന്നീ ക്ലാസ് ഫോർ ജീവനക്കാർക്ക് എൽ.ഡി ക്ലർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികളിൽ 10% നൽകുന്നതിന് പുറമെ ടെക്നിക്കൽ തസ്തികയിലേക്ക് 50% ബൈ ട്രാൻസ്ഫർ നിയമനം കൊടുക്കുന്നത്; ഇത് സംവരണം പാലിച്ചാണോ നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ നവകേരള സദസ്സ് പദ്ധതികൾ

5536 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി മഞ്ചേശ്വരം മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന്

വിശദമാക്കുമോ?

## കടൽ മണൽ ഖനനം

5537 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരത്ത് കടൽ മണൽ ഖനനം നടത്തുന്ന വിഷയത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പ് കേന്ദ്രത്തെ അറിയിക്കുകയുണ്ടായോ; ഏതൊക്കെ മാർഗങ്ങളിലൂടെയാണ് സംസ്ഥാനം കേന്ദ്രത്തെ എതിർപ്പ് അറിയിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച് സംസ്ഥാനം കേന്ദ്രത്തിന് അയച്ച കത്തുകളുടെയും യോഗ മിനിട്ട്സുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ബി) കടൽ മണൽ ഖനനം എതിർത്തുകൊണ്ട് കേന്ദ്രസർക്കാരിന് നൽകിയ അറിയിപ്പുകളിൽ സംസ്ഥാനം ഏതൊക്കെ ഘടകങ്ങളാണ് ചൂണ്ടിക്കാണിച്ചിരുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി ആഘാതങ്ങളെ സംബന്ധിച്ച് സംസ്ഥാനം ഔദ്യോഗിക പഠനങ്ങൾ എന്തെങ്കിലും സംഘടിപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ എന്തൊക്കെ ആഘാതങ്ങൾ ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്; വിശദമാക്കാമോ;

(ഡി) കടൽ മണൽ ഖനനം പവിഴപ്പുറ്റുകൾക്കും പാറക്കെട്ടുകൾക്കും നാശമുണ്ടാക്കുമെന്ന് പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പഠനങ്ങളിലാണ് ഇത് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

## കോഴിക്കോട് നഗരത്തിലെ കണ്ടൽക്കാടുകളുടെ നശീകരണം

5538 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ കണ്ടൽക്കാടുകളായി വിജ്ഞാപനം ചെയ്യപ്പെട്ട സ്ഥലങ്ങളിൽ കണ്ടലുകൾ വ്യാപകമായി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിനെതിരായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പരിസ്ഥിതിക്ക് ദോഷമാകുന്ന തരത്തിൽ കണ്ടലുകൾ നശിപ്പിക്കുന്നതിനെതിരെ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകുമോ?

## പരിസ്ഥിതി വകുപ്പിലെ ക്രമക്കേടുകൾ

5539 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ പരിസ്ഥിതി വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നും സംബന്ധിച്ച് വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

**ജൈവവൈവിധ്യ കർമ്മപദ്ധതി**

5540 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിതീവ്രമഴ, പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾ മനുഷ്യന്റെ ജീവനും സ്വത്തിനും കനത്ത നാശം ഉണ്ടാക്കുന്നതോടൊപ്പം ആവാസവ്യവസ്ഥയെയും തകർക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അനന്തരഫലങ്ങൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇന്ത്യയിലെ ഏറ്റവും മികച്ച ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമായി 2030-ൽ കേരളത്തെ മാറ്റുന്നതിനുള്ള ജനകീയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രാദേശിക ജൈവവൈവിധ്യ കർമ്മപദ്ധതിയിൽ ഹ്രസ്വ, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ സമീപത്തെ കെട്ടിട നിർമ്മാണം**

5541 **ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള തീരദേശ പരിപാലന അതോറിറ്റി ഡയറക്ടറുടെ 6.12.2024 ലെ 3149/എ1/ കെ.സി.ഇസഡ്.എം.എ. നമ്പർ ഉത്തരവ് പ്രകാരം വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ സമീപത്ത് വീട് നിർമ്മിക്കുന്നതിനുള്ള ദൂരപരിധിയും മറ്റ് നിബന്ധനകളും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സി.ആർ.ഇസഡ്. II, സി.ആർ.ഇസഡ്. III A, സി.ആർ.ഇസഡ്. III B തുടങ്ങിയ മേഖലകളിൽ വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയിൽ നിന്ന് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള ദൂരപരിധി എത്രയാണെന്നും പ്രസ്തുത കെട്ടിടങ്ങളുടെ സ്വഭാവം എങ്ങനെയായിരിക്കണമെന്നും വ്യക്തമാക്കാമോ;

(സി) ഈ മേഖലകളിൽ വേലിയേറ്റ സ്വാധീനമുള്ള ജലാശയത്തിന്റെ വേലിയേറ്റ രേഖയ്ക്ക് ഉള്ളിലായി നിലവിലുള്ള കെട്ടിടങ്ങൾക്ക് നിയമപരമായ പ്രശ്നങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) മേൽ പ്രസ്താവിച്ചത് കൂടാതെ മറ്റേതെങ്കിലും സി.ആർ.ഇസഡ്-ൽ കെട്ടിട നിർമ്മാണത്തിന് അനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

## തീരദേശ പരിപാലന നിയമം ലംഘിച്ച് വാണിജ്യ കെട്ടിടങ്ങൾ

5542 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം ലംഘിച്ച് വാണിജ്യാവശ്യങ്ങൾക്കായി നിർമ്മിച്ച കെട്ടിടങ്ങൾ എത്രയുണ്ടെന്ന് കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ?

## കൈപ്പമംഗലം മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

5543 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൈപ്പമംഗലം മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പേര്, തുക എന്നിവ തരം തിരിച്ച് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

5544 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ നിലവിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

## കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി

5545 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ തുടക്കം മുതൽ കേന്ദ്ര സർക്കാർ ഓരോ വർഷവും നൽകിയ തുകയും സംസ്ഥാന സർക്കാർ ഇതിൽ നിന്നും ചെലവഴിച്ച തുകയും അറിയിക്കാമോ;

(ബി) കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ തുടക്കം മുതൽ സംസ്ഥാന സർക്കാർ ഓരോ വർഷവും നൽകിയ തുകയും സംസ്ഥാന സർക്കാർ ഇതിൽ നിന്നും ചെലവഴിച്ച തുകയും അറിയിക്കാമോ?

## ആരോഗ്യവകുപ്പ് നടപ്പിലാക്കുന്ന സൗജന്യ ചികിത്സാ പദ്ധതികൾ

5546 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യവകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ സൗജന്യ ചികിത്സാ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ;

(ബി) ഓരോ ചികിത്സാ പദ്ധതിയിലും നാളിതുവരെ എത്ര തുകയുടെ ആനുകൂല്യം കുടിശികയായി വിതരണം ചെയ്യാനുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കുടിശിക നൽകാൻ നടപടി

5547 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശിക അടിയന്തരമായി നൽകി പ്രതിസന്ധിക്ക് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളിൽ അടക്കം കാരുണ്യ ചികിത്സാ പദ്ധതി വഴി രോഗികൾക്ക് നൽകിവരുന്ന തുക നിജപ്പെടുത്തുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

## എൻ.എച്ച്.എം. പദ്ധതി

5548 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റത് മുതൽ നാളിതുവരെ എൻ.എച്ച്.എം. പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രം നൽകാൻ കുടിശികയാക്കിയിട്ടുള്ള തുക എത്രയാണ്; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) കുടിശിക നൽകാത്തതിനുള്ള കാരണമായി കേന്ദ്രം അറിയിച്ചിട്ടുള്ളത് എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് നൽകാത്തത് കുടിശിക ലഭിക്കുന്നതിന് തടസ്സമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) 2021 മുതൽ ഓരോ വർഷവും സംസ്ഥാനം യൂട്ടിലിറ്റി സർട്ടിഫിക്കറ്റുകൾ നൽകിയ തപാലിന്റെ നമ്പരും, തീയതിയും വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനം സമർപ്പിച്ച സർട്ടിഫിക്കറ്റുകൾക്ക് അപാകതകൾ എന്തെങ്കിലും കേന്ദ്രം ചൂണ്ടിക്കാണിക്കുകയുണ്ടായോ; എങ്കിൽ അപാകതകൾ പരിഹരിച്ച് സർട്ടിഫിക്കറ്റ് സമർപ്പിച്ച തപാലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്'പദ്ധതി

5549 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ ചികിത്സയ്ക്കും പ്രതിരോധത്തിനും മുന്തിയ പരിഗണന നൽകിവരുന്നുണ്ടോ;

വ്യക്തമാക്കുമോ;

(ബി) 'കാരുണ്യ സ്പർശം - സീറോ പ്രോഫിറ്റ് ആന്റി കാൻസർ ഡ്രഗ്സ്'പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വിദേശ രാജ്യങ്ങളുടെ മാതൃകയിൽ കാൻസറിനെതിരെ വാക്സിനേഷൻ നൽകി പ്രതിരോധമാർജിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**<u>കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം</u>**

5550 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യമേഖലയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ ലക്ഷ്യമിട്ട് കേരള ഹെൽത്ത് സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രോഗ്രാം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) 'ആർദ്രം ആരോഗ്യം' ജീവിതശൈലീ രോഗ നിർണ്ണയ സ്ക്രീനിംഗിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജീവിതശൈലി രോഗസാധ്യത കൂടിവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>ആയുഷ്മാൻ ഭാരത് പദ്ധതിയിലൂടെ വയോജനങ്ങൾക്ക് സൗജന്യചികിത്സ</u>**

5551 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ആയുഷ്മാൻ ഭാരത് പദ്ധതി പ്രകാരം എഴുപത് വയസ്സ് കഴിഞ്ഞവർക്ക് പുതുതായി ഏർപ്പെടുത്തിയ സൗജന്യചികിത്സ സംസ്ഥാനത്ത് നടപ്പിലാക്കേണ്ടതില്ലെന്ന രീതിയിലുള്ള നിർദ്ദേശം ആശുപത്രികൾക്ക് നൽകിയിട്ടുണ്ടോ;

(ബി) കേന്ദ്രപോർട്ടലിലൂടെ നേരിട്ട് പദ്ധതിയുടെ ഭാഗമായി വയോവന്ദന കാർഡ് കിട്ടിയവർക്ക് സൗജന്യചികിത്സ നൽകുന്നതിന് എന്ത് സംവിധാനമാണ് കേരളത്തിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വയോജനങ്ങൾക്ക് വളരെയധികം ഉപകാരപ്രദമാകുന്ന ഈ ചികിത്സാ പദ്ധതി നടപ്പാക്കുന്നതിലെ വൈഷമ്യങ്ങൾ നീക്കി ഇവർക്ക് പദ്ധതി പ്രകാരമുള്ള സൗജന്യചികിത്സ നൽകുന്നതിന് സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>പൂഞ്ഞാർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>**

5552 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

**<u>ആർദ്രം ആരോഗ്യ പദ്ധതി</u>**

5553 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം ആരോഗ്യ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ ഏതെല്ലാം രോഗങ്ങളുടെ പരിശോധനകൾക്കാണ് പ്രാധാന്യം നൽകിയിരുന്നത്; വ്യക്തമാക്കാമോ?

**<u>കായംകുളം മണ്ഡലത്തിൽ 'ആർദ്രം' പദ്ധതി വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ</u>**

5554 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ 'ആർദ്രം' പദ്ധതി വഴി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അതിനു വേണ്ടി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും താലൂക്ക് ആശുപത്രി, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ എന്നിങ്ങനെ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പൊതുജനാരോഗ്യമേഖലയിലെ ഗുണനിലവാരം</u>**

5555 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷൻ ലക്ഷ്യം നിറവേറ്റുന്നില്ലെന്നും പൊതുജനാരോഗ്യമേഖലയിൽ ഗുണനിലവാരം കുറവാണെന്നുമുള്ള തരത്തിലുള്ള സി.എ.ജി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരോഗ്യരംഗത്ത് സംസ്ഥാനം അവകാശപ്പെടുന്ന നേട്ടങ്ങളെ പിന്നോട്ടടിക്കുന്നതാണ് ഈ കണ്ടെത്തലുകൾ എന്ന് കരുതുന്നുണ്ടോ; പ്രസ്തുത കണ്ടെത്തലുകൾക്ക് എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയതായി എത്ര ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

**<u>ആർദ്രം ജീവിതശൈലി രോഗനിർണ്ണയം</u>**

5556 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം ജീവിതശൈലി രോഗനിർണ്ണയ സ്ക്രീനിംഗിന്റെ രണ്ടാം ഘട്ടത്തിൽ എത്ര ലക്ഷം പേർ പങ്കാളികളായി എന്ന് വ്യകതമാക്കാമോ?

**<u>'ആർദ്രം ആരോഗ്യം' ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങൾ</u>**

5557 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ആർദ്രം ആരോഗ്യം' ജനകീയ ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് നടന്നു വരുന്ന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി 'ശൈലി' ആപ്പ് വഴി നടത്തിയ ആദ്യഘട്ട സ്ക്രീനിംഗിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നിന്നും എത്ര ആളുകളെയാണ്

കണ്ടെത്തിയിട്ടുള്ളത്; ഇവരെ ചികിത്സിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

**കായംകുളം താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടി**

5558 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്ക് ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനായി എത്തുന്ന പല കേസ്സുകളും ഫോറൻസിക് സർജൻ ഇല്ലാത്തതിനാൽ ആലപ്പുഴ മെഡിക്കൽ കോളേജിലേയ്ക്കാണ് കൊണ്ടു പോകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കായംകുളം താലൂക്ക് ആശുപത്രിയിൽ ഒരു ഫോറൻസിക് സർജനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെ സേവനം**

5559 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് മന്ത്രിയുടെ ചേംബറിൽ നടന്ന യോഗത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ നെഫ്രോളജിസ്റ്റിന്റെ സേവനം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ആഴ്ചയിൽ ഒരു ദിവസം നൽകാം എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എന്ത് തുടർനടപടി സ്വീകരിച്ചെന്ന് വിശദമാക്കാമോ?

**മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ**

5560 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിലെ പരിമിതികൾ മൂലം അന്തേവാസികൾ ചാടിപ്പോകുന്നതായും ആത്മഹത്യ ചെയ്യുന്നതായും കൊലപാതകങ്ങൾ നടക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**താലൂക്ക് ആശുപത്രികളിലെ കാർഡിയോളജി സംവിധാനങ്ങൾ**

5561 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി സംവിധാനം അനുവദിക്കാൻ കഴിയുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

**ഷൊർണ്ണൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്ക് അനുവദിച്ച ഫണ്ട്**

5562 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ഷൊർണ്ണൂർ മണ്ഡലത്തിലെ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്നും എത്ര തുക വീതമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

**കാസർഗോഡ് ജില്ലയിലെ ഡയാലിസിസ് കേന്ദ്രങ്ങൾ**

5563 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിൽ എത്ര ഡയാലിസിസ് കേന്ദ്രങ്ങളാണ് നിലവിലുള്ളത്; പേരുവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ജില്ലയിൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ഡയാലിസിസ് കേന്ദ്രങ്ങളിൽ പ്രത്യേക പരിചരണം ആവശ്യമുള്ള രോഗികൾക്കായി സ്പെഷ്യൽ ബെഡ് ക്രമീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ സ്പെഷ്യൽ ബെഡ് ക്രമീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലയിൽ സ്വകാര്യ ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ സ്വകാര്യ ഡയാലിസിസ് കേന്ദ്രങ്ങളിലെ ഫീസ് നിർണ്ണയം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണ പുരോഗതി**

5564 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ നിർമ്മാണ പ്രവൃത്തികൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയുടെ സിവിൽ ജോലികളുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിൽ ഉണ്ടോ; എങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ആശുപത്രി നിർമ്മാണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും പ്രവൃത്തികളുടെ കരാറുകൾ ഇനിയും നടപ്പിലാക്കാതെ ഉണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രി നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**പുളിങ്കുന്ന് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണം**

5565 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രി കെട്ടിട നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതി കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) നിലവിലെ പ്ലാൻ അതേപോലെ നടപ്പാക്കുന്നതിനും ഈ ആശുപത്രിയിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിനും സത്വര നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാസർഗോഡ് ജനറൽ ആശുപത്രിയിലെ തസ്തികകൾ

5566 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിലുള്ള തസ്തികകൾ (ഡോക്ടർമാരും മറ്റ് ജീവനക്കാരുമടക്കം) ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഏതെങ്കിലും ഒഴിഞ്ഞു കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കാലമായി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും ഇതുവരെ നികത്തപ്പെടാത്തത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കാമോ;

(സി) തസ്തികകൾ നികത്തപ്പെടാത്തതുകൊണ്ട് രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ഡി) ജനറൽ ആശുപത്രിയിൽ ആവശ്യം വേണ്ട ഡോക്ടർമാർ ഇല്ലാത്തത് ഏതു വകുപ്പിലാണെന്നും അത്തരം ഡോക്ടർമാർ ഇല്ലാത്ത സ്ഥിതി കാസർകോട് ജനറൽ ആശുപത്രിയിൽ ഉണ്ടോ എന്നും വ്യക്തമാക്കാമോ?

## മലപ്പുറം ജില്ലയിൽ ക്യാൻസർ ആശുപത്രി

5567 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗികൾ ഏറെയുള്ള മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സയ്ക്കായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള സംവിധാനങ്ങൾ ക്യാൻസർ ചികിത്സയ്ക്ക് പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ജില്ലയുടെ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഒരു ക്യാൻസർ ആശുപത്രി അടിയന്തരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മലപ്പുറം മണ്ഡലത്തിലെ ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കുന്നതിന് നടപടി

5568 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്ഗ്രേഡ് ചെയ്ത മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ നാളിതുവരെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ച് നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പൂക്കോട്ടൂർ പി.എച്ച്.സി.യെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയ 01.08.2021-ലെ സ.ഉ(സാധാ) നം. 1633/2020/ആ.കു.വ. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത പി.എച്ച്.സി.യിലുള്ള ഒഴിവുകളുടെ വിശദാംശം ലഭ്യമാക്കുമോ; ഈ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) മലപ്പുറം താലൂക്ക് ആശുപത്രി, പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി., പഞ്ചായത്ത് പി.എച്ച്.സി.കൾ, മറ്റു ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഒഴിവുകളുടെ ഗ്യാപ് അനാലിസിസ് നടത്തി തസ്തികകൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

## എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

5569 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ; പദ്ധതികൾ അനുവദിച്ചത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആംബുലൻസ് സേവനം

5570 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-യ്ക്ക് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയിട്ടുള്ള ആംബുലൻസിന് മതിയായ ഡ്രൈവർമാരെ അനുവദിച്ചിട്ടില്ലാത്തതിനാൽ രാത്രികാലങ്ങളിൽ അടിയന്തര ആവശ്യങ്ങൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആംബുലൻസിന്റെ സേവനം പൂർണ്ണമായും ലഭ്യമാക്കുന്നതിന് നിലവിലുള്ള ഡ്രൈവർമാരെ കൂടാതെ ഒരു ഡ്രൈവറെ കൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കാമോ;

(സി) അടിയന്തര ആവശ്യങ്ങൾക്ക് പ്രസ്തുത ആംബുലൻസിന് തൃശ്ശൂർ ജില്ലയ്ക്ക് പുറത്തേയ്ക്ക് പോകുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## <u>ആലത്തൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ ഉപകേന്ദ്രങ്ങൾ</u>

5571 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്ര സബ് സെന്ററുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത സബ്സെന്ററുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

## <u>കോഴിക്കോട് ഡെർമെറ്റോളജി ആശുപത്രിയുടെ സമഗ്ര വികസനത്തിനു പദ്ധതി</u>

5572 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഡെർമെറ്റോളജി ആശുപത്രിയുടെ സമഗ്ര വികസനത്തിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഡെർമെറ്റോളജി ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>മാവൂർ തെങ്ങിലക്കടവ് ക്യാൻസർ സെന്റർ</u>

5573 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ തെങ്ങിലക്കടവ് ക്യാൻസർ സെന്റർ നിലവിൽ ആരുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെന്റർ ഉപയോഗപ്പെടുത്താൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സെന്റർ ജില്ലാ പഞ്ചായത്തിനെ ഏൽപ്പിക്കാൻ തത്ത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങളിലെ കാലതാമസം ഒഴിവാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ സംയുക്തയോഗം വിളിച്ച് ചേർക്കുമോ; വിശദീകരിക്കുമോ?

## <u>ചേലക്കര മണ്ഡലം-കുടുംബാരോഗ്യ കേന്ദ്രം-രോഗികളുടെ എണ്ണം</u>

5574 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുള്ളത്; വിശദാംശം നൽകാമോ;

(ബി) ആർദ്രം മിഷൻ പദ്ധതിയിലൂടെ നേഴ്സുമാരുടെയും ഡോക്ടർമാരുടെയും അധിക തസ്തിക സൃഷ്ടിച്ച ശേഷവും ഒ.പി. സമയം വൈകുന്നേരം 6 മണി വരെയാക്കി കൊണ്ടുള്ള നടപടിക്ക് ശേഷവും മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇപ്രകാരം ഓരോ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഒരു ദിവസം എത്തുന്ന ശരാശരി രോഗികളുടെ എണ്ണം വ്യക്തമാക്കുമോ?

**ഞാറയ്ക്കൽ ആശുപത്രിയുടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം**

5575 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ താലൂക്ക് ആശുപത്രിയുടെ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പാതി വഴിയിൽ നിർത്തിവച്ചിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ; കരാറിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഒ.പി. ഐ.പി. രോഗികൾ**

5576 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആയുർവേദ, അലോപ്പതി, ഹോമിയോ, യുനാനി ഡിസ്പെൻസറികളിലും ആശുപത്രികളിലുമായി ദിവസേന ശരാശരി എത്ര ഒ.പി. രോഗികൾ ഉണ്ടെന്ന് വകുപ്പ് തിരിച്ചും സ്ഥാപനം തിരിച്ചും അറിയിക്കാമോ;

(ബി) ജില്ലയിലെ താലൂക്ക്, ജില്ലാ ആശുപത്രി, ജനറൽ ആശുപത്രികളിലായി എത്ര ഐ.പി രോഗികൾ നിലവിലുണ്ടെന്നും, ഇവിടങ്ങളിലെ ബെഡ് സ്ട്രെങ്ത്തിന്റെ എത്ര ശതമാനമാണ് ഇതെന്നും അറിയിക്കാമോ?

**ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക് നിർമ്മാണം**

5577 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 23,51,500/- രൂപ അനുവദിച്ചിട്ടുള്ള ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ ബ്ലഡ് ബാങ്ക് നിർമ്മാണ പ്രവൃത്തിക്ക് ലൈസൻസ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

**കൊണ്ടോട്ടി നഗരസഭയിലെ ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ**

5578 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നഗരസഭയിൽ ആയുഷ്മാൻ ആരോഗ്യ മന്ദിർ (നഗര ജനകീയ ആരോഗ്യ കേന്ദ്രം) എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; ഇതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നഗരസഭയിൽ ഏതെല്ലാം നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ കേന്ദ്രങ്ങളിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്നും ഇവിടെ നാഷണൽ ഹെൽത്ത് മിഷൻ മുഖേന ഏതെല്ലാം തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

## <u>എറണാകുളം ജനറൽ ആശുപത്രിയിൽ പെറ്റ് സ്കാൻ യൂണിറ്റ്</u>

5579 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജനറൽ ആശുപത്രിയിലെ ക്യാൻസർ സെന്ററിൽ കൊച്ചി സ്മാർട് സിറ്റി മിഷന്റെ സാമ്പത്തിക സഹായത്തോടെ എല്ലാ ആധുനിക സൗകര്യങ്ങളോടു കൂടിയ ഐ.സി.യു.വും, ന്യൂട്രോപീനിയ ഐ.സി.യു.വും ഉൾപ്പടെയുള്ള സംവിധാനങ്ങളോട് കൂടി 104 രോഗികളെ കിടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നേരത്തേ 45 ബെഡ് ഉണ്ടായിരുന്നപ്പോഴുള്ള ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും മാത്രമാണ് നിലവിലുള്ളത് എന്നതിനാൽ സ്റ്റാഫുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ബി) പെറ്റ് സ്കാൻ എടുക്കണമെങ്കിൽ വൻതുക മുടക്കി സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളത് എന്നതിനാൽ എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു പെറ്റ് സ്കാൻ യൂണിറ്റ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## <u>അങ്കമാലി താലൂക്കാശുപത്രിയിൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി</u>

5580 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി താലൂക്കാശുപത്രിയുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിരിക്കുന്നത് താലൂക്കാശുപത്രിയിൽ ചികിത്സ തേടുന്ന രോഗികളുടെ എണ്ണം മാനദണ്ഡമാക്കിയാണോയെന്ന് വ്യക്തമാക്കുമോ;

(ബി) ടി ആശുപത്രിയിൽ താലൂക്കാശുപത്രിക്ക് വേണ്ട ജീവനക്കാരുടെ എണ്ണം നിലവിൽ ഉണ്ടോ; ഇവിടെ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ടി ആശുപത്രിയുടെ നിലവിലെ സ്റ്റാഫ് പാറ്റേൺ മാറ്റി താലൂക്കാശുപത്രിക്ക് വേണ്ട ജീവനക്കാരെ നിയമിക്കാത്തതിൻറെ കാരണം വിശദമാക്കാമോ;

(ഡി) ടി ആശുപത്രിയെ താലൂക്കാശുപത്രിയായി ഉയർത്തിയത് എന്നാണ്; താലൂക്കാശുപത്രിയായി ഉയർത്തിയ ശേഷം വിവിധ വിഭാഗങ്ങൾക്ക് എത്ര തസ്തികകളാണ് പുതിയതായി അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ഇ) ടി ആശുപത്രിയിൽ ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലും ഒരു മാസം എത്ര പേരാണ് ചികിത്സയ്ക്കായി എത്തുന്നതെന്ന് വ്യക്തമാക്കാമോ; നിലവിലെ ജീവനക്കാരുടെ എണ്ണം വെച്ച് ഇത്രയും രോഗികളെ പരിചരിക്കുവാൻ കഴിയുന്ന സാഹചര്യമാണ് ഇവിടെ ഉള്ളതെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) അങ്കമാലി താലൂക്കാശുപത്രിക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നടപടി</u>**

5581 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും ഭക്ഷ്യസുരക്ഷാ വകുപ്പ് എത്ര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്; എത്ര സ്ഥാപനങ്ങളിൽ ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്; എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം ശക്തവും സജീവവുമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ചെറുപ്രായത്തിലെ ഹൃദയാഘാതം മൂലമുള്ള മരണങ്ങൾ</u>**

5582 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുപ്രായത്തിൽ തന്നെ ഹൃദയാഘാതം സംഭവിച്ച് ധാരാളം ആളുകൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2021 മുതൽ ഇതുവരെ സംസ്ഥാനത്ത് ഇത്തരത്തിൽ മരണം സംഭവിച്ചവരുടെ കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ഹൃദയാഘാതം സംഭവിക്കുന്നതിനുള്ള കാരണങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ; പരിശോധനയിലൂടെ ഹൃദയ സംബന്ധമായ പ്രശ്നങ്ങൾ മുൻകൂട്ടി അറിയുന്നതിന് നിലവിലുള്ള ഫലപ്രദമായ സംവിധാനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

**<u>പെട്ടെന്നുണ്ടായ അസുഖങ്ങൾ നിമിത്തം മരണപ്പെട്ടവർ</u>**

5583 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് അപകടമരണങ്ങൾ അല്ലാതെ, പെട്ടെന്നുണ്ടായ അസുഖങ്ങൾ നിമിത്തം മരണപ്പെട്ട 20 വയസ്സിനും 30

വയസ്സിനും ഇടയിൽ പ്രായമുള്ളവരുടെയും, 30 വയസ്സിനും 40 വയസ്സിനും ഇടയിൽ പ്രായമുള്ളവരുടെയും, 40 വയസ്സിനും 50 വയസ്സിനും ഇടയിൽ പ്രായമുള്ളവരുടെയും വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ?

## കുട്ടികളിലെ ന്യൂറോ ഡവലപ്മെന്റൽ ഡിസോർഡറുകൾ കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള പദ്ധതികൾ

5584 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ ഓട്ടിസം, പഠന വൈകല്യങ്ങൾ, ബുദ്ധിപരമായ വെല്ലുവിളികൾ എന്നീ ന്യൂറോ ഡവലപ്മെന്റൽ ഡിസോർഡറുകൾ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; പുതിയ എന്തെല്ലാം പദ്ധതികളാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഈ രംഗത്തെ വിദഗ്ധരെ പരിശീലിപ്പിക്കുന്നതിനും കൂടുതൽ ഗവേഷണം നടത്താനും പദ്ധതികളുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) കുട്ടികളിലെ ജനിതക രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വികസിപ്പിച്ച സംവിധാനങ്ങൾ വിശദമാക്കുമോ; പുതിയ പദ്ധതികൾ രൂപീകരിക്കുന്നതിലെ പുരോഗതി അറിയിക്കുമോ;

(ഡി) പ്രത്യേക സംരക്ഷണം വേണ്ട കുട്ടികൾക്ക് പീഡിയാട്രിക് പാലിയേറ്റീവ് കെയർ പദ്ധതി ആലോചനയിലുണ്ടോ; വിശദമാക്കാമോ?

## മറവി രോഗബാധിതരുടെ എണ്ണം

5585 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ട മറവി രോഗബാധിതരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രത്യേക പരിചരണം ആവശ്യമുള്ള ഇത്തരം രോഗികളുടെ ചികിത്സയ്ക്കായി സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

## കാൻസർ രോഗ നിർണ്ണയം

5586 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കാൻസർ രോഗനിർണ്ണയം നടത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## ടെലി മെന്റൽ ഹെൽത്ത് പദ്ധതി

5587 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വർദ്ധിച്ചുവരുന്ന മാനസികാരോഗ്യ പ്രശ്നങ്ങൾ ഏതൊക്കെയാണെന്നും അവയ്ക്ക് കാരണമാവുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്നും വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്; വർദ്ധിച്ചുവരുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കൂടുതൽ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; അറിയിക്കുമോ;

(സി) ടെലി മെന്റൽ ഹെൽത്ത് പദ്ധതിയുടെ പ്രധാന സേവനങ്ങൾ എന്തൊക്കെയാണ്; ഈ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ മാനസികാരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്താനും കൂടുതൽ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

## കേരളത്തെ ആരോഗ്യമേഖലയുടെ ഹബ്ബാക്കി മാറ്റുവാൻ നടപടി

5588 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആരോഗ്യമേഖലയുടെ ഹബ്ബ് ആക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

## ആശുപത്രികളിലെ മരുന്നുക്ഷാമം

5589 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ യഥാസമയം മരുന്നുകൾ ലഭിക്കാത്തതുമൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ മരുന്ന് യഥാസമയം ലഭിക്കാത്തതുമൂലം രോഗികൾ മരണപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## എം.എം.ആർ. വാക്സിൻ

5590 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടിനീര് വ്യാപനം തടയുന്നതിന് എല്ലാ കുട്ടികൾക്കും എം.എം.ആർ. വാക്സിൻ നൽകുന്നതിനാവശ്യമായ മരുന്ന് സൗജന്യമായി ലഭ്യമാക്കണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>സംസ്ഥാനത്തെ ജനങ്ങളുടെ മാനസികാരോഗ്യം</u>**

5591 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ മാനസികാരോഗ്യം സംബന്ധിച്ച് സാമ്പത്തികസർവേയിലെ നിരീക്ഷണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ജനങ്ങൾക്കിടയിൽ ആത്മഹത്യാ പ്രവണത ഉൾപ്പെടെ മാനസികാരോഗ്യ പ്രശ്നങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ, മാനസികാരോഗ്യ പരിചരണത്തിന് മുൻഗണന നൽകി കർമ്മപദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

**<u>ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാൻ നടപടി</u>**

5592 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ/സർക്കാർ ആശുപത്രികളിൽ നിന്നും പുറന്തള്ളപ്പെടുന്ന ബയോമെഡിക്കൽ വേസ്റ്റ് സുരക്ഷിതമായല്ല സംസ്കരിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ പി.എച്ച്.സി./സി.എച്ച്.സി.കളിൽ വേസ്റ്റ് സംസ്കരിക്കുന്ന സംവിധാനങ്ങൾ നിലവിലില്ല എന്ന കാര്യം ശ്രയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ബയോമെഡിക്കൽ വേസ്റ്റുകൾ സുരക്ഷിതമായി സംസ്കരിക്കാത്തത് മൂലമുണ്ടായേക്കാവുന്ന ആരോഗ്യപ്രശ്നങ്ങളെയും മാരകവ്യാധികളെയും സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം പഠനം നടത്തുവാനും മുൻകരുതലുകൾ എടുക്കുവാനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന അമിത ഫീസ്</u>**

5593 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികൾ ഈടാക്കുന്ന ഫീസ് സംബന്ധിച്ച വിവരം ആശുപത്രികൾ പരസ്യപ്പെടുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫീസ് വിവരം പരസ്യപ്പെടുത്താത്ത ആശുപത്രികൾക്കെതിരെ എന്ത് നടപടി സ്വീകരിയ്ക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ബി) അമിത ഫീസ് ഈടാക്കുന്നത് സംബന്ധിച്ച ആക്ഷേപം പൊതുജനങ്ങൾ ആർക്കാണ് സമർപ്പിക്കേണ്ടതെന്നും എത്ര പരാതികൾ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആശുപത്രികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

**<u>കാസർകോട് സർക്കാർ മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ</u>**

5594 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 30.11.2013-ന് തറക്കല്ലിട്ട കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിലവിലെ അവസ്ഥ അറിയിക്കുമോ; പതിനൊന്ന് വർഷം കഴിഞ്ഞിട്ടും മെഡിക്കൽ കോളേജ് യാഥാർത്ഥ്യമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇപ്പോൾ അവിടെ നടക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; ഏതെല്ലാം ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ഇതുവരെ നടന്നിട്ടുണ്ട്; ഇനി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ബാക്കിയുണ്ട്; ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾക്ക് കരാറുകാർക്ക് പണം നൽകാൻ ബാക്കിയുണ്ടോ; വ്യക്തമാക്കാമോ;

(സി) നിർമ്മാണം പൂർത്തീകരിക്കാൻ ഇനി എത്ര ഫണ്ട് വേണമെന്നും ആ ഫണ്ട് എങ്ങനെ ലഭ്യമാക്കാനാകുമെന്നും എല്ലാ കടമ്പകളും കടന്ന് മെഡിക്കൽ കോളേജ് എപ്പോൾ യാഥാർത്ഥ്യമാകുമെന്നുമുള്ള വിശദാംശം നൽകുമോ?

**<u>നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അധിക ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി</u>**

5595 **ശ്രീ. കെ. ആൻസലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ വിവിധ വിഭാഗങ്ങളിൽ അധിക ഡോക്ടർമാരെ നിയമിക്കുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ വിഭാഗത്തിൽ ആണ് അധിക ഡോക്ടർമാരെ നിയമിക്കാൻ ശിപാർശ ചെയ്തത് എന്ന് വ്യക്തമാക്കാമോ?

**<u>ഉടുമ്പൻചോല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിലെ തസ്തികകൾ</u>**

5596 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ; പ്രസ്തുത തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം; തസ്തികകളിൽ വന്നിരിക്കുന്ന ഒഴിവുകളുടെ എണ്ണം; എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ സ്ഥാപനങ്ങളുടെ പേര് തിരിച്ച് നൽകാമോ?

**<u>ആരോഗ്യമേഖലയിലെ പെൻഷൻ പ്രായം</u>**

5597 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും പെൻഷൻ പ്രായം എത്രയെന്ന് വ്യക്തമാക്കുമോ; ഡോക്ടർമാരുടെയും, ഇതര ജീവനക്കാരുടെയും പെൻഷൻ പ്രായത്തിലെ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും ഇതര ജീവനക്കാരുടെയും പെൻഷൻ പ്രായം എത്രയാണെന്ന് അറിയിക്കുമോ;

(സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും നഴ്സിംഗ് കോളേജ് ഫാർമസി കോളേജ് അടക്കമുള്ള സ്ഥാപനങ്ങളിലെ ട്യൂട്ടർമാരുടെയും പെൻഷൻ പ്രായമുയർത്തിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം ഉയർത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## നഴ്സിംഗ് അസിസ്റ്റന്റുമാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

5598 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന 43 ജീവനക്കാർക്ക് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിച്ച നൽകിയതു വഴി 56 വയസ്സ് പൂർത്തിയാക്കിയ ജീവനക്കാരെ മുൻകാല പ്രാബല്യത്തിൽ ജോലിയിൽ നിന്ന് പിരിച്ചു വിടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ നിർണ്ണയിച്ച് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള ജിവനക്കാരുടെ ജി.പി.എഫ്. ക്ലോസ് ചെയ്യുന്നതിന്, സ്പാർക്കിൽ ഇവരുടെ രേഖകളില്ലെന്ന തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ; ഇതു പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; അതിന്റെ രേഖകൾ നൽകാമോ; ഇത് പരിഹരിച്ച് എന്നത്തേക്ക് ഇവരുടെ ജി.പി.എഫ്. ആനുകൂല്യങ്ങൾ നൽകുമെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ?

## ആശുപത്രി ജീവനക്കാരുടെ കുറവ് പരിഹരിക്കാൻ നടപടി

5599 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ല, താലൂക്ക് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും പര്യാപ്തമായത്ര ഡോക്ടർമാർ,

നേഴ്സുമാർ തുടങ്ങിയ ജീവനക്കാർ ഇല്ലെന്ന ആക്ഷേപം പരിശോധിച്ചുണ്ടോ; വിശദമാക്കുമോ;

(ബി) ജീവനക്കാരുടെ അപര്യാപ്തത ആരോഗ്യരംഗത്ത് പ്രതിസന്ധി ഉണ്ടാക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) രോഗികളുടെ വർദ്ധനവിന് അനുസൃതമായി ആരോഗ്യ പ്രവർത്തകരെ നിയമിക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

**ആർ.സി.സി. യിലെ കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ**

5600 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി. യിൽ പത്ത് വർഷത്തിലധികമായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സ്റ്റാഫ് നേഴ്സ്മാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) യോഗ്യതയുള്ള ഇത്തരം നഴ്സുമാരെ അവർ ചെയ്യുന്ന സേവനത്തിന്റെ മൂല്യം ഉൾകൊണ്ട് സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഈ വിഷയം സംബന്ധിച്ച് നിലവിൽ ഫയൽ തുടങ്ങിയിട്ടുണ്ടോ; പ്രസ്തുത ഫയലിൽമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**ആരോഗ്യ രംഗത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്**

5601 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ തസ്തിക സൃഷ്ടിക്കുമെന്നും പുതിയ മെഡിക്കൽ കോളേജുകളുടെയും പുതിയ ബ്ലോക്കുകളുടെയും പ്രവർത്തനം സുഗമമാക്കുന്നതിന് വേഗത്തിലുള്ള നിയമനം നടത്തുമെന്നുമുള്ള മന്ത്രിയുടെ പ്രസ്താവനയുമായി ബന്ധപ്പെട്ട് ഏതൊക്കെ പുതിയ തസ്തികൾ സൃഷ്ടിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പി.എസ്.സി റാങ്ക് ലിസ്റ്റ് നിലനിൽക്കേ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന താൽകാലിക നിയമനങ്ങൾ സ്ഥിര നിയമനങ്ങൾക്ക് തടസ്സമാകുമെന്നതിനാൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാസർഗോഡ് മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ച പുതിയ കെട്ടിടത്തിൽ എം.ബി.ബി.എസ്. പഠനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിലപാട് വ്യക്തമാക്കാമോ;

(ഡി) ആരോഗ്യ രംഗത്ത് ഏതെങ്കിലും മേഖലയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മേഖലയിലാണെന്ന് വ്യക്തമാക്കാമോ;

(ഇ) കളമശ്ശേരി മെഡിക്കൽ കോളേജിൽ പുതിയ ബ്ലോക്കിന്റെ ഉൽഘാടനത്തോടനുബന്ധിച്ച് ഏതെല്ലാം തസ്തികയിലേക്കാണ് പുതിയ തസ്തിക സൃഷ്ടിക്കൽ ആവശ്യമായിട്ടുള്ളത്; എത്ര പുതിയ തസ്തിക വേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(എഫ്) ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്കിലേയ്ക്ക് അനുവദിച്ച തസ്തികകളിൽ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസം ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ജി) ആരോഗ്യ വകുപ്പിൽ എല്ലാ തസ്തികകളിലും താൽക്കാലിക നിയമനങ്ങൾ നടത്തുന്നതിന് പകരം പി.എസ്.സി. നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ. വ്യക്തമാക്കാമോ?

## കോഴിക്കോട് ജില്ലയിയിൽ ആരോഗ്യ വകുപ്പിലെ ഒഴിവുകൾ

5602 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ആരോഗ്യ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ, ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II എന്നീ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നതിന് 2024 മാർച്ച്, മെയ് മാസങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ലഭിച്ചിരുന്നോയെന്നും, പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിരുന്നോയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് നിയമനം നടത്താതിരുന്നെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്താത്തതുകാരണം നിലവിലെ ജീവനക്കാരുടെ ജോലി ഭാരം കൂടുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ആശുപത്രി വികസന സമിതികൾക്ക് കീഴിൽ ജോലി ചെയ്യുന്നവരുടെ പ്രായപരിധി

5603 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി വികസന സമിതികൾക്ക് കീഴിൽ ജോലി ചെയ്യുന്നവരുടെ പ്രായപരിധി എത്രയാണ്; ഇത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയിൽ എച്ച്.ഡി.എസിനു കീഴിൽ അറുപത്തിയഞ്ച് വയസ്സ് കഴിഞ്ഞവർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ എച്ച്.ഡി.എസിനു കീഴിൽ ജോലി ചെയ്യുന്നവരുടെ പേര്, ജനനത്തീയതി, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, ശമ്പളം എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ?

## ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥാനക്കയറ്റം

5604 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥാനക്കയറ്റം കൃത്യസമയത്ത് നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ കൃത്യസമയത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി/ഫൈലേറിയ)

5605 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടർ (എന്റമോളജി/ഫൈലേറിയ) തസ്തികയിൽ 01/06/2025 ന് വരുന്ന ഒഴിവിൽ നിയമനം നൽകുന്നതിന് ജില്ലാ മലേറിയ ഓഫീസർ, ബയോളജിസ്റ്റ് എന്നിവയിൽ ഏത് വിഭാഗത്തിൽ നിന്നുള്ളവർക്കാണ് നിയമനം ലഭിക്കേണ്ടത് എന്നത് വിശദമാക്കുമോ;

(ബി) 4/02/2025 ന് ചേർന്ന ഹയർ ഡി.പി.സി. യോഗത്തിൽ ഈ വർഷം ഉണ്ടാകുന്ന ഒഴിവുകളിലേക്ക് ആവശ്യമായ അത്രയും ജീവനക്കാരെ ഉൾപ്പെടുത്തി സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) 04/02/2025ന് ചേർന്ന ഹയർ ഡി.പി.സി. യോഗത്തിൽ ഏതൊക്കെ വിഭാഗത്തിൽ നിന്ന് ആരുടെയൊക്കെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിഗണിച്ചിരുന്നു എന്നത് ഇനം തിരിച്ച് വിശദമാക്കുമോ;

(ഡി) അസിസ്റ്റന്റ് ഡയറക്ടർ എന്റമോളജി/ഫൈലേറിയ നിയമനത്തിനായി നിലവിലുള്ള എക്സിക്യൂട്ടീവ് ഓർഡർ പരിഷ്കരിക്കുന്നതിനോ സ്പെഷ്യൽ റൂൾസ് കൊണ്ടുവരുന്നതിനോ സർക്കാർതലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ചുള്ള ഭേദഗതികൾ എന്തെല്ലാമാണെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും വിശദീകരിക്കുമോ?

## ഫീൽഡ് തല ഉദ്യോഗസ്ഥരുടെ നിയമനം

5606 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെക്ടർ ഡിസീസ് കൺട്രോൾ യൂണിറ്റുകൾക്ക് കീഴിൽ പ്രാണിജന്യ രോഗങ്ങൾ (വെക്ടർ ഡിസീസസ്) നിയന്ത്രിക്കുന്നതിന് ഫീൽഡ് തല ഉദ്യോഗസ്ഥരെ നിയോഗിക്കാറുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഫീൽഡ് തല ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, യോഗ്യത, പ്രായപരിധി എന്നിവ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഓരോ ജില്ലയിലും ഫീൽഡ് തല ഉദ്യോഗസ്ഥരുടെ തിരഞ്ഞെടുപ്പിന് വ്യത്യസ്ത മാനദണ്ഡങ്ങൾ ആണോ പാലിക്കുന്നതെന്നു വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ; മലപ്പുറം ജില്ലയിലെയും മറ്റ് ജില്ലകളിലെയും നിയമനരീതി എങ്ങനെയാണെന്ന് അറിയിക്കുമോ;

(ഡി) മറ്റ് ജില്ലകളിലെ പോലെ പ്രായപരിധി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ശ്രീമതി ഷൈനി മോൾ മുതൽ പേർ സമർപ്പിച്ച അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## <u>വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ വികസനം</u>

5607 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിലും (2016-21) ഈ സർക്കാരിന്റെ കാലയളവിലും വർക്കല മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ആയതിന് ഓരോ ആരോഗ്യ കേന്ദ്രങ്ങളിലും എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി നടപ്പിലാക്കാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് അധികമായി ആവശ്യമുള്ള ഫണ്ട് എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## <u>ക്യാൻസർ രോഗ ബോധവൽക്കരണവും രോഗനിർണ്ണയവും</u>

5608 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എം.വിജിൻ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്യാൻസർ രോഗ ബോധവൽക്കരണവും രോഗനിർണ്ണയവും വ്യാപിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ രോഗം തുടക്കത്തിലെ കണ്ടെത്തുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആരംഭത്തിൽ തന്നെ രോഗനിർണ്ണയം നടത്തുന്നതിനാലും നൂതനമായ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനാലും ക്യാൻസർ രോഗമുക്തരാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) രോഗമുക്തരുടെ സംഗമവും കലാ-കായിക മത്സര പരിപാടികളും സംഘടിപ്പിക്കുന്നതിനും വ്യത്യസ്ത മേഖലയിൽ കഴിവു തെളിയിച്ചവർക്ക് പ്രത്യേക പുരസ്കാരങ്ങൾ നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) രോഗമുക്തർക്ക് മത്രമല്ല, രോഗികൾക്കും കുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കും ആത്മ വിശ്വാസം പകരുന്നതിനും ക്യാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിനുമായി മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ</u>

5609 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ

കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നിനെയും സംബന്ധിച്ച് വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ ക്യാൻസർ കെയർ സെന്റർ

5610 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിലെ ജില്ലാ ആശുപത്രിയിൽ ക്യാൻസർ കെയർ സെന്റർ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) വിവിധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് മാവേലിക്കര മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയും അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ?

## സ്കൂൾ കൗൺസലർമാരുടെ കരാർ പുതുക്കൽ

5611 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യം സംരക്ഷിക്കുന്നതിന് സേവനം ചെയ്യുന്ന സ്കൂൾ കൗൺസലർമാരുടെ കരാർ പുതുക്കൽ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(ബി) സാങ്കേതിക കാരണങ്ങളാൽ കരാർ പുതുക്കാൻ കഴിയാതെ വരികയും ദിവസ വേതനത്തിൽ തുടരുകയും ചെയ്യുന്ന കൗൺസലർമാർക്ക് കരാർ പുതുക്കി നൽകുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്ന ആളുകൾക്ക് സേവന വേതന വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) സോഷ്യോ-സൈക്കോ കൗൺസലർമാരുടെ സേവനം കൂടുതൽ സ്ഥാപനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത കൗൺസലർമാർ ജോലി സ്ഥലത്തുണ്ടാകുന്ന അപകടങ്ങളെ തുടർന്ന് അവധിയിൽ പ്രവേശിക്കുമ്പോൾ അവരുടെ കരാർ പുതുക്കി നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഇളവ് വരുത്താൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മദ്യം, മയക്കുമരുന്ന്,മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം രോഗാവസ്ഥയിൽ ആയവർ

5612 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മദ്യം, മയക്കമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉപഭോഗം മൂലം രോഗാവസ്ഥയിൽ ചികിത്സ തേടിയവരുടെ എണ്ണവും ചികിത്സ തേടിയവരിൽ മരണപ്പെട്ടവരുടെ എണ്ണവും എത്രയാണ് എന്ന വിവരം വർഷം, ജില്ല എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കാമോ;

(ബി) മേൽപ്പറഞ്ഞവയുടെ ഉപഭോഗം മൂലം സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ആരെങ്കിലും ചികിത്സക്ക് എത്തുകയാണെങ്കിൽ പ്രസ്തുത വിവരം പോലീസിനെയോ എക്സൈസിനെയോ അറിയിക്കുന്ന സംവിധാനം നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ലഹരി വസ്തുക്കൾക്ക് അടിമപ്പെട്ടവരെ അതിൽ നിന്നും മോചിപ്പിക്കുന്നതിനു വേണ്ടി ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനു കീഴിൽ ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ്; വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തെ പാലിയേറ്റീവ് പ്രവർത്തനങ്ങൾ</u>

5613 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീമതി ദെലീമ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർ ദൈർഘ്യവും അണുകുടുംബ വ്യവസ്ഥയും മൂലം സംജാതമായിരിക്കുന്ന സാമൂഹിക വ്യവസ്ഥയും ക്രമാതീതമായി വർദ്ധിച്ച് വരുന്ന ജീവിത ശൈലി രോഗങ്ങളും ഒറ്റപ്പെടുന്ന വാർദ്ധക്യവുമെല്ലാം സംസ്ഥാനത്ത് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സർക്കാർ, സ്വകാര്യ മേഖലകളിലായി എത്ര അംഗീകൃത പാലിയേറ്റീവ് സെന്ററുകൾ പ്രർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വ്യക്തമാക്കുമോ;

(സി) സർക്കാർ, സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് സെന്ററുകളെ ഏകോപിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ഡി) നിലവിലെ പാലിയേറ്റീവ് പ്രവർത്തകർക്കും സംഘടനകൾക്കും രജിസ്ട്രേഷൻ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

## <u>ആശാവർക്കർമാരുടെ നിയമനം സംബന്ധിച്ച മാനദണ്ഡങ്ങൾ</u>

5614 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സംസ്ഥാനത്ത് നിയമിക്കേണ്ട ആശാവർക്കർമാരുടെ എണ്ണം സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) കേന്ദ്രസർക്കാർ ആണോ സംസ്ഥാന സർക്കാരാണോ ആശാവർക്കർമാരെ നിയമിക്കുന്നത്;

(സി) ആശാവർക്കർമാരുടെ ഓണറേറിയത്തിന്റെയും ഇൻസെന്റീവുകളുടെയും മറ്റാനുകൂല്യങ്ങളുടെയും നിരക്ക് സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കേന്ദ്രസർക്കാർ ആണോ സംസ്ഥാന സർക്കാർ ആണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആശാവർക്കർമാർക്ക് ഓണറേറിയവും ഇൻസെന്റീവുകളും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള തുക എൻ.എച്ച്.എമ്മിനായി അനുവദിക്കുന്ന തുകയിൽ നിന്നും സംസ്ഥാനത്തിന്റെ ഹിതപ്രകാരം അനുവദിക്കുകയാണോ കേന്ദ്രത്തിൽനിന്ന് ഇതിനായി പ്രത്യേകം തുക അനുവദിക്കുകയാണോ ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇക്കാര്യത്തിൽ സംസ്ഥാനത്തിന് തീരുമാനം എടുക്കാൻ കഴിയുമെങ്കിൽ ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>സ്കോർ കാർഡ് ഉപയോഗിച്ച് പ്രൊവിഷണൽ രജിസ്ട്രേഷന് അനുമതി</u>

5615 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻ.എം.സി.) നടത്തിയ ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സ് എക്സാമിനേഷൻ (എഫ്.എം.ജി.ഇ.) വിജയിച്ച വിദ്യാർത്ഥികൾക്ക് കേരളത്തിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം നൽകുമോ; വ്യക്തമാക്കാമോ;

(ബി) നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് (എൻ.ബി.ഇ.), എഫ്.എം.ജി.ഇ. എന്നിവ പാസ് ആയ ഡോക്ടർമാർക്ക് സ്കോർ കാർഡും പാസ് സർട്ടിഫിക്കറ്റും നൽകാറുണ്ട് എന്നിരിക്കെ സ്കോർ കാർഡ് ലഭിച്ചു കഴിഞ്ഞിട്ടും പാസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(സി) പാസ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി നാല് മുതൽ അഞ്ച് മാസം വരെ കാലതാമസം ഉണ്ടാകുന്നത് മൂലം, ഉദ്യോഗാർഥികൾ പല തട്ടിൽ ആകുകയും അവരുടെ ഇന്റേൺഷിപ്പും പല സമയങ്ങളിൽ ആയി മാറുന്ന ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ, എല്ലാവരുടെയും കയ്യിലുള്ള സ്കോർ കാർഡ് ഉപയോഗിച്ച് പ്രൊവിഷണൽ രജിസ്ട്രേഷന് അപേക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന ആരോഗ്യ പദ്ധതികൾ</u>

5616 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ അഴീക്കോട് മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ തുക ഉൾപ്പെടെയുള്ള വിശദവിവരം അറിയിക്കാമോ?

## പാരാമെഡിക്കൽ കോഴ്സുകൾ പൂർത്തിയാക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികൾ

5617 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാബ് ടെക്നീഷ്യൻ കോഴ്സ് (എം.എൽ.റ്റി.) പൂർത്തിയാക്കുന്നവർക്ക് പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പാരാമെഡിക്കൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാനായി നൽകുന്ന അപേക്ഷകളിന്മേൽ നടപടി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യഥാസമയം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റുകൾ നൽകാത്തതിനാൽ പല ഉദ്യോഗാർത്ഥികൾക്കും അവസരം നഷ്ടപ്പെടുന്ന സാഹചര്യമുള്ളതിനാൽ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കുന്നതിന് നിർദ്ദേശം നൽകുമോ;

(ഡി) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് 2024 വർഷത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്ക് സർട്ടിഫിക്കറ്റ് നൽകിയെന്നും വിശദമാക്കാമോ;

(ഇ) സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ആറ് മാസത്തിൽ കൂടുതൽ കാലതാമസം എടുക്കുന്നതിന് ഇടയാകുന്ന സാഹചര്യം വിശദമാക്കാമോ?

## കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ സേവനങ്ങൾ

5618 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് നിലവിലുള്ളത്; പ്രസ്തുത കേന്ദ്രങ്ങളിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഒരു കുടുബാരോഗ്യ കേന്ദ്രത്തിൽ എത്ര തസ്തികകളാണ് നിലവിലുള്ളത്; എന്തൊക്കെ സഹായങ്ങളും പരിശോധനകളുമാണ് അവിടെ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ എത്ര മണിക്കൂർ സേവനമാണ് ഡോക്ടർമാരിൽ നിന്നും ലഭിക്കുന്നത്; വ്യക്തമാക്കാമോ?

## വാമനപുരം കുടുംബാരോഗ്യ കേന്ദ്രം

5619 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ഒരു വർഷത്തിന് മുൻപ് ഉദ്ഘാടനം ചെയ്യപ്പെട്ട വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ ആധുനിക രീതിയിലുള്ള പുതിയ ഒ.പി.,

ഐ.പി. ബ്ലോക്ക് കെട്ടിടത്തിൽ ആശുപത്രി സേവനം ഇതുവരെയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് പുതിയ കെട്ടിടത്തിൽ സജ്ജമാക്കിയിട്ടുള്ളതെന്നും ഓരോന്നിനും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(സി) സംസ്ഥാന പാത ഒന്നിന്റെ പാതയോരത്ത് സ്ഥിതി ചെയ്യുന്നതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വാഹനാപകടത്തിൽപ്പെടുന്നവർക്ക് അത്യാവശ്യ ചികിത്സ ലഭ്യമാക്കുന്ന ആക്സിഡന്റ് & ട്രോമാകെയർ സംവിധാനം പ്രസ്തുത ആരോഗ്യകേന്ദ്രത്തിന് ഏർപ്പെടുത്താൻ കഴിയുമോ ; വിശദമാക്കാമോ?

**കോതമംഗലം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

5620 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ ജീവനക്കാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം കുടുംബാരോഗ്യ കേന്ദ്രങ്ങളിലാണ് പുതിയ തസ്തികൾ സൃഷ്ടിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ജീവനക്കാരുടെ സമയബന്ധിതമായ സേവനം ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ?

**കണ്ണൂർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകൾ**

5621 **ശ്രീ. എം.വിജിൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ ഫാർമസി ബിരുദാനന്തര കോഴ്സുകളായ എം.ഫാം. ഫാർമസി പ്രാക്ടീസ്, എം.ഫാം. ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കോഴ്സുകൾ ആരംഭിക്കാനുള്ള ഫാക്കൽറ്റികൾ നിലവിലുണ്ടെന്നിരിക്കെ, സർക്കാരിന് അധികബാധ്യത ഇല്ലാതെ തന്നെ കൂടുതൽ വിദ്യാർത്ഥികൾക്ക് ഗുണകരമാകുമെന്ന കോഴ്സുകൾ ആരംഭിക്കുന്നതിനു സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

**മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം**

5622 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ മൊഗ്രാൽ ഗവ. യുനാനി ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്ന നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദമാക്കുമോ?

## ചെറിയകൊണ്ണി ആയുർവേദാശുപത്രി കെട്ടിടനിർമ്മാണം

5623 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ അനുവദിച്ച ചെറിയകൊണ്ണി ആയുർവേദാശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി കാലതാമസം കൂടാതെ നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## മഞ്ചേശ്വരം താലൂക്ക് ആയുർവേദ ആശുപത്രി

5624 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ താലൂക്ക് ആയുർവേദ ആശുപത്രി ആരംഭിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## മാവിളകടവ് ആയുർവേദ ആശുപത്രി

5625 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളത്തൂർ ഗ്രാമപഞ്ചായത്തിലെ മാവിളകടവിൽ പ്രവർത്തിക്കുന്ന ഗവ. ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ആയുർവേദ മെഡിക്കൽ ഓഫീസർമാരുടെ കരിയർ അഡ്വാൻസ്മെൻറ് സ്കീമിലെ അപാകത പരിഹരിക്കുന്നതിന് നടപടി

5626 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിയർ അഡ്വാൻസ്മെന്റ് സ്കീമിന്റെ പ്രയോജനം ആയുർവേദ മെഡിക്കൽ ഓഫീസർമാർക്ക് ലഭിക്കുന്നില്ല എന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) ആരോഗ്യ മെഡിക്കൽ ഓഫീസർമാർക്ക് കരിയർ അഡ്വാൻസ്മെൻറ് സ്കീമിന്റേയും ടൈം ബൗണ്ട് ഹയർ ഗ്രേഡ്(TBHG)ന്റെയും പ്രയോജനം ലഭിക്കുമ്പോൾ, ആയുർവേദ മെഡിക്കൽ ഓഫീസർമാർക്ക് നിലവിലെ രീതിയിൽ കരിയർ അഡ്വാൻസ്മെൻറ് സ്കീം നടപ്പാക്കുന്നത് കൊണ്ട് പ്രത്യേകിച്ച് പ്രയോജനം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) എൻട്രിലെവൽ പാരിറ്റി നിലനിന്നിരുന്ന എൻജിനീയർ പോലുള്ള സമാന പ്രൊഫഷണൽ തസ്തികകളിൽ ഉള്ളവർക്ക് പോലും ടൈം ബൗണ്ട് ഹയർ ഗ്രേഡ്(TBHG)ന്റെയും കരിയർ അഡ്വാൻസ്മെൻറ് സ്കീമിന്റേയും പ്രയോജനത്താൽ ആയുർവേദ മെഡിക്കൽ ഓഫീസർമാരേക്കാൾ ഉയർന്ന വേതനം ലഭിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഈ വിഭാഗത്തിനുണ്ടായ നഷ്ടം നികത്തുന്നതിന് നിലവിലുള്ള കരിയർ അഡ്വാൻസ്മെൻറ് സ്കീം

കണക്കാക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കരണം വരുത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

**ആയുഷ് മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ**

5627 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ആയുഷ് മേഖലയിൽ നടത്തിവരുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആയുഷ് മേഖലയിലെ കേരളത്തിന്റെ മുന്നേറ്റം നീതി ആയോഗിന്റെ അഭിനന്ദനത്തിന് അർഹമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത മേഖലയുടെ വികസനത്തിനായി ഈ സർക്കാർ എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ ഭാഗമായി ആയുർവേദ-ഹോമിയോ ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഇ) സഹകരണ-ടൂറിസം മേഖലകളിലേയ്ക്ക് ആയുഷ് ചികിത്സാലയങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) വർക്കലയിലെ ഗവൺമെന്റ് പ്രകൃതി ചികിത്സാ ആശുപത്രിയെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി ആസൂത്രണം ചെയ്തുവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ?

**പുതിയ സിദ്ധ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി**

5628 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ആയുഷ് മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന എത്ര സിദ്ധ ക്ലിനിക്കുകളുണ്ട്;വ്യക്തമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര സിദ്ധ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥലം ലഭ്യമാക്കുന്ന പക്ഷം പുതിയ സിദ്ധ ക്ലിനിക്കുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**ജിമ്മുകളിലെ അനധികൃത മരുന്നുകളുടെ ദുരുപയോഗം**

5629 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിമ്മുകളിലെ അനധികൃത മരുന്നുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജിമ്മുകൾ കേന്ദ്രീകരിച്ച് ഉത്തേജക മരുന്നുകൾ അനധികൃതമായി ഉപഭോക്താക്കൾക്ക് നൽകി വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് തടയുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) യുവജനങ്ങളിൽ ഇത്തരത്തിലുള്ള മരുന്നുകളുടെ ദൂഷ്യഫലങ്ങളെപ്പറ്റി ബോധവത്ക്കരണം നൽകുന്നതിനായി ക്ലാസുകൾ നടത്താൻ വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ ;വിശദമാക്കാമോ?

## മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

5630 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ ഉപയോഗിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ വർഷവും ഡ്രഗ്സ് കൺട്രോൾ വകുപ്പ് റാൻഡം സാംപ്ലിങ്ങ് മുഖേന എത്ര മരുന്നുകൾ ടെസ്റ്റ് ചെയ്തിട്ടുണ്ട്; എത്ര മരുന്നുകൾ ഗുണനിലവാരം പാലിക്കുന്നില്ല എന്നു കണ്ടെത്തിയിട്ടുണ്ട്; ഏതൊക്കെ കമ്പനികളുടെ ഏതൊക്കെ മരുന്നുകളാണ് ഗുണനിലവാരം പാലിക്കാത്തതായി കണ്ടെത്തിയത്; ഇതിൽ സർക്കാർ കമ്പനികൾ ഉൾപ്പെടുന്നുണ്ടോ; പ്രസ്തുത മരുന്ന് നിർമ്മാതാക്കൾക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

## വനിതാ സംരംഭക പ്രദർശന വിപണന മേള

5631 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം വനിതാ വികസന കോർപ്പറേഷൻ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) 2025 ഫെബ്രുവരി മാസം തിരുവനന്തപുരത്ത് നടത്തിയ വനിതാ സംരംഭക പ്രദർശന വിപണന മേളയ്ക്കായി എത്ര തുക ചെലവഴിച്ചു എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേളയിൽ വനിതകൾ പുതുതായി എത്ര പദ്ധതികൾ അവതരിപ്പിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) വനിതാ വികസന കോർപ്പറേഷനിലെ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്ര വീതമാണെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

## വനിത-ശിശു വികസന വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ

5632 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനിത-ശിശു വികസന വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ അങ്കണവാടികൾ</u>

5633 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര അങ്കണവാടികളാണ് നിലവിലുള്ളത്; അവയിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ അങ്കണവാടികൾ</u>

5634 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ബി) അവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ ഏതെല്ലാം അങ്കണവാടികൾ നവീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

## <u>ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും, വകുപ്പിലെ മറ്റ് ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജോലി ഭാരം</u>

5635 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെയും, വകുപ്പിലെ മറ്റ് ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥരുടെയും ജോലി ഭാരം ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കുന്നതിനും, സമഗ്രമായ റിപ്പോർട്ടിനും പ്രശ്ന പരിഹാരങ്ങൾക്കുമായി വിരമിച്ച വനിതാ ജഡ്ജി ചെയർപേഴ്സൺ ആയ ഒരു കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വനിതാ ശിശു വികസന വകുപ്പ് എന്നീ മൂന്ന് വകുപ്പുകളുടെ പദ്ധതി നിർവഹണ ഉദ്യോഗസ്ഥരായി ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ ജോലി ചെയ്യുന്നുണ്ട് എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) പ്രസ്തുത അധിക ജോലിഭാരം മേൽ ജീവനക്കാരിൽ നിന്ന് ഒഴിവാക്കുന്നതിനും ത്രിതല പഞ്ചായത്ത് തല നിർവഹണ ഉദ്യോഗസ്ഥരായി സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I/ഗ്രേഡ് II ജീവനക്കാരെ പകരം നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) അങ്കണവാടികളിലെ പ്രീസ്കൂൾ കുട്ടികൾ, ശിശുക്കൾ, കൗമാരക്കാർ എന്നിവരുടെ മാനസിക-ശാരീരിക-ആരോഗ്യ -വിദ്യാഭ്യാസ കാര്യങ്ങളിലും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, സ്ത്രീകൾ എന്നിവർക്ക് നൽകുന്ന സേവനങ്ങളിലേക്കും ശ്രദ്ധകേന്ദ്രീകരിക്കുന്ന വിധം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും 'വനിതാ സൗഹൃദം' ആക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ അങ്കണവാടികൾ

5636 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്തതോ കെട്ടിടം അൺഫിറ്റായി ഉപയോഗപ്രദമല്ലാത്തതോ ആയ എത്ര അങ്കണവാടികളുണ്ട്; ഗ്രാമപഞ്ചായത്ത് തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിലെ അങ്കണവാടികളിലെ നിലവിലെ കുട്ടികളുടെ എണ്ണം എത്രയാണെന്ന് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ അങ്കണവാടി തിരിച്ച് ലഭ്യമാക്കാമോ?

## ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ജോലി ഭാരം

5637 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ജോലി ഭാരം സംബന്ധിച്ച് 21.02.2025 , 22.02.2025, 23.02.2025 തീയതികളിലെ ഒരു പത്ര വാർത്താപരമ്പര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയങ്ങൾ പഠിച്ച് സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രശ്നപരിഹാരങ്ങൾക്കുമായി വിരമിച്ച വനിതാ ജഡ്ജി ചെയർപേഴ്സൺ ആയ ഒരു കമ്മീഷനെ നിയമിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## വനിത-ശിശുവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ

5638 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശുവികസന വകുപ്പിലുള്ള സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച ധനസഹായം എത്രയാണെന്ന് കണക്കുകൾ സഹിതം വ്യക്തമാക്കാമോ;

(ഡി) കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

## പോഷൻ അഭിയാൻ പദ്ധതി

5639 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷൻ അഭിയാൻ പദ്ധതിയുടെ ഭാഗമായി 2019 മുതൽ 2025 വരെ കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ജോലി ചെയ്തു വരുന്ന 150 ൽ അധികം കരാർ ജീവനക്കാരുടെ ശമ്പളം എല്ലാ മാസവും വൈകുന്നതായി വ്യാപകമായ പരാതി നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപായി പ്രസ്തുത ജീവനക്കാരുടെ ശമ്പളം മാറി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി 2025-2026 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായ പോഷൻ ട്രാക്കർ ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയറിലെ മൊഡ്യൂളുകൾ സംസ്ഥാനത്തെ സാഹചര്യങ്ങൾക്കനുസരിച്ച് പരിഷ്കരിക്കുന്നതിന് കേന്ദ്രസർക്കാരിൽ പ്രൊപ്പോസൽ നൽകുമോ; വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ വനിത-ശിശുവികസന വകുപ്പിന്റെ പദ്ധതികൾ

5640 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് വനിത-ശിശുവികസന വകുപ്പ് മുഖേന പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിന്റെ തുകയും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## അങ്കണവാടി ജീവനക്കാരുടെ പെൻഷൻ

5641 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ടി. സിദ്ദിഖ്**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് നൽകാനുള്ള പെൻഷൻ അതതു മാസം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**കുട്ടികളെ ദത്തെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നിബന്ധനകളും**

5642 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ ദത്തെടുക്കുന്നതിനായി നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളും നിബന്ധനകളും നടപടിക്രമങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി രജിസ്റ്റർ ചെയ്യേണ്ട അതോറിറ്റികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) കുട്ടികളെ ദത്തെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യുന്ന ദമ്പതികൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 23.06.2014 -ൽ സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ, വാർഡ് 7, സ്കന്ദ നിവാസിലെ പി.ജി വേണുഗോപാൽ, പി.ഗീതാകുമാരി ദമ്പതികൾക്ക് നാളിതുവരെ കുട്ടികളെ ദത്ത് ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

**ഹോട്ടലുകൾക്ക് സ്റ്റാർ റേറ്റിംഗ്**

5643 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണത്തിന്റെയും മറ്റ് സൗകര്യങ്ങളുടെയും നിലവാരം വിലയിരുത്തി ഹോട്ടലുകൾക്ക് സ്റ്റാർ റേറ്റിംഗ് നൽകാൻ ആലോചനയുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ചുമതല ആരെ ഏൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

**ഹോട്ടലുകളിൽ നിന്നും ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കാൻ നടപടി**

5644 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ ഹോട്ടലുകളിൽ നിന്നും ഭക്ഷ്യവിഷബാധ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഹോട്ടലുകളിൽ ആഹാരം പാർസൽ ചെയ്യുന്നതിനായി പ്ലാസ്റ്റിക് കവറുകൾക്ക് പകരം അലുമിനിയം ഫോയിൽ ഉപയോഗിക്കുന്നത് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്?

## ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനുള്ള പരിശോധനകൾ

5645 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് വകുപ്പ് സംസ്ഥാനത്ത് നടത്തുന്ന പരിശോധനകളിൽ ഉദ്യോഗസ്ഥക്ഷാമം മൂലം കുറവ് വന്നിട്ടുണ്ടോ; മതിയായ ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാണോ; വിശദമാക്കുമോ;

(ബി) മെഡിക്കൽ പരിശോധന നടത്തി ഹെൽത്ത് സർട്ടിഫിക്കറ്റ് ലഭിച്ച ജീവനക്കാരെയാണ് ഹോട്ടൽ ജോലിക്ക് നിയോഗിക്കുന്നതെന്ന് ഉറപ്പാക്കാൻ നിലവിൽ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ;

(സി) വിനോദസഞ്ചാരമേഖലയിലും മറ്റും വൈകുന്നേരം മാത്രം പ്രവർത്തിക്കുന്ന ആഹാരവിൽപ്പന കേന്ദ്രങ്ങളിൽ മതിയായ പരിശോധനകൾ നടത്തുന്നുണ്ടോ; വിശദമാക്കുമോ?

## കെ-സ്റ്റോർ സേവനങ്ങൾ

5646 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോറുകളിൽ നിന്ന് ഭാവിയിൽ എന്തെല്ലാം സേവനങ്ങൾ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കാൻ നടപടി

5647 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ൽ ശ്യാം സുന്ദരൻ നായർ ചെയർമാനായ പാഡി എക്സ്പേർട്ട് കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെ 37-ാം നമ്പർ നിർദ്ദേശ പ്രകാരം കേന്ദ്രസർക്കാർ നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കുമ്പോൾ 150 ശതമാനം സംസ്ഥാന സർക്കാരും വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശ പ്രകാരം സംസ്ഥാന സർക്കാർ ഏറ്റവും അവസാനമായി താങ്ങുവില വർദ്ധിപ്പിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(സി) താങ്ങുവില വർദ്ധിപ്പിക്കുന്ന നടപടി നിർത്തിവെച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) എങ്കിൽ എന്നുമുതലാണ് നിർത്തിവെച്ചതെന്നും എന്തുകൊണ്ടാണ് താങ്ങുവില വർദ്ധിപ്പിക്കാത്തതെന്നും നിർത്തിവെച്ച വർദ്ധന എപ്പോൾ പുനരാരംഭിക്കുമെന്നും വിശദമാക്കുമോ?

## ഭക്ഷ്യ പൊതുവിതരണ വകുപ്പ് കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

5648 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയെന്നും കായംകുളം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക ഇവയുടെ വിശദാംശങ്ങളും അറിയിക്കാമോ?

## ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് കണ്ടെത്തലുകൾ

5649 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് പദ്ധതികൾ

5650 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളും അനുവദിച്ച തുകയും വിശദമാക്കുമോ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാർ വിഹിതങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ?

## വിശപ്പു രഹിത കേരളം പദ്ധതി

5651 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിക്കായി നാളിതുവരെ അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെ എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്ക് മാറി നൽകുവാനുള്ള തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അശരണരായ കിടപ്പുരോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുവാൻ

നടപടി സ്വീകരിക്കുമോ?

**വിശപ്പ് രഹിത കേരളം, സുഭിക്ഷ, സ്നേഹജാലകം പദ്ധതികൾ**

5652 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അശരണരായ കിടപ്പ് രോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും എറെ പ്രയോജനകരമായ 'വിശപ്പ് രഹിത കേരളം' പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് എറെ പ്രയോജനകരമായ 'സുഭിക്ഷ', 'സ്നേഹജാലകം' എന്നീ പദ്ധതികൾ തുടർന്നും നടത്തിക്കൊണ്ട് പോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**2013 -ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം**

5653 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം-2013 പ്രകാരം റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയോഗിച്ച വകുപ്പുതല സമിതിയുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

**റേഷൻ കാർഡുകളുടെ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

5654 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തരം റേഷൻ കാർഡുകളുടെ ഉപഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) ഏതെങ്കിലും കാർഡിന് ഏതെങ്കിലും സാഹചര്യത്തിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകാറുണ്ടോ; വ്യക്തമാക്കാമോ?

**റേഷൻ കിറ്റ് കമ്മീഷൻ**

5655 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കിറ്റ് കമ്മീഷൻ കുടിശ്ശികയിൽ ഇനി നൽകാനുള്ള 50% തുക കോടതി വിധി നേടിയ മുഴുവൻ റേഷൻ വ്യാപാരികൾക്കും എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

**നിർത്തലാക്കപ്പെട്ട റേഷൻ കടകൾ തുറക്കുന്നതിന് നടപടി**

5656 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കാരണങ്ങളാൽ സംസ്ഥാനത്ത് നിർത്തലാക്കിയ റേഷൻ കടകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റേഷൻ കടകൾ അവയുടെ കുറവുകൾ പരിഹരിച്ച്, അത് നടത്തിയിരുന്നവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ തന്നെ അവയുടെ ലൈസൻസ് തിരികെ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ റേഷൻ കടകൾ

5657 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുവെന്നും അവയിൽ ഏതെല്ലാം റേഷൻ കടകളാണ് കെ-സ്റ്റോറുകളാക്കിയതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കാമോ;

(ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ പുതിയതായി എത്ര റേഷൻ കടകൾ പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പുതിയതായി റേഷൻ കട അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിന് നടപടി

5658 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കടകൾ ആരംഭിക്കുന്നതിന് സർക്കാർ നിയന്ത്രണം കൊണ്ടുവന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മാവൂർ ഗ്രാമപഞ്ചായത്തിലെ കുതിരാടത്ത് പുതിയ റേഷൻ കട അനുവദിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച തീരുമാനം വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

## റേഷൻ വ്യാപാരികളുടെ കമ്മീഷനുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കാൻ നടപടി

5659 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-ൽ ഭക്ഷ്യ ഭദ്രത നിയമം നിലവിൽ വന്നപ്പോൾ റേഷൻ വ്യാപാരികളുടെ കമ്മീഷനുമായി ബന്ധപ്പെട്ട തർക്കം പരിഹരിക്കുന്നതിന് റേഷൻ വ്യാപാരികളുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചയിൽ ആറ് മാസത്തിനുള്ളിൽ ഒരു കമ്മീഷനെ വെച്ച് കാര്യങ്ങൾ പഠിച്ച് പുന:ക്രമീകരിക്കാമെന്ന് ഉറപ്പ് നൽകിയിരുന്നോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

5660 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെ-സ്റ്റോറുകളായി മാറ്റുവാൻ ഏതെല്ലാം റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും അവയിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) കെ-സ്റ്റോർ പദ്ധതി പൂർണ്ണമായും നടപ്പിലാവുന്നതോടെ ലഭ്യമാവുന്ന സേവനങ്ങളുടെ വിശദവിവരം നൽകുമോ?

## റേഷൻ മസ്റ്ററിംഗ്

5661 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ മുൻഗണനാ വിഭാഗത്തിലുള്ള മഞ്ഞ, പിങ്ക് റേഷൻ കാർഡുകളിൽ ഉൾപ്പെട്ട മസ്റ്ററിംഗ് നടത്താത്ത പതിനൊന്നര ലക്ഷം പേരുടെ റേഷൻ മരവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത്തരം കടുത്ത നടപടി സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സമയബന്ധിതമായി മസ്റ്ററിംഗ് നടത്താൻ സാധിക്കാത്ത കിടപ്പുരോഗികളും നിരാലംബരുമായ ആളുകളുടെ റേഷൻ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ

5662 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ എത്ര റേഷൻ കടകൾ നിലവിൽ കെ-സ്റ്റോറുകൾ ആക്കി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ കൂടുതൽ കെ-സ്റ്റോറുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

## ആദിവാസി മേഖലകളിലെ റേഷൻ വിതരണം

5663 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി അധിക തുക സിവിൽ സപ്ലൈസ് വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേഖലകളിൽ റേഷൻ സാധനങ്ങൾ നേരിട്ട് എത്തിക്കുന്നതിനായി അധിക ജീവനക്കാരെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്ക് ആവശ്യമായ വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത മേഖലകളിൽ റേഷൻ നേരിട്ട് എത്തിക്കുന്നതിനോടൊപ്പം 'ഉന്നതി'കളിലെ ഗർഭിണികൾക്ക് ആവശ്യമായ പോഷകാഹാരം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## ഒരു രാജ്യം ഒരു റേഷൻ കാർഡ്

5664 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു രാജ്യം ഒരു റേഷൻ കാർഡ് പദ്ധതി പ്രകാരം എൻ.എഫ്.എസ്.എ. റേഷൻ ഗുണഭോക്താക്കൾക്ക് രാജ്യത്തെ ഏത് റേഷൻ കടകളിൽ നിന്നും റേഷൻ സാധനങ്ങൾ ബയോമെട്രിക് സംവിധാനത്തിലൂടെ വാങ്ങാവുന്നതാണെന്നിരിക്കെ ധാരാളം അതിഥി തൊഴിലാളികൾ താമസിക്കുന്ന നമ്മുടെ സംസ്ഥാനത്ത് റേഷൻ സാധനങ്ങൾ ഇത്തരത്തിൽ നൽകിവരുന്നുണ്ടോ; എങ്കിൽ പ്രസ്തുത ഗുണഭോക്താക്കളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

## ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിലെ കുടിശികകൾ

5665 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ അരി വിതരണ കരാറുകാർക്ക് എത്ര രൂപയുടെ കുടിശ്ശികയാണ് നാളിതുവരെ നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; കരാറുകാർക്ക് യഥാസമയം തുക അനുവദിക്കാത്തത് റേഷൻ കടകൾ വഴിയുള്ള അരി വിതരണത്തെ പ്രതിസന്ധിയിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനെ ഏതെല്ലാം വിധത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വകുപ്പ് നിലവിൽ കൊടുത്തു തീർക്കുവാനുള്ള കുടിശികകൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; കുടിശിക തുക സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ആരംഭിച്ച കെ-സ്റ്റോർ പദ്ധതി പരാജയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കെ-സ്റ്റോറിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാക്കുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

## എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള അരിവിതരണത്തിലുള്ള കാലതാമസം

5666 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ നിന്നും റേഷൻ കടകളിലേക്കുള്ള അരിവിതരണത്തിന് കാലതാമസം നേരിടുന്നതും തടസ്സപ്പെടുന്നതും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ?

## കോതമംഗലം താലൂക്കിലെ റേഷൻകടകളിൽ മട്ടയരി വിതരണം

5667 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ റേഷൻ കടകളിൽ മട്ടയരി വിതരണം ചെയ്യാനാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2025 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കോതമംഗലം താലൂക്കിലെ റേഷൻകടകളിൽ മട്ടയരി വിതരണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) താലൂക്ക് സപ്ലൈ ഓഫീസിൽ നിന്നും ഓരോ വിഭാഗത്തിനും മാസം തോറും വിതരണം ചെയ്യേണ്ട അരിയുടെ അളവ് കൃത്യസമയത്ത് നിശ്ചയിച്ച് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## സപ്ലൈകോയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

5668 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള കാലയളവിലെ സപ്ലൈകോയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പുതലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

## സപ്ലൈകോയിലെ ഇ ടെൻഡർ നടപടികൾ

5669 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സപ്ലൈകോയിലെ ഇ ടെൻഡർ നടപടികളുമായി ബന്ധപ്പെട്ട് എന്തൊക്കെ ക്രമക്കേടുകൾ ആണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പ് എന്തൊക്കെ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്; ഏതൊക്കെ ഉദ്യോഗസ്ഥർക്കും സ്ഥാപനങ്ങൾക്കും എതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയുള്ള നെല്ല് സംഭരണം

5670 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന നെല്ല് യഥാസമയം സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) നെല്ല് സംഭരണത്തിന് മണ്ഡലം അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പട്ടാമ്പി മണ്ഡലത്തിൽ കർഷകർ ഉത്പ്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകാമോ?

## സപ്ലൈകോയുടെ വിപണി ഇടപെടലിനായി ചെലവഴിച്ച തുക

5671 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും സപ്ലൈകോയുടെ വിപണി ഇടപെടലിനായി വകുപ്പ് ആവശ്യപ്പെട്ട തുകയും വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഏതൊക്കെ ഇനത്തിൽ എത്ര രൂപ വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ?

## സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ

5672 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ലാഭകരമല്ലാത്തതിന്റെ പേരിൽ എത്രയെണ്ണം അടച്ചുപൂട്ടിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) ഉപഭോക്താവിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് സപ്ലൈകോ മെഡിക്കൽ സ്റ്റോർ മുഖേന എത്ര തുകയുടെ സബ്സിഡി ആനുകൂല്യങ്ങൾ പൊതുജനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

## സപ്ലൈക്കോ ഔട്ട് ലെറ്റുകളിലെ ജീവനക്കാരുടെ പുനർവിന്യാസം

5673 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോ ഔട്ട് ലെറ്റുകളിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ ചിലയിടത്ത് ഒന്നിലധികം ഔട്ട് ലെറ്റുകളുടെ ചാർജ് ഒരു സ്ഥിരം

ജീവനക്കാരൻ തന്നെ വഹിക്കുമ്പോൾ അതിനു വിരുദ്ധമായി മറ്റ് ചില ഔട്ട് ലെറ്റുകളിൽ രണ്ട് സ്ഥിരം ജീവനക്കാരും ദിവസവേതനക്കാരും ജോലി ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരക്കുള്ള ഔട്ട് ലെറ്റുകളിൽ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഒരു റീജിയണിൽ അഞ്ച് വർഷത്തിലധികം ജോലി ചെയ്യുന്നവരെ പുനർവിന്യസിക്കുന്നതിന് നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

## കർഷകരുടെ ആശങ്കകൾ പരിഹരിക്കാൻ സമിതി

5674 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം സംബന്ധിച്ചുള്ള കർഷകരുടെ ആശങ്കകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഒരു സ്ഥിരം സമിതി രൂപീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## അനധികൃത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങൾ

5675 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത ഗ്യാസ് ഫില്ലിംഗ് കേന്ദ്രങ്ങളിൽ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരുന്നോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അനധികൃത ഗ്യാസ് ഫില്ലിംഗ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള സമരങ്ങൾ

5676 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള സമരങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) എങ്കിൽ സമരം നടത്തിയവരുമായി ചർച്ച നടത്തിയിരുന്നോയെന്നും എന്തെല്ലാം ഉറപ്പുകളാണ് സമരം നടത്തിയവർക്ക് നൽകിയതെന്നും അറിയിക്കുമോ;

(സി) അപ്രകാരം നൽകിയ ഉറപ്പുകളിൽ ഏതെല്ലാം പാലിക്കാൻ സാധിച്ചിട്ടുണ്ടെന്നും പരിഗണിക്കാൻ കഴിയാതെപോയ ഉറപ്പുകൾ ഏതെല്ലാമായിരുന്നുവെന്നും വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ

5677 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ 2016-ന് ശേഷം പുതിയ എത്ര മാവേലി സ്റ്റോറുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ

5678 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എവിടെയാണ് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

5679 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ ?

## ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ പ്രമോഷൻ

5680 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ക്ലാസ് ഫോർ ജീവനക്കാരുടെ ബൈട്രാൻസ്ഫർ പ്രമോഷൻ പി.എസ്.സി. നടത്തുന്ന എഴുത്ത് പരീക്ഷയുടെയും പ്രാക്ടിക്കൽ പരീക്ഷയുടെയും അടിസ്ഥാനത്തിലായിരുന്നോ; വിശദമാക്കുമോ;

(ബി) 2018-ൽ ഇറക്കിയ സ്പെഷ്യൽ റൂളിൽ മേൽ യോഗ്യത സംബന്ധിച്ച സ്പഷ്ടീകരണം ഇല്ലാത്തതിനാൽ യോഗ്യത നേടിയിട്ടില്ലാത്ത ഏതെങ്കിലും ജീവനക്കാർക്ക് പ്രമോഷൻ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്പെഷ്യൽ റൂളിൽ വന്നിട്ടുള്ളതായി പറയപ്പെടുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) 27.12.2018-ലെ സ്പെഷ്യൽ റൂളിൽ നിഷ്കർഷിക്കുന്ന യോഗ്യതയില്ലാത്തവരെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമിക്കുന്നത് സംബന്ധിച്ച് കോടതി ഉത്തരവ് നിലവിലുണ്ടോ;

(ഇ) സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് നിലവിലുള്ള 14 ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഭേദഗതി എപ്പോൾ നിലവിൽ വരുമെന്ന് വ്യക്തമാക്കാമോ?

## സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ നിയമനം

5681 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികയുടെ വിവിധ ജില്ലകളിലേക്കുള്ള റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്നതെന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനങ്ങളുടെ പുരോഗതി അറിയിക്കാമോ; കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരു നിയമനം പോലും നടത്താത്തതിന്റെ കാരണം അറിയിക്കാമോ;

(ബി) എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും രാത്രികാല പട്രോളിംഗും ശക്തിപ്പെടുത്തുന്നതിന് പുതുതായി വാഹനങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എക്സൈസ് വകുപ്പിൽ ഡ്രൈവർമാരുടെ എത്ര സ്ഥിരം തസ്തികകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

## വടകര താലൂക്കിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

5682 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ ലഹരി വ്യാപനം തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ലഹരി സംബന്ധിച്ചുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഏതുതരത്തിലാണ് പരാതിപ്പെടേണ്ടതെന്നും പരാതിപ്പെടുന്നവരുടെ വിവരങ്ങൾ രഹസ്യമാക്കി വയ്ക്കുമോയെന്നും അറിയിക്കുമോ;

(സി) വടകര താലൂക്കിലെ ഓരോ വിദ്യാലയങ്ങളിലും നേരിട്ട് ലഹരി വിരുദ്ധ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## എക്സൈസ് സേനയിലെ വനിതാ പ്രാതിനിധ്യം

5683 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് സേനയിൽ ആകെ നിലവിലുള്ള തസ്തികകളുടെ എണ്ണം പദവി, സ്ത്രീ, പുരുഷൻ എന്നിങ്ങനെ തരംതിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയാണെന്ന് തരംതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ഡി) പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത ഒഴിവുകൾ ഉടനടി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും ഒഴിവുള്ള തസ്തികകളിലേക്ക് അടിയന്തരമായി

നിയമനങ്ങൾ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?;

(ഇ) എക്സൈസ് വകുപ്പിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്ന് എക്സൈസ് കമ്മീഷണർ ശിപാർശ ചെയ്യുകയുണ്ടായോ എന്നറിയിക്കുമോ?

## എക്സൈസ് വകുപ്പിലെ ക്രമക്കേടുകൾ

5684 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എക്സൈസ് വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നും സംബന്ധിച്ച് വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഭ്യത കുറയ്ക്കാൻ നടപടി

5685 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവാക്കളിൽ വ്യാപകമായി കണ്ടുവരുന്ന അക്രമവാസന, നിഷ്ഠുരമായ കൊലപാതകം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ മദ്യവും മയക്കുമരുന്നും വലിയ തോതിലുള്ള സ്വാധീനം ചെലുത്തുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ലഭ്യത കുറയ്ക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഭരണഘടനയുടെ ആർട്ടിക്കിൾ 47-ന് വിരുദ്ധമായി, അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ തുറക്കുകയും ബിവറേജസ് ഔട്ട് ലെറ്റുകൾ വഴി മദ്യം സുലഭമായി നൽകുകയും പുതിയ മദ്യ ഫാക്ടറികൾ ആരംഭിക്കുകയും ചെയ്യുമ്പോൾ മദ്യപാനം സാർവത്രികമാവുകയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ മദ്യത്തിന്റെ ഉല്പാദനവും വിപണനവും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ

5686 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ വിമുക്തി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

## പയ്യന്നൂർ ഡീ അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനം

5687 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചുവരുന്ന ഡീ അഡിക്ഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ പരിഗണനയിൽ ഉണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഡീ അഡിക്ഷൻ സെന്ററിൽ അഡ്മിറ്റ് ചെയ്യുന്നത് നിലവിൽ ഒഴിവാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പയ്യന്നൂർ ഡീ അഡിക്ഷൻ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് എത്ര ജീവനക്കാരെയാണ് എക്സൈസ് വകുപ്പ് നിയമിച്ചിട്ടുള്ളത് എന്നും അവരുടെ ഉത്തരവാദിത്തങ്ങൾ എന്തെല്ലാമാണ് എന്നും വിശദമാക്കാമോ?

## <u>ലഹരി കേസുകൾ</u>

5688 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ എക്സൈസ് വകുപ്പ് പിടികൂടിയ അനധികൃത മദ്യത്തിന്റെ അളവ് വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ എക്സൈസ് വകുപ്പ് പിടികൂടിയ കഞ്ചാവ്, മറ്റു മയക്കുമരുന്നുകൾ, രാസലഹരി എന്നിവയുടെ അളവ് ഇനം, വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മദ്യം, കഞ്ചാവ്, മറ്റു മയക്കുമരുന്നുകൾ, രാസലഹരി മുതലായവയുടെ അനധികൃത കൈവശം വയ്ക്കൽ, വിപണനം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നവരിൽ എക്സൈസ് വകുപ്പ് നിയമനടപടി സ്വീകരിച്ചവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് 2021 മുതൽ നാളിതുവരെ മദ്യം, കഞ്ചാവ്, മറ്റു മയക്കുമരുന്നുകൾ, രാസലഹരി മുതലായവയുടെ അനധികൃത കൈവശം വയ്ക്കൽ, വിപണനം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നവരിൽ എക്സൈസ് വകുപ്പ് നിയമനടപടി സ്വീകരിച്ചവരിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം വർഷം, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഇ) 2021 മുതൽ നാളിതുവരെ തിരൂർ മണ്ഡലത്തിൽ എക്സൈസ് വകുപ്പ് പിടികൂടിയ അനധികൃത മദ്യം, കഞ്ചാവ്, മറ്റു മയക്കുമരുന്നുകൾ, രാസലഹരി തുടങ്ങിയവയുടെ അളവ് ഇനം, വർഷം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) 2021 മുതൽ നാളിതുവരെ തിരൂർ മണ്ഡലത്തിൽ അനധികൃത മദ്യം, കഞ്ചാവ്, മറ്റു മയക്കുമരുന്നുകൾ, രാസലഹരി തുടങ്ങിയവയുടെ കൈവശം വയ്ക്കൽ, വിപണനം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നവരിൽ എക്സൈസ് വകുപ്പ് നിയമ നടപടി സ്വീകരിച്ചവരുടെ എണ്ണം വർഷം, ഇനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ജി) 2021 മുതൽ നാളിതുവരെ തിരൂർ മണ്ഡലത്തിൽ കഞ്ചാവ്, മറ്റു മയക്കുമരുന്നുകൾ, രാസലഹരി തുടങ്ങിയവയുടെ കൈവശം വയ്ക്കൽ, വിപണനം തുടങ്ങിയ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നവരിൽ എക്സൈസ് വകുപ്പ് നിയമനടപടി

സ്വീകരിച്ചവരിൽ ശിക്ഷിക്കപ്പെട്ടവരുടെ എണ്ണം വർഷം, ഇനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

## സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാനതലത്തിലാക്കാൻ നടപടി

5689 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഒഴിവുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാരുടെ നിയമനം നടത്തുന്നതിന് പ്രമോഷൻ നടപടികൾ വൈകുന്നതിനുള്ള കാരണം സീനിയോറിറ്റി തർക്കം സംബന്ധിച്ച കോടതിയിലെ കേസുകൾ ആണെന്നതിനാൽ ഇത് ശാശ്വതമായി പരിഹരിക്കാൻ സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാന തലത്തിലാക്കി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജില്ലാനിയമനം ലഭിച്ച് സ്വന്തം ജില്ലയിൽ ജോലിചെയ്യാൻ സാധിക്കാത്ത സിവിൽ എക്സൈസ് ഓഫീസർമാരുടെയും പ്രിവന്റീവ് ഓഫീസർമാരുടെയും എണ്ണം എത്രയെന്നും അവർ എത്ര വർഷമായി ജില്ലവിട്ട് ജോലിചെയ്യുന്നുവെന്നും വ്യക്തമാക്കുമോ;

(സി) സ്വന്തം ജില്ല വിട്ട് ജോലി ചെയ്യുന്ന പ്രിവന്റീവ് ഓഫീസർമാരുടേയും സിവിൽ എക്സൈസ് ഓഫീസർമാരുടേയും പ്രശ്നം പരിഹരിക്കാൻ സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാന തലത്തിലാക്കി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

## സിവിൽ എക്സൈസ് ഓഫീസർ തസ്തികയിലെ പ്രമോഷൻ

5690 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പതിനഞ്ച് വർഷത്തിലധികമായി സിവിൽ എക്സൈസ് ഓഫീസർ കേഡറിൽ ജോലി ചെയ്യുന്നവർക്ക് പ്രമോഷൻ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എക്സൈസ് വകുപ്പിലെ 1022 പ്രിവൻറീവ് ഓഫീസർമാരുടെ അടുത്ത പ്രമോഷൻ പോസ്റ്റായ അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ആകെ എണ്ണം 84ഉം അസിസ്റ്റൻറ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ നിന്ന് പ്രമോഷനാകുന്ന എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ ആകെയെണ്ണം 344 ഉം ആണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയുടെ എണ്ണത്തിലെ ഈ അനുപാതം എക്സൈസ് വകുപ്പിന് പര്യാപ്തമാണോയെന്ന് വിശദമാക്കുമോ;

(സി) നിലവിൽ ഒഴിവുള്ള അസിസ്റ്റന്റ് എക്സൈസ് ഇൻസ്‌പെക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷൻ നിയമന നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ലഹരി വിമുക്ത കേന്ദ്രങ്ങൾ

5691 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എക്സൈസ് വകുപ്പ് എത്ര ലഹരി വിമുക്ത കേന്ദ്രങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ മണ്ഡലത്തിലും ലഹരി വിമുക്ത കേന്ദ്രം സ്ഥാപിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ആലപ്പുഴ മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച ഡി അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചേലക്കര മണ്ഡലത്തിലെ ലഹരി വിരുദ്ധ നടപടികൾ

5692 **ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ വ്യാജ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും വിതരണവും വില്പനയും തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളും മുൻകരുതലുകളുമാണ് എടുത്തുവരുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം എക്സൈസ് വകുപ്പ് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്; ഇതിന്റെ ഭാഗമായി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഈ കേസുകളിൽ എത്ര പ്രതികളുണ്ട്; വിശദമാക്കുമോ?

## യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം

5693 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവാക്കളിൽ വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം കുറയ്ക്കുന്നതിന് എക്സൈസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ എക്സൈസ് വകുപ്പ് നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) നിരവധി പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ സ്ഥിതി ചെയ്യുന്ന വാമനപുരം മണ്ഡലത്തിലെ പെരിങ്ങമ്മല, നന്ദിയോട്, പാങ്ങോട് ഗ്രാമപഞ്ചായത്തുകളുടെ അതിർത്തി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും വനമേഖലയോട് ചേർന്ന് കിടക്കുന്നതുമായ പാലോട് എന്ന സ്ഥലത്ത് എക്സൈസ് ജനമൈത്രി സ്ക്വാഡ് ഓഫീസ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ലഹരി നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

5694 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ലഹരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്വരക്ഷ ക്ലബ്ബുമായി ബന്ധപ്പെട്ട് ലഹരി നിർമ്മാർജ്ജനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളിൽ ജീവനക്കാരുടെ അഭാവം

5695 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളിൽ പ്രത്യേകിച്ച് കോർപ്പറേഷൻ പരിധിയിലെ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാതെ ജീവനക്കാരുടെ ലാവണം മാത്രമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കോർപ്പറേഷൻ പരിധിയിൽ ലാവണം ഉള്ള സ്പെഷ്യൽ ഡ്യൂട്ടിക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ;

(ബി) എക്സൈസ് വകുപ്പിലെ ഫീൽഡ് ഓഫീസുകളിൽ യുവാക്കളായ ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പെഷ്യൽ ഡ്യൂട്ടി അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(ഡി) യുവാക്കളായ ജീവനക്കാരിൽ സ്പെഷ്യൽ ഡ്യൂട്ടിയിൽ എക്സൈസ് ഹെഡ്ക്വാർട്ടേഴ്സിലും എക്സൈസ് അക്കാഡമി തൃശ്ശൂരിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണമെത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ജീവനക്കാരുടെ ഇടയിൽ സ്പെഷ്യൽ ഡ്യൂട്ടി എന്ന ആവശ്യം ഇല്ലാതാക്കാൻ സിവിൽ എക്സൈസ് ഓഫീസർ നിയമനം സംസ്ഥാന തലത്തിലാക്കി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

## കിലയിലെ താത്കാലിക ജീവനക്കാർ

5696 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ താത്കാലിക/ദിവസവേതന/കരാർ ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ബി) ഈ കാലയളവിൽ കിലയിൽ പ്രസ്തുത ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ സർക്കാർ എടുത്തിട്ടുള്ള തീരുമാനം അറിയിക്കുമോ?

## ജി.സി.ഡി.എ.യിലെ പെൻഷൻ പരിഷ്കരണം

5697 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.യിൽ പെൻഷൻകാർക്ക് പഴയ നിരക്കിലുള്ള പെൻഷൻ തുകയാണ് നൽകുന്നതെന്നും, ഔപചാരിക അനുമതി ലഭ്യമായിട്ടില്ലെങ്കിലും ജീവനക്കാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണപ്രകാരമുള്ള പുതിയ നിരക്കിലുള്ള ശമ്പളമാണ്

അനുവദിച്ചുവരുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരേ സ്ഥാപനത്തിൽ രണ്ടുതരം നീതി നടപ്പിലാക്കിയിരിക്കുന്നുവെന്ന ആക്ഷേപത്തിന് വിശദീകരണം നൽകുമോ;

(ബി) ജി.സി.ഡി.എ.യിലെ പെൻഷൻകാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിലെ 06.12.2024-ലെ കോടതി ഉത്തരവ് പ്രകാരം, ജി.സി.ഡി.എ. ജനറൽ കൗൺസിലിന്റെ ശിപാർശ അനുസരിച്ച് പെൻഷൻകാർക്ക് പതിനൊന്നാം ശമ്പള പരിഷ്കരണത്തിന് ഔപചാരിക അനുമതി നൽകണമെന്നുള്ള ജി.സി.ഡി.എ. സെക്രട്ടറിയുടെ 16.02.2021-ലെ കത്തിൽ സർക്കാർ കൈക്കൊണ്ട തീരുമാനം ബഹു.ഹൈക്കോടതിയെ അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; ജി.സി.ഡി.എ.യുടെ തനതു സ്ഥിരനിക്ഷേപ പലിശയിൽ നിന്നാണ് പെൻഷൻ നൽകുന്നതെന്ന് ജി.സി.ഡി.എ. സെക്രട്ടറി അറിയിച്ചിട്ടും ജി.സി.ഡി.എ. ജീവനക്കാർക്ക് ഭാവിയിൽ നടപ്പിലാക്കേണ്ട സ്റ്റാഫ് പാറ്റേണിന്റെ പേരിൽ പെൻഷൻ പരിഷ്കരണാനുമതി അനന്തമായി വൈകിപ്പിക്കുന്നത് നീതിനിഷേധമല്ലേയെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ജി.സി.ഡി.എ.യിലെ പതിനൊന്നാം പെൻഷൻ പരിഷ്കരണത്തിന് ഔപചാരികാനുമതി നൽകാതിരിക്കുന്നതിനെക്കുറിച്ച് ഈ നിയമസഭയുടെ എട്ടാം സമ്മേളനത്തിൽ 03.08.2023-ലെ 4186-ാം നമ്പർ ചോദ്യം, 12-ാം സമ്മേളനത്തിൽ 14.10.2024-ലെ 2253-ാം നമ്പർ ചോദ്യം എന്നിവയിലൂടെ ഉന്നയിച്ചെങ്കിലും ജി.സി.ഡി.എ.യിൽ ഭാവിയിൽ നടപ്പിലാക്കേണ്ട സ്റ്റാഫ് പാറ്റേണിനെപ്പറ്റി മാത്രം മറുപടി ലഭ്യമായ സാഹചര്യത്തിൽ പെൻഷൻ പരിഷ്കരണത്തിന് ഔപചാരികാനുമതി നൽകുന്നതിന് യാതൊരു നടപടിയും എടുത്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ജി.സി.ഡി.എ. യിൽ തനതുഫണ്ട് ലഭ്യമായിട്ടും ഉദ്യോഗക്കയറ്റമോ പെൻഷൻ സ്കെയിൽ പരിഷ്കരണമോ ആവശ്യമില്ലാത്ത പെൻഷൻ പരിഷ്കരണാനുമതി അകാരണമായി തടഞ്ഞുവച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്ത് അച്ചടക്ക നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>ജി.സി.ഡി.എ. ജീവനക്കാർക്ക് ഹയർ ഗ്രേഡ് അനുവദിക്കാൻ നടപടി</u>

5698 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ. ജീവനക്കാരുടെ ആനുപാതിക ഹയർ ഗ്രേഡ്, സമയബന്ധിത ഹയർ ഗ്രേഡ് മുതലായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന വിഷയത്തിൽ പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യം നമ്പർ 2396-നുള്ള മറുപടിയും, 26.11.2024 തീയതിയിലെ ഐ.എ3/180/2023/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരമുള്ള മറുപടിയും വ്യത്യസ്തമായതിനാൽ അങ്ങനെയുള്ള നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) ജി.സി.ഡി.എ.യിലെ സൂപ്രണ്ട് തസ്തികയ്ക്ക് അർഹതപ്പെട്ട ആനുപാതിക ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>കെ-സ്മാർട്ട് വഴി നൽകുന്ന സേവനങ്ങൾ</u>

5699 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് ആപ്ലിക്കേഷനിലൂടെ എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആപ്ലിക്കേഷനിലൂടെ അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന ഫീസുകൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഫീസ് വർദ്ധനവിലൂടെ എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## <u>തച്ചനാട്ടുകര പഞ്ചായത്തിലെ നാട്ടുകൽ-തള്ളച്ചിറ റോഡ് നിർമ്മാണം</u>

5700 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള തച്ചനാട്ടുകര പഞ്ചായത്തിലെ നാട്ടുകൽ-തള്ളച്ചിറ റോഡ് നിർമ്മാണ പ്രവൃത്തി പി.എം.സി. വ്യവസ്ഥയിൽ നടപ്പിലാക്കുവാൻ പുതുക്കിയ ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് എൽ.എസ്.ജി.ഡി. പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയർ എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർക്ക് നൽകിയ 12.12.2024 തീയതിയിലെ ഡി.ബി1/ ജി.ഇ.എൻ/2024 നമ്പർ കത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത്രയും കാലതാമസം വരുന്നതെന്നും ആയത് എപ്പോൾ ലഭ്യമാക്കുമെന്നും അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

## <u>തൊഴിലുറപ്പ് പദ്ധതിയിലെ വേതന കുടിശിക</u>

5701 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിലവിൽ എന്ന് മുതലുള്ള വേതനമാണ് കുടിശികയായിട്ടുള്ളതെന്നും ഈയിനത്തിൽ എന്തു തുക കുടിശികയായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) കുടിശിക തീർത്ത് വേതനം വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>കയ്പമംഗലം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള റോഡുകൾ</u>

5702 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ള ആകെ റോഡുകൾ, അവയുടെ ദൈർഘ്യം എന്നിവ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ ആസ്തി രജിസ്റ്ററിലെ പേരുകൾ വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നശേഷം കൈപ്പമംഗലം മണ്ഡലത്തിലെ പഞ്ചായത്തുകളിൽ നവീകരിച്ചതും നവീകരിക്കാനായി തിരഞ്ഞെടുത്തതുമായ റോഡുകൾ ഏതെല്ലാമെന്നും ഏത് പദ്ധതിയുടെ കീഴിലാണ് ഇവ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിനായി അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

## കോതാട്-ചേന്നൂർ പാലം നിർമ്മാണ പ്രവൃത്തി

5703 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗോശ്രീ ഐലന്റ് ഡെവലപ്മെന്റ് അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന കോതാട്-ചേന്നൂർ പാലത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) വർഷങ്ങൾക്ക് മുൻപ് നിശ്ചയിക്കപ്പെട്ട പാലത്തിന്റെ അലൈൻമെന്റിൽ ഉൾപ്പെട്ടിരുന്ന സ്ഥലം വാട്ടർ മെട്രോയുടെ കോതാട് ടെർമിനലിനായി ഏറ്റെടുത്തതിനാൽ നിർമ്മാണ നടപടി സ്തംഭിച്ചിരിക്കുന്ന കോതാട്-ചേന്നൂർ പാലം നിർമ്മിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ അലൈൻമെന്റിൽ മാറ്റം സാധ്യമല്ലെന്നിരിക്കെ പാലം നിർമ്മാണത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് വാട്ടർ മെട്രോ ഏറ്റെടുത്തിരിക്കുന്ന സ്ഥലം വിട്ടുകിട്ടുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിൽ സൃഷ്ടിച്ച പുതിയ തസ്തികകൾ

5704 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂൺ മാസം മുതൽ ഇതുവരെ തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിച്ചതുവഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ

5705 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ വരുത്തിയിട്ടുള്ള വൈവിധ്യവൽക്കരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ ഫലപ്രദമായി സംസ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലസംഭരണികളുടെയും ജലനിർഗമന ചാലുകളുടെയും നിർമ്മാണം

5706 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകൾ മൂലം നീർത്തടാധിഷ്ഠിത ആസൂത്രണം കാർഷിക മേഖലയ്ക്ക് അനിവാര്യമാണെന്നത് കണക്കിലെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തൊഴിലുറപ്പ് പദ്ധതിയിലൂടെ ജലസംഭരണികളും ജലനിർഗമന ചാലുകളും നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അടിസ്ഥാന സാമൂഹിക വികസനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പകൾ

5707 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എം.എസ്. ഭവന പദ്ധതികൾക്ക് നൽകിയതുപോലെ അടിസ്ഥാന സാമൂഹിക വികസനത്തിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പകൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ?

## തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പഞ്ചായത്ത് തല പ്രവൃത്തികൾ

5708 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് പഞ്ചായത്ത് തലങ്ങളിൽ അനുവദനീയമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകളുടെയും പി.ഡബ്ല്യു.ഡി.യുടെയും ഉടമസ്ഥതയിലുള്ള റോഡിന്റെ ഇരുവശങ്ങളിലും പുല്ലുകളും കുറ്റിക്കാടുകളും നിറഞ്ഞ പാർശ്വഭാഗങ്ങൾ വെട്ടിത്തെളിച്ച് വൃത്തിയാക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തെങ്ങ് സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടു വർഷത്തിലൊരിക്കൽ തെങ്ങിന് തടം തുറക്കുന്ന പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോഴിക്കോട് പീപ്പിൾസ് റോഡ് വീതി കൂട്ടുന്ന പ്രവൃത്തി

5709 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ പീപ്പിൾസ് റോഡ് വീതി കൂട്ടുന്ന പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പിന് ബജറ്റിൽ നീക്കിവച്ച തുക വിനിയോഗിച്ച് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിക്ക് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസം കൂടാതെ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചതെന്ന് അറിയിക്കുമോ?

## പ്രധാനമന്ത്രി ആവാസ് യോജന രണ്ടാംഘട്ട ലൈഫ് പദ്ധതി

5710 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി നടപ്പാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന രണ്ടാംഘട്ട ലൈഫ് പദ്ധതി മുഖേന എത്ര ഗുണഭോക്താക്കൾക്ക് വീട് ലഭിച്ചുവെന്നും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന എത്ര വീടുകളുണ്ടെന്നും പുതുതായി ഉൾപ്പെടാൻ അർഹതയുള്ള ഭൂമിയുള്ള ഭവനരഹിതർ എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) രാജ്യത്ത് 2024 സെപ്റ്റംബറിൽ ആരംഭിച്ച പി.എം.എ.വൈ.-യു. 2.0 പദ്ധതിയിലേക്ക് സംസ്ഥാനം ഇതുവരെയും ധാരണാപത്രം ഒപ്പുവെക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര പദ്ധതികളിൽ ധാരണാപത്രം ഒപ്പിടാത്തതിനാലും പി.എം.എ.വൈ. ഒന്നാം ഘട്ടം 2025 മാർച്ച് മാസത്തിൽ അവസാനിക്കുന്ന സാഹചര്യത്തിലും നിലവിൽ ഭവന നിർമ്മാണം പുരോഗമിക്കുന്ന ഗുണഭോക്താക്കൾക്കുള്ള കേന്ദ്രവിഹിതം തടസ്സപ്പെടുമോ; മാർച്ച് 31-ന് ശേഷം കേന്ദ്രവിഹിതമായി വരുന്ന അധിക തുക സംസ്ഥാന സർക്കാർ വഹിക്കുമോ; വിശദാംശം നൽകുമോ;

(ഡി) പി.എം.എ.വൈ.-യു. 2.0-ൽ അർബൻ ആഗ്ലോമറേഷന്റെ ഭാഗമായി നഗരസഭകൾക്ക് സമീപ പഞ്ചായത്തുകളെയും പദ്ധതിയിൽ ഉൾപ്പെടുത്താമെന്നതിനാൽ അതുപ്രകാരം ഏതൊക്കെ പഞ്ചായത്തുകളാണ് ലിസ്റ്റിൽ ഉൾപ്പെടുകയെന്ന് വ്യക്തമാക്കാമോ;

(ഇ) നഗരസഭകളിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് കേന്ദ്രസഹായമില്ലാതെ പുതിയ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; വിശദാംശം നൽകുമോ?

## പി.എം.എ.വൈ (നഗരം) പദ്ധതി

5711 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരസഭകളിൽ പി.എം.എ.വൈ. (നഗരം) പദ്ധതി വഴി വീട് ലഭിച്ചത് എത്ര ഗുണഭോക്താക്കൾക്കാണെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പുതുതായി ഉൾപ്പെടാൻ അർഹതയുള്ള ഭൂമിയുള്ള ഭവന രഹിതർ എത്രയാണെന്ന് അറിയിക്കുമോ;

(സി) രാജ്യത്ത് 2024 സെപ്റ്റംബറിൽ ആരംഭിച്ച പി.എം.എ.വൈ. 2.0 പദ്ധതിക്കായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാരണമെന്തെന്ന് അറിയിക്കുമോ;

(ഡി) അർബൻ അഗ്ലോമറേഷന്റെ ഭാഗമായി നഗരസഭകൾക്ക് സമീപ പഞ്ചായത്തുകളെയും പി.എം.എ.വൈ. 2.0 പദ്ധതിയിൽ

ഉൾപ്പെടുത്താമെന്നിരിക്കെ ഏതൊക്കെ പഞ്ചായത്തുകൾ ആണ് ഈ ലിസ്റ്റിൽ ഉൾപ്പെടുകയെന്നറിയിക്കാമോ;

(ഇ) ധാരണാ പത്രം ഒപ്പിടാത്ത പദ്ധതികൾക്ക് ഫണ്ട് നൽകാനാവില്ല എന്ന കേന്ദ്ര സർക്കാർ നിലപാടിന്റെ പശ്ചാത്തലത്തിൽ പി.എം.എ.വൈ. ഒന്നാം ഘട്ടം മാർച്ച് 2025-ന് അവസാനിക്കുമ്പോൾ നിലവിൽ ഭവന നിർമ്മാണം പുരോഗമിക്കുന്ന ഗുണഭോക്താക്കൾക്കുള്ള കേന്ദ്രവിഹിതം തടസ്സപ്പെടുമോ; മാർച്ച് 31-ന് ശേഷം കേന്ദ്ര വിഹിതമായി വരുന്ന അധിക തുക സംസ്ഥാന സർക്കാർ വഹിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) ഭൂമിയുള്ള ഭവന രഹിതർക്ക് ഭവന നിർമ്മാണത്തിന് നഗരസഭകളിൽ കേന്ദ്ര സഹായമില്ലാതെ പുതിയ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>അഴീക്കോട് മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>

5712 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം അഴീക്കോട് മണ്ഡലത്തിന് അനുവദിച്ച റോഡുകളിൽ എത്ര എണ്ണത്തിന് സാങ്കേതിക അനുമതി ലഭിച്ചെന്ന് അറിയിക്കാമോ?

## <u>കെ-സ്മാർട്ട് പദ്ധതിയുടെ പുരോഗതി</u>

5713 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ എം നൗഷാദ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-ഗവേണൻസ് രംഗത്ത് വിപ്ലവകരമായ മാറ്റം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കി വരുന്ന കെ-സ്മാർട്ട് പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പരീക്ഷണാർത്ഥം ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്താകെയുള്ള തദ്ദേശ സ്ഥാപനങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ പുരോഗതി അറിയിക്കുമോ;

(ഡി) ത്രിതല പഞ്ചായത്തുകളിൽ കെ-സ്മാർട്ട് സംവിധാനം എത്തുന്നതോടെ സേവനങ്ങൾ ലഭ്യമാക്കുന്നതിലും വ്യവസായ സൗഹൃദ മേഖലയിലും വൻ കുതിപ്പുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## <u>തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ</u>

5714 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ ഓരോന്നിനെയും സംബന്ധിച്ച് വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## <u>തെരുവുനായ ശല്യം</u>

5715 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 -ൽ മൂന്ന് ലക്ഷത്തിലേറെ പേർ പട്ടിയുടെ കടിയേറ്റ് ആശുപത്രിയിൽ ചികിത്സ തേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ?

## <u>പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡ് നിർമ്മാണം</u>

5716 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഹരിപ്പാട് മണ്ഡലത്തിലെ ചേപ്പാട് പഞ്ചായത്തിൽ അനുവദിച്ചിരുന്ന പനച്ചമൂട്-കൊച്ചുവീട്ടിൽ മുക്ക് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിയതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്ത് തടസ്സമാണ് നിലനിൽക്കുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സുശക്തമാക്കാൻ കർമ്മ പരിപാടി</u>

5717 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ സുശക്തമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർമ്മ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ടോ;

ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സ്വീവേജ് സ്റ്റോറേജുകളുടെ ശുചീകരണത്തിന്റെയും ഓടകളും തോടുകളും വൃത്തിയാക്കുന്ന പ്രവൃത്തികളുടെയും പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(സി) ശുചീകരണ പ്രവർത്തനങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ ജാഗ്രതാ ഉത്തരവുകൾ പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) ഉത്സവങ്ങൾ, ആഘോഷങ്ങൾ, വിവിധ മീറ്റിംഗുകൾ, റാലികൾ, വിവാഹങ്ങൾ എന്നിവയിൽ ഹരിത പരിപാലന ചട്ടം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിലെ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം

5718 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെയും ഉത്തരവുകൾക്ക് വിരുദ്ധമായി തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ഐ.കെ.എം, കില കേന്ദ്രങ്ങൾ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, ജോയിന്റ് ഡയറക്ടറുടെ ഓഫീസ് തുടങ്ങിയ സ്ഥാപനങ്ങളിൽ ആരെയൊക്കെയാണ് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളതെന്നറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ധനകാര്യ വകുപ്പിന്റെ ഉത്തരവില്ലാതെ നിയമിച്ചിട്ടുള്ളത് ആരെയൊക്കെയാണെന്നറിയിക്കുമോ; നിയമന ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(സി) ചട്ടവിരുദ്ധമായ വർക്കിംഗ് അറേഞ്ച്മെന്റ് നിയമനം പുന:പരിശോധിക്കുന്നതിനും ഭാവിയിൽ ഇത്തരം നിയമനം ഉണ്ടാകാതെയിരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## പാറക്കടവ് ബ്ലോക്ക് പഞ്ചായത്തിലെ എം.എൽ.എ. ഫണ്ട് പദ്ധതികൾ

5719 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ കളക്ടർ പാറക്കടവ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനാക്കി എം.എൽ.എ. ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ ഏതൊക്കെ പദ്ധതികളാണ് ടെണ്ടർ ചെയ്യാനായി ബാക്കി നിൽക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നാളിതുവരെയായി ടെണ്ടർ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച ശേഷം പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുണ്ടായ കാലതാമസത്തിന്റെയും നിർവ്വഹണം പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ യഥാസമയം മാറി നൽകാത്തതിന്റെയും കാരണം വിശദമാക്കാമോ;

(ഡി) ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ബാക്കിയുണ്ടെന്ന് കണക്കാക്കണമെങ്കിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ മാറി നൽകിയാൽ മാത്രമേ കഴിയൂ എന്നതിനാൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ

ബില്ലുകൾ അടിയന്തരമായി മാറി നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്കുള്ള വേതനം</u>**

5720 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരസഭകളിൽ സാമൂഹ്യ സുരക്ഷ മിഷന് കീഴിൽ ആരംഭിച്ച വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്ക് വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നൽകാനുള്ള വേതന കുടിശിക എത്രയാണെന്ന് നഗരസഭകൾ തിരിച്ച് വിശദമാക്കാമോ?

**<u>തൊഴിലുറപ്പ് മേഖലയിലെ ശരാശരി തൊഴിൽ ദിനങ്ങൾ</u>**

5721 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ എത്രപേർ പണി എടുക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) തൊഴിലുറപ്പ് മേഖലയിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് നിലവിൽ നൽകാൻ കഴിയുന്നതെന്നും ആയത് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നുമുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ?

**<u>ഭിന്നശേഷിക്കാർ ആശ്രിതരായുള്ള സർക്കാർ ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റത്തിൽ ഇളവ്</u>**

5722 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർ ആശ്രിതരായുള്ള സർക്കാർ ജീവനക്കാർക്ക് പൊതു സ്ഥലംമാറ്റത്തിലുള്ള ഏതെങ്കിലും ഇളവുകൾ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഭിന്നശേഷിക്കാരിയായ സഹോദരിയുടെ ഏക ആശ്രയമായ ശ്രീമതി അമൃത, ക്ലർക്ക്, പെരുമ്പളം പഞ്ചായത്ത്, ചേർത്തല, ആലപ്പുഴ എന്നയാളുടെ പിതാവായ ശ്രീ. വിജയൻ, കാര്യമ്പത്തിൽ വീട്, വയനാട് എന്നയാൾ സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

**<u>ലൈഫ് ഭവന പദ്ധതി പ്രകാരം പണികഴിപ്പിച്ച മച്ചിപ്ലാവ് ഫ്ലാറ്റ് സമുച്ചയം</u>**

5723 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പണികഴിപ്പിച്ച മച്ചിപ്ലാവ് ഫ്ലാറ്റ് സമുച്ചയത്തിൽ ആകെ എത്ര ഫ്ലാറ്റുകളാണുള്ളത്;

അവിടെ നിലവിൽ എത്ര കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ഫ്ലാറ്റിന്റെ മെയിന്റനൻസുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്; ഇതിൽ എത്ര തുകയാണ് അനുവദിച്ചത്; വിശദമാക്കാമോ?

## നഗരവൽക്കരണത്തെ അഭിമുഖീകരിക്കുന്നതിനുള്ള പദ്ധതികൾ

5724 **ശ്രീ വി ജോയി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരവൽക്കരണവുമായി ബന്ധപ്പെട്ട വികസനത്തിന്റെയും ആസൂത്രണത്തിന്റെയും പ്രശ്നങ്ങളെ എങ്ങനെ അഭിമുഖീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ഗതാഗതപ്രശ്നങ്ങൾ നഗരവൽക്കരണത്തോടൊപ്പം എങ്ങനെയാണ് കൈകാര്യം ചെയ്യപ്പെടുകയെന്ന് അറിയിക്കുമോ; ആയതിനായി ആസൂത്രണം ചെയ്തിട്ടുള്ള മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ;

(സി) വിവിധ വിഭാഗങ്ങളുടെ ഭവന പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേകമായ പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നഗര മാലിന്യ സംസ്കരണ പദ്ധതികൾ ആധുനികമായി വികസിപ്പിക്കുവാൻ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) കുടിവെള്ളത്തിന്റെയും പരിസ്ഥിതിയുടെയും കാര്യത്തിൽ ഗൗരവമായ ആസൂത്രണങ്ങൾ വികസിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഉടുമ്പൻചോല മണ്ഡലത്തിലെ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നിലവിലുള്ള ഒഴിവുകൾ

5725 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ആകെ അനുവദിക്കപ്പെട്ട തസ്തികകൾ, തസ്തികകളിൽ ജോലി ചെയ്തുവരുന്നവരുടെ എണ്ണം, തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അനുവദിക്കപ്പെട്ട തസ്തികകൾ, തസ്തികകളിൽ ജോലി ചെയ്തുവരുന്നവരുടെ എണ്ണം, തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ?

## ലൈഫ് ഭവന നിർമ്മാണത്തിന് 2019-ലെ സി.ആർ.ഇസഡ്.വിജ്ഞാപന പ്രകാരമുള്ള ഇളവുകൾ

5726 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ സി.ആർ.ഇസഡ്. നിയമപ്രകാരം വീട് നിർമ്മാണത്തിന് അനുമതി ലഭ്യമാകാത്തതുമായ എത്ര പേർ വൈപ്പിൻ മണ്ഡലത്തിലുണ്ടെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് 2019-ലെ വിജ്ഞാപന പ്രകാരം പുതുതായി പുറപ്പെടുവിച്ച ഇളവുകൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനകമ്മീഷന്റെ ഗ്രാന്റ്

5727 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷം സംസ്ഥാനത്തിന് ലഭിക്കാനുള്ള ധനകമ്മീഷൻ ഗ്രാന്റ് അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ മുന്നോട്ടുവച്ചിട്ടുള്ള പുതിയ ഉപാധികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇത്തരം ഉപാധികൾ സംസ്ഥാനത്തിന് ന്യായമായും ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കുന്നതിന് കാരണമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ധനകമ്മീഷൻ ഗ്രാന്റ് ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

## കുടുംബശ്രീയുടെ അംഗീകൃത പരിശീലന ഏജൻസികൾ

5728 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ അംഗീകൃത പരിശീലന ഏജൻസികൾക്ക് ആവശ്യമായ യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര അംഗീകൃത പരിശീലന ഏജൻസികളാണ് കുടുംബശ്രീക്കുള്ളത്;

(സി) പ്രസ്തുത ഏജൻസികളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

## അഴീക്കോട് മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

5729 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ലൈഫ് ഭവന പദ്ധതി പ്രകാരം അനുവദിച്ച വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയായ വീടുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം നിർമ്മാണം പുരോഗമിക്കുന്ന വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

## വാടക ലഭിക്കാത്ത വാണിജ്യ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കാൻ വ്യവസ്ഥ

5730 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിർമ്മാണം പൂർത്തീകരിച്ച വാണിജ്യ കെട്ടിടങ്ങൾ വാടകയ്ക്ക് ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ അവയുടെ നികുതി ഒഴിവാക്കി നൽകാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇങ്ങനെ നികുതി ഒഴിവാക്കി നൽകുന്നതിൽ നഗരസഭ, കോർപ്പറേഷൻ, ഗ്രാമപഞ്ചായത്ത് എന്നിവയിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**സർക്കാർ ഓഫീസുകളുടെ കെട്ടിട നികുതി**

5731 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾക്ക് വേണ്ടി നിർമ്മിച്ച കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നികുതി നൽകേണ്ടതുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് നമ്പർ ലഭിക്കുന്നതിന് എന്തെങ്കിലും ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**സ്പാർക്ക് ഐ.ഡി. അനുവദിക്കാൻ നടപടി**

5732 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് സ്പാർക്ക് ഐ.ഡി. അനുവദിക്കുന്നതിനുള്ള നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഇന്റഗ്രേഷൻ നടന്നിട്ടും സ്പാർക്ക് ഐ.ഡി. നൽകുന്നതിനുള്ള പരിശോധന പൂർത്തിയാവാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത നടപടി വേഗത്തിൽ പൂർത്തിയാക്കുമോയെന്ന് അറിയിക്കുമോ?

**പഞ്ചായത്ത്/മുൻസിപ്പാലിറ്റി ലൈബ്രറികളുടെ കെട്ടിട നികുതി**

5733 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളഗ്രന്ഥശാലാ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത്/ മുനിസിപ്പാലിറ്റി ലൈബ്രറികളുടെ കെട്ടിട നികുതി ഒഴിവാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 235 (1) ഡി പ്രസ്തുത ലൈബ്രറികൾക്ക് ബാധകമാണോ; വിശദീകരിക്കാമോ?

**വീടിന്റെ ഓണർഷിപ്പ് മാറ്റുന്നതിന് ഓൺലൈൻ സംവിധാനം**

5734 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീട് കൂടി ഉൾപ്പെടുന്ന വസ്തു വിൽക്കുമ്പോൾ വീടിന്റെ ഓണർഷിപ്പ് മാറ്റാനുള്ള അപേക്ഷ ഓൺലൈൻ മുഖേന സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് നേരിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമാക്കാൻ നിലവിൽ സോഫ്റ്റ്‌വെയറിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനായി പ്രസ്തുത സൗകര്യം ഓൺലൈനിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഉടമസ്ഥാവകാശ കൈമാറ്റം നടത്തിക്കിട്ടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കമ്മ്യൂണിറ്റിതല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ്</u>

5735 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും തദ്ദേശ സ്വയംഭരണ വകുപ്പും ശുചിത്വ മിഷനും സംയുക്തമായി സംസ്ഥാന വ്യാപകമായി നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കമ്മ്യൂണിറ്റി തല അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് നടപടികൾ വിശദീകരിക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത ഓഡിറ്റിംഗിൽ പങ്കെടുക്കുന്നതെന്നും എന്തെല്ലാം കാര്യങ്ങളാണ് ഓഡിറ്റിംഗിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഡിറ്റിംഗ് സംസ്ഥാനത്ത് നടപ്പിൽ വരുത്തിയോ; എങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## <u>പഴയലക്കിടി-അകലൂർ-പൂക്കാട്ടുകുന്ന്-പെരുമ്പറമ്പ് റോഡ് നവീകരണം</u>

5736 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പഴയലക്കിടി-അകലൂർ-പൂക്കാട്ടുകുന്ന്-പെരുമ്പറമ്പ് റോഡ് നവീകരണം എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്വയംഭരണ വകുപ്പിലെ (സെക്രട്ടേറിയറ്റ് കമ്പ്യൂട്ടർ ഫയൽ നം. 2889637/എൽ.എസ്.ജി.ഡി.) നമ്പർ ഫയലിൽ ഡി. എസ്. ആർ. 2018 പ്രകാരം പ്രൈസ് സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡീറ്റെയ്ൽഡ് എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, അബ്സ്ട്രാക്ട് എസ്റ്റിമേറ്റ്, ജനറൽ അബ്സ്ട്രാക്ട്, ഡാറ്റാ അനാലിസിസ് എന്നിവ പുന:സമർപ്പിക്കുവാൻ 07.11.2024ലെ ഡിബി2/625/2024-എൽ.എസ്.ജി.ഡി. നമ്പർ കത്ത് മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ?

## ദേവികുളം മണ്ഡലത്തിലെ ലൈഫ് പദ്ധതി

5737 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ ദേവികുളം മണ്ഡലത്തിൽ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വർഷവും ഗ്രാമപഞ്ചായത്തും തിരിച്ച് വിശദമാക്കാമോ;

(ബി) പദ്ധതി പ്രകാരം മണ്ഡലത്തിൽ എത്ര വീടുകളാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(സി) മണ്ഡലത്തിൽ ഭൂരഹിത ഭവന രഹിത ലിസ്റ്റിൽ ആകെ എത്ര കുടുംബങ്ങളാണുള്ളത്; ഇതിൽ എത്ര കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്; പഞ്ചായത്ത് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

## ലൈഫ് മിഷൻ പദ്ധതി

5738 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 സർക്കാരിന്റെ കാലയളവുമുതൽ നാളിതുവരെ ലൈഫ് മിഷൻ പദ്ധതിയിലൂടെ എത്ര കുടുംബങ്ങൾക്ക് പാർപ്പിട സൗകര്യം നൽകിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇനിയും പാർപ്പിട സൗകര്യം ഉറപ്പാക്കേണ്ട കുടുംബങ്ങളുടെ എണ്ണം എത്രയെന്നും ഇവർക്കായുള്ള പാർപ്പിട സൗകര്യം സമയബന്ധിതമായി ഉറപ്പാക്കാൻ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളുടെ ഉന്നമനത്തിന് അടിയന്തരമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിലെ 2024-ലെ പൊതു സ്ഥലംമാറ്റം

5739 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ 2024-ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ചുള്ള അപ്പീലുകളും ആക്ഷേപങ്ങളും തീർപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ തന്നെ തുടരുന്ന ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ; പ്രസ്തുത ജീവനക്കാർ ഇപ്പോഴും അതേ ഓഫീസിൽ തുടരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ മൂന്ന് വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്ത ജീവനക്കാരെ സ്ഥലം മാറ്റിയതിനുശേഷം തിരികെ അതേ ഓഫീസിലേക്ക് മാറ്റി

നിയമിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ; മാനദണ്ഡത്തിന് വിരുദ്ധമായ ഇത്തരം നടപടികളുടെ കാരണം വ്യക്തമാക്കുമോ?

**<u>വളാഞ്ചേരി നഗരസഭ ബൈലോ ഭേദഗതി</u>**

5740 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയുടെ ബൈലോ ഭേദഗതി ചെയ്യുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിലവിലുള്ള ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; ഈ വിഷയം നിലവിൽ ഏത് ഓഫീസിന്റെ പരിഗണനയിലാണെന്ന് അറിയിക്കുമോ?

**<u>തൊഴിലുറപ്പ് പദ്ധതി</u>**

5741 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നാമമാത്രമായി നടക്കുന്ന സാഹചര്യത്തിലും സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് തൊഴിലും കൂലിയും നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിൽ ദിനങ്ങളിലും കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിലും ദേശീയ ശരാശരിയേക്കാൾ എത്ര വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി, സാധനസാമഗ്രികൾ എന്നീ ഇനങ്ങളിൽ കേന്ദ്ര സർക്കാരിൽനിന്ന് എത്ര തുകയാണ് സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്ന് അറിയിക്കുമോ;

(ഡി) 2021-22 മുതൽ 2024-25 വരെ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി വഴി തൊഴിൽ ലഭിച്ചവരുടെ എണ്ണം എത്രയായിരുന്നുവെന്നും ആയത് ദേശീയ ശരാശരിയുടെ എത്ര ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(ഇ) കേന്ദ്ര സർക്കാരിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് വിവിധയിനങ്ങളിലായി എത്ര തുകയാണ് നിലവിൽ സംസ്ഥാനത്തിന് ലഭിക്കാനുള്ളതെന്നും ആയത് ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ?

**<u>മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കാൻ നടപടി</u>**

5742 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിലെ പോരായ്മ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഖരമാലിന്യം ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) അറവുശാലകളിലെ അവശിഷ്ടം ഉൾപ്പെടെയുള്ള ഖരമാലിന്യം പൊതുവഴിയിൽ തള്ളുന്നവർക്കെതിരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുവാൻ വിമുഖത കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

**മഞ്ചേശ്വരം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒഴിവുകൾ**

5743 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്ന് സ്ഥാപനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ ഓരോന്നും എപ്പോൾ നികത്തുമെന്ന് വ്യക്തമാക്കുമോ?

**ബാലുശ്ശേരി ഭക്ഷ്യ സംസ്കരണ കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനുള്ള തീരുമാനം**

5744 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിന്റെ കെട്ടിടങ്ങൾ കാലപ്പഴക്കം കാരണം അപകട ഭീഷണിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടം പുതുക്കിപ്പണിയുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 02.12.2021-ന് നടന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ യോഗത്തിൽ പ്രസ്തുത ഭക്ഷ്യ സംസ്കരണ കേന്ദ്രം ബ്ലോക്ക് പഞ്ചായത്തിന് കൈമാറാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഈ തീരുമാനം നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗ തീരുമാനം എപ്പോൾ പ്രാവർത്തികമാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

**പാലക്കാട് ജില്ലയിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

5745 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം എത്ര ശുചിമുറി സമുച്ചയങ്ങളാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര എണ്ണമാണ് നിലവിൽ തുറന്ന് കൊടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) തുറന്നു കൊടുക്കാത്ത ടേക്ക് എ ബ്രേക്ക് ശുചിമുറികളുള്ളത് ഏതെല്ലാം പഞ്ചായത്തുകളിലാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ശുചിമുറി നിർമ്മാണം നടത്താത്ത എത്ര പഞ്ചായത്തുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ?

**നെന്മാറ മണ്ഡലത്തിൽ ത്രിതല പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് പണി പൂർത്തീകരിച്ച കെട്ടിടങ്ങൾ**

5746 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ ത്രിതല പഞ്ചായത്തുകളുടെ ഫണ്ടുപയോഗിച്ച് കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പണി പൂർത്തീകരിച്ച 10 ലക്ഷം രൂപ എസ്റ്റിമേറ്റിൽ അധികമുള്ള എത്ര കെട്ടിടങ്ങളാണുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടങ്ങൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇതിൽ എത്ര കെട്ടിടങ്ങളാണ് ബന്ധപ്പെട്ട ആവശ്യത്തിന് തുറന്ന് കൊടുത്തിട്ടുള്ളതെന്നും നാളിതുവരെ തുറന്നുകൊടുക്കാത്ത കെട്ടിടങ്ങൾ ഏതെല്ലാമാണെന്നും വിശദമാക്കാമോ?

**കുട്ടനാട്ടിലെ പഞ്ചായത്തുകൾക്ക് തനതുഫണ്ട് സമാഹരിക്കാൻ സഹായം**

5747 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തനതുഫണ്ട് കുറവായ കുട്ടനാട്ടിലെ പഞ്ചായത്തുകളെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) തനതുഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി ആറ്റുമണൽ വാരുന്നതിനുൾപ്പെടെ കുട്ടനാട്ടിലെ ഗ്രാമ പഞ്ചായത്തുകളെ അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

**കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

5748 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം കുറ്റ്യാടി മണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി അനുവദിച്ച റോഡ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## ഗ്രാമപഞ്ചായത്തുകൾ മറ്റ് വകുപ്പുകളുടെ വികസനാവശ്യങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിക്രമം

5749 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ സ്വന്തം ഫണ്ടിൽ നിന്ന് മറ്റ് വകുപ്പുകളുടെ വികസനാവശ്യങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഉത്തരവുകളോ സർക്കുലറുകളോ നിലവിലുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

## അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി

5750 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഇത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ട സർവ്വേ നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്നും പുതുതായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ഏറനാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയും മണ്ഡലത്തിലെ അതിദരിദ്രരുടെ എണ്ണവും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## ചൂണ്ടൽ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് പുതിയ കെട്ടിടം

5751 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുള്ള ചൂണ്ടൽ പഞ്ചായത്തിലെ ബഡ്സ് സ്കൂളിന് പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മുനിസിപ്പൽ കോമൺ സർവ്വീസ് ജീവനക്കാരുടെ ശമ്പളം

5752 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിലെ മുൻ ജീവനക്കാരുടെ പെൻഷൻ ട്രഷറി വഴി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ പൊതു സർവ്വീസിന്റെ ഭാഗമായ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ഇതര സർക്കാർ ജീവനക്കാർക്ക് നൽകുന്നത് പോലെ സർക്കാർ ഏറ്റെടുത്ത് വിതരണം ചെയ്യുന്ന വിഷയം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

<u>**തിരുവല്ല മന്നംകരച്ചിറ പബ്ലിക്ക് ലൈബ്രറി കെട്ടിട നിർമ്മാണം**</u>

5753 **ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ പ്രത്യേക വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് 15-12-2023-ന് ഭരണാനുമതി ലഭ്യമായതും തിരുവല്ല നഗരസഭ സെക്രട്ടറിയെ നിർവ്വഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുള്ളതുമായ മന്നംകരച്ചിറ പബ്ലിക്ക് ലൈബ്രറി കെട്ടിട നിർമ്മാണം നാളിതുവരെയായി ആരംഭിക്കുവാൻ സാധിക്കാത്തതെന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കെട്ടിട നിർമ്മാണം എന്നത്തേക്ക് തുടങ്ങുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>**കാട്ടിൽകുളം റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി**</u>

5754 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ ചെല്ലമംഗലം വാർഡിൽ ഉൾപ്പെടുന്ന ശ്രീനാരായണ നഗർ കാട്ടിൽകുളം റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ;

(ബി) ശ്രീകാര്യം സോണൽ ഓഫീസിന്റെ 500 മീറ്റർ പരിധിയിലുള്ള ഈ റോഡ് തകർന്ന് സഞ്ചാരയോഗ്യമല്ലാതായതിനാൽ ജനങ്ങൾ തടികൊണ്ടുള്ള പാലത്തിലൂടെ വളരെ അപകടാവസ്ഥയിലാണ് യാത്ര ചെയ്യുന്നത് എന്ന വിവരം ചൂണ്ടിക്കാട്ടി ഫോട്ടോ സഹിതമുള്ള മാസ് പെറ്റീഷൻ (കെ സ്മാർട്ട് ഫയൽ നം. 2743038-2024) നൽകിയതിന്റെ നാളിതുവരെയുള്ള പുരോഗതി അറിയാൻ നൽകിയ മുൻ ഖണ്ഡികയിലെ നിയമസഭാ ചോദ്യത്തിനും വിവരം ശേഖരിച്ചു നൽകുന്നതാണ് എന്ന മറുപടിയാണ് ലഭിച്ചത് എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റോഡ് സഞ്ചാരയോഗ്യമാക്കുന്നത് സംബന്ധിച്ച 2743038-2024 നമ്പർ കെ-സ്മാർട്ട് ഫയലിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(സി) ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>**ആറ്റുകാൽ പൊങ്കാല മഹോത്സവം**</u>

5755 **ശ്രീ വി ജോയി**
**ശ്രീ. കെ. ആൻസലൻ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റുകാൽ പൊങ്കാല മഹോത്സവം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി എന്തെല്ലാം മുന്നൊരുക്കങ്ങളാണ് ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പൊങ്കാലയുടെ സുഗമമായ നടത്തിപ്പിന് സുരക്ഷയും വൈദ്യസഹായവും എമർജൻസി സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടോ;

(സി) ഉത്സവ ദിവസങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനകൾ വ്യാപകമാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നോ;

(ഡി) പൊങ്കാല ഉത്സവം സമാപിച്ചാലുടൻ അടുപ്പുകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് നഗരം വൃത്തിയാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരുന്നത്; ഇതിനായി ഏതെല്ലാം വിഭാഗങ്ങളിലായി എത്ര ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയുമാണ് നിയോഗിച്ചിരുന്നത്; വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
16-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].